**KOTTAYAM PUBLIC LIBRARY**

Call No. 900 VAR-A Acc. No. 2957

Author വറുഗീസ് [illegible] റ്റി. കെ

Title [illegible]

1162

NO: 2957

# ആധുനിക റഷ്യ

THE KOTTAYAM PUBLIC LIBRARY

പ്രസാധകൻ

ററി. കെ. വറുഗീസ് വൈദ്യൻ

പീപ്പിൾസ് ബുക്ക് സ്റ്റാൾ, ആലപ്പുഴ.

ഭാസ്കരരാജൻ പ്രിന്റിംഗ് വർക്ക്സ്,
ആലപ്പുഴ.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

വില രൂപാ 1.

M900

Translater,

J. Chalangady

1946

ഒന്നാം പതിപ്പു കോപ്പി 1000

All rights strictly reserved by the Publisher.

No: 2957

# അവതാരിക

ലോകത്തിലെ എല്ലാ ജനവിഭാഗങ്ങളുടെ ഇടയിലും സോവിയററു റഷ്യയെപ്പററി കൂടുതൽ അറിയുന്നതിനുള്ള ജിജ്ഞാസ വർദ്ധിച്ചിട്ടുള്ള ഒരു കാലഘട്ടമാണിതു്. ഡീൻ ഓഫ് കാൻററർബറി എഴുതിയ "സോഷ്യലിസ്റ്റ് സിക്സ്" എന്ന പുസ്തകം 12 ഭാഷകളിൽ പരിഭാഷപ്പെടുത്തീട്ടുണ്ടെന്നും അതിൻെറ ഇംഗ്ലീഷ് പ്രതികൾ 25 ലക്ഷം ചിലവായിട്ടുണ്ടെന്നും പറയുമ്പോൾ ഈ പരമാർത്ഥം കുറെയൊക്കെ മനസ്സിലാക്കാൻ കഴിയും. ഇങ്ങനെ എത്ര അധികം പുസ്തകങ്ങളാണു് അടുത്ത കാലത്തായി പ്രസിദ്ധം ചെയ്തിട്ടുള്ളതെന്നു് ഏതു ബുക്കുസ്റ്റാളുകൾ സന്ദർശിച്ചാലും മനസ്സിലാക്കാവുന്നതാണു്. ഇതെല്ലാം വ്യക്തമാക്കുന്നതു് ഒരു സംഗതി മാത്രമാണു്. പലവിധമായ അവശതകളും അടിമത്വങ്ങളും അനുഭവിച്ചു കിടന്ന ലോകജനത സ്വാതന്ത്ര്യത്തിലേക്കു് കുതിച്ചുകൊണ്ടു് സ്വാതന്ത്ര്യവും സുഖസമൃദ്ധിയുമായ ഒരു ലോകം സൃഷ്ടിക്കുവാൻ വെമ്പൽ കൊള്ളുകയാണെന്നും അവർ അവരുടെ ആദർശലോകം സോവിയററിൻെറ മാതൃകയിലാണു് കാണുന്നതെന്നുമാണു്.

1917-ൽ നടന്ന ഒക്ടോബർ വിപ്ലവത്തിനുമുമ്പ് സോഷ്യലിസം ഒരു തത്വം മാത്രമായിരുന്നു. അതിന്റെ തത്വങ്ങൾ വളരെ ആദർശപരമായിട്ടുള്ളതാണ്. വളരെ സുന്ദരമായ ഒരു ഭാവിയെയാണ് അതു വിഭാവനം ചെയ്യുന്നതു്. എന്നൊക്കെ എല്ലാവരും സമ്മതിച്ചിരുന്നെങ്കിലും അതു് പ്രായോഗികമാകുന്നതിൽ സംശയം പ്രദർശിപ്പിക്കുകയും അപ്രായോഗികമാണെന്നു ശക്തിയായി വാദിക്കുകയും ചെയ്തിരുന്ന ഒരു വിഭാഗം ഉണ്ടായിരുന്നു. അതു് മനുഷ്യസ്വഭാവത്തിനു തന്നെ യോജിച്ചതല്ല. പ്രകൃതിനിയമങ്ങൾക്ക് വിപരീമാണ്, വ്യക്തിസ്വാതന്ത്ര്യത്തിന് വേലികെട്ടുകയാണ്, പ്രവർത്തനത്തിനുള്ള പ്രചോദനം കുറയ്ക്കുന്നതാണ്, എന്നൊക്കെയുള്ള വാദങ്ങളാണ് ഈ കൂട്ടർ ഉന്നയിച്ചിരുന്നതു്. എന്നാൽ ഈ വാദങ്ങളെല്ലാം തോല്പിച്ചുകൊണ്ടു് സോഷ്യലിസം ഇന്നൊരു യാഥാർത്ഥ്യമായിരിക്കുകയാണ്.

അസന്മാർഗ്ഗികവും അശാസ്ത്രീയവുമായ സാമൂഹ്യഘടനയുടെ ശൃംഖലകളെ പൊട്ടിച്ചെറിഞ്ഞ ഒരു ജനവിഭാഗത്തിനുണ്ടായിട്ടുള്ള നാനാമുഖങ്ങളായ നേട്ടങ്ങളെയാണ് ലോകത്തിന്റെ ആറിലൊരുഭാഗമുള്ള റഷ്യയിൽ നാം ഇന്നു കാണുന്നതു്. സുപ്രസിദ്ധ ഇംഗ്ലീഷ് ഗ്രന്ഥകാരനായ വെബ്ബിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ "150 വിവിധജനവിഭാഗങ്ങളടങ്ങിയ 19 കോടി ജനങ്ങൾ സുവ്യക്തമായി മനസ്സിലാക്കി ഹാർദ്ദവമായി സ്വീകരിച്ചിട്ടുള്ള തത്വങ്ങളുടെ അടിസ്ഥാനത്തിൽ സൃഷ്ടി

ച്ചിട്ടുള്ള ഒരു പുതിയ സാമ്പത്തികജീവിതമാണ് ഈ പുതിയ സംസ്കാരം."

രണ്ടാം ലോകമഹായുദ്ധത്തിനു മുൻപുള്ള കാലഘട്ടം നമ്മെ സംബന്ധിച്ചിടത്തോളം സോവിയററു റഷ്യ കള്ള പ്രചാരവേലയുടെ ഇരുളിൽ മറഞ്ഞിരിക്കുകയായിരുന്നു. വികൃതമായി ചിത്രീകരിച്ചും സത്യത്തിനു വിപരീതമായുമാണ് ആ സംസ്കാരത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചതു്. ഇന്നത്തെ വ്യവസ്ഥിതി നിലനിർത്തിക്കൊണ്ടുപോകുന്നതിൽ താല്പര്യമുള്ള എല്ലാ കക്ഷികളും ഒത്തുചേർന്നുള്ള ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നു അതു്. പക്ഷെ ഈ കൂട്ടർക്കു അവരുടെ സ്വയരക്ഷയ്ക്കുതന്നെ സോവ്യററു റഷ്യയുടെ ശക്തി ആവശ്യമായിത്തീർന്നു. ആ ഇരുൾ അവർ തന്നെ നീക്കുന്നതിനു നിർബന്ധിതരായി. സോവ്യററു റഷ്യയുടെ ശക്തിയുടെ രഹസ്യം ജനങ്ങൾ കാണാൻ തുടങ്ങി. ലോകത്തിലെ എല്ലാ പുരോഗമന വിഭാഗങ്ങളും വിദ്യാഭ്യാസം, കുടുംബജീവിതം, ആരോഗ്യം, ലളിതകല, സ്വാതന്ത്ര്യപ്രശ്നം എന്നുവേണ്ട എല്ലാററിനും സോവ്യററു റഷ്യയെ മാതൃകയായി കാണാൻ തുടങ്ങി.' ഇതു പിന്തിരിപ്പൻ ശക്തികളെ വെറളികൊള്ളിച്ചതിൻെറ ഫലമായി പഴയ കള്ളപ്രചാരവേലകൾ പിന്നെയും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ ഇതുപോലെയുള്ള പുസ്തകങ്ങളുടെ പ്രചാരം വളരെ ഉപയോഗപ്രദമാണ്. സോവ്യററു റഷ്യയെപ്പററി വളരെ അധികം പുസ്തകങ്ങൾ

അടുത്തകാലത്തായി പ്രസിദ്ധം ചെയ്തിട്ടുണ്ടെങ്കിലും മലയാളഭാഷയിൽ വളരെ കുറച്ചുമാത്രമെ ഉണ്ടായിട്ടുള്ളു. മി. സി. അച്ചുതമേനോന്റെ "സോവ്യറ്റു നാട്ട്" എന്ന പുസ്തകം ഈ കുറവ് കുറെയൊക്കെ പരിഹരിച്ചിട്ടുണ്ടെങ്കിലും വളരെ അധികം മലയാളപുസ്തകങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ കുറവിനെ പരിഹരിക്കുന്നതിനുള്ള പരിശ്രമത്തിൽ ഒരടികൂടി മുൻപോട്ടു പോകുന്നതിന് ഈ പുസ്തകം സഹായിക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

തിരുവനന്തപുരം,
25—5—121.

കെ. സി. ജാർജ്ജ്.

# ആധുനിക റഷ്യ

"മനുഷ്യപുരോഗതിയുടെ ചരിത്രം, കാലത്തിന്റെ ഏകനാഡിയടിപ്പുമാത്രമായ കാൽനൂററാണ്ടിന്റെ പരിമിതസമയത്തിനുള്ളിൽ, നിങ്ങളിൽ സംജാതമാക്കിയ മഹനീയനേട്ടങ്ങളുടെ ആശ്ചര്യകരമായ കാഴ്ചയെ, അഭിമാനവും അത്ഭുതവും നിറഞ്ഞ കണ്ണുകളോടുകൂടിയാണ്, ഞങ്ങൾ നോക്കിനിന്നിട്ടുള്ളത്. നിങ്ങളുടെ ഏററവും മഹത്തായ ത്യാഗത്തിന്റെ ചോരയിലും കണ്ണുനീരിലും, നിങ്ങളുടെ അജയ്യമായ ശുഭപ്രതീക്ഷകൊണ്ടും സ്വന്തം ഭാഗധേയത്തിലുള്ള അടക്കാനാവാത്ത വിശ്വാസം കൊണ്ടും, ഒരു പൊളിഞ്ഞ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങളിന്മേൽ, ജനാധിപത്യത്തിന്റെ മനോഹരമായ ഒരു നവലോകം, നിങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നു. നിങ്ങളുടെ കൃഷിക്കാരുടെ തകർന്ന വണ്ടിയെ, നിങ്ങൾ സ്വാതന്ത്ര്യത്തിന്റെ നേർക്ക് തിരിച്ചു; അരച്ചുമത്തപ്പെട്ട മനുഷ്യജാതിയുടെ കളിമണ്ണുകൊണ്ടു, നിങ്ങളിതാ അജയ്യരായി വീരപരാക്രമികളുടെ ഒരു സംഘടന തീർത്തു! ലോകസ്വാതന്ത്ര്യത്തിന്റെയും, ജനാധിപത്യത്തിന്റെയും സംരക്ഷകന്മാരും പാലകന്മാരുമായി അവരിന്നു നിലകൊള്ളുന്നു.

ദേശീയസ്വാതന്ത്ര്യസമരത്തിന്റെ പ്രസവവേദനയിൽപെട്ടു ഞെരുങ്ങുന്ന രാജ്യങ്ങൾക്കെല്ലാമെന്നപോ

ലെ, ഇൻഡ്യയ്ക്കും എതിരററ നിങ്ങളുടെ മാതൃക, ആവേശജനകമായ ഉജ്ജ്വലമാർഗ്ഗദർശിയാണു്. റഷ്യൻ ജനങ്ങളെ! നിങ്ങൾക്കു സലാം; സ്നേഹവും ബഹുമാനവും നിറഞ്ഞ ഞങ്ങളുടെ അഭിവാദ്യങ്ങൾ നിങ്ങൾക്കായി നേരുകയും ചെയ്യുന്നു."

കോൺഗ്രസ്സ് നേതാക്കന്മാരെ തുറുങ്കിലിട്ടടച്ച അവസരത്തിൽ, റഷ്യൻവിപ്ലവത്തിന്റെ ഇരുപത്താറാം വാർഷികം കൊണ്ടാടിയപ്പോൾ, ദേശീയഭാരതത്തിന്റെ പേരിൽ സരോജനിദേവി 1943 നവമ്പറിലെ പീപ്പിൾസ് വാറിന്റെ വിപ്ലവപ്പതിപ്പിനയച്ച സന്ദേശമാണിതു്.

നവമ്പർവിപ്ലവം സമുദായഘടനയുടെ ചരിത്രം തിരുത്തി എഴുതി. 'അടിമകളായ തൊഴിലാളിവർഗ്ഗം ഭരണാധികാരികളായി ഉയന്നു്, വർഗ്ഗരഹിതമായ കമ്മ്യൂണിസ്ററുസമുദായം സൃഷ്ടിക്കേണ്ടതിനുള്ള പ്രാഥമികനടവടിയായി, സോഷ്യലിസ്റ്റ് സർവ്വാധിപത്യം സ്ഥാപിച്ചു. സാമ്രാജ്യശക്തികളുടെ എതിർപ്പിനെ നേരിടുവാൻ ചുകപ്പുപടയെ സൃഷ്ടിച്ചു. ഉല്പാദനോപകരണങ്ങളെ പൊതുടമയിൽ ലയിപ്പിച്ചു. 1918—'21 വരെയുള്ള പതിന്നാലു മുതലാളിത്തരാഷ്ട്രങ്ങളുടെ എതിർപ്പിനെ നേരിട്ടതിനുശേഷം, ജനങ്ങളുടെ ജീവിതത്തോതുയത്തുവാനായി പഞ്ചവത്സരപദ്ധതികളും കൂട്ടകൃഷി സമ്പ്രദായങ്ങളും നടപ്പിൽ വരുത്തി. സ്ത്രീയ്ക്കും പുരുഷനും സമുദായത്തിൽ സമാവകാശം നൽകി. ന്യൂനപക്ഷങ്ങളുടെ സ്വയംനിർണ്ണയാവ

കാശം അംഗീകരിച്ചു. വ്യക്തികൾക്ക് സമുദായത്തിൽ കഴിവനുസരിച്ച് വളരാനുള്ള പശ്ചാത്തലം സൃഷ്ടിച്ചു.

സമുദായത്തിൻെറ ആവശ്യമനുസരിച്ചുള്ള സാധനനിർമ്മാണവും, ജനകീയാവശ്യത്തെ അടിസ്ഥാനമാക്കിയ വിതരണവും സ്റ്റേററുതന്നെ നിയന്ത്രിക്കുന്നതിനാൽ, സാമ്പത്തികകുഴപ്പവും, പട്ടിണിയും, തൊഴിലില്ലായ്മയും സ്റ്റേററിനു ബാധകമായിരുന്നിട്ടില്ല.

പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് വിശ്രമിക്കുവാനുള്ള അവകാശമുണ്ട്. ശരാശരി വേലസമയം കുറഞ്ഞതു 6-ം, 7-ം; അധികരിച്ചതു് 8-ം മണിക്കൂറുകളാണ്. റഷ്യൻ—ജർമ്മൻ യുദ്ധാവസരത്തിലാണ്, ജനകീയയുദ്ധത്തെ വിജയിപ്പിക്കുന്നതിനുവേണ്ടി, വേലസമയം 8 മണിക്കൂറാക്കി വർദ്ധിപ്പിച്ചതു്.

യു. എസ്. എസ്. ആർ. (**Uuion of Soviet Socialist Republic**) ജനങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിച്ചിരിക്കുന്നു. ഒന്നിച്ചുനിന്നു ജോലിചെയ്യുന്നവരെയും, ഉപരിസ്ഥിതരായ ഭരണാധികാരികളെയും ഒരു സോവ്യററു പൗരനു വിമർശിക്കുവാൻ അധികാരമുണ്ട്. സോവ്യററുജീവിതസ്വാതന്ത്ര്യത്തിൻെറ പ്രധാനഗുണവും അതുതന്നെ. പ്രാഥമികവിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും ഫാക്ടറികളിലും ഈ പൗരന്മാർക്ക് വിമർശനസ്വഭാവത്തിനുള്ള സുരക്ഷിതമായ ശിക്ഷണം നല്കപ്പെടുന്നു. ഈ പരിശീലനസമ്പ്രദായം ഓരോ പൗരനിലും ഉത്തരവാദിത്വമേറെറടുത്ത് പ്രവർത്തിക്കുവാനുള്ള കഴിവു

സൃഷ്ടിക്കുകയും, പരിപൂർണ്ണവളർച്ചയിൽ എത്തുവാൻ ഓരോരുത്തരെ സഹായിക്കുകയും ചെയ്യുന്നു.

ചൂഷണസമ്പ്രദായങ്ങളെ പാടെ നശിപ്പിക്കുവാൻ നിലകൊള്ളുന്ന ഒരു തൊഴിലാളിസ്റ്റേററിനു മററു രാഷ്ട്രങ്ങളെ ആക്രമിച്ചു കീഴടക്കി കൊള്ളയടിക്കേണ്ടതായ ആവശ്യം നേരിടുന്നില്ല. ആത്മരക്ഷയ്ക്കായി മാത്രമെ ആയുധം നിർമ്മിക്കേണ്ടതുള്ളൂ. സ്റ്റാലിൻ പറയുന്നു:— "ഞങ്ങൾക്കു ഒരു കാലടിവെയ്ക്കുവാൻ വിദേശാതൃത്തികൾ ആവശ്യമില്ല. എന്നാൽ ഞങ്ങൾ ഞങ്ങളുടെ സ്വന്തം രാഷ്ട്രത്തിൽ ഒരിഞ്ചുസ്ഥലം ഏതൊരാൾക്കും അടിയറ വെക്കുകയുമില്ല" ഇതാണ് സോവ്യയററിൻെറ യുദ്ധനയം.

ഇരുപത്തേഴുവർഷക്കാലത്തെ സോഷ്യലിസ്റ്റ് റിപ്പബ്ളിക്കിൻെറ സാംസ്കാരികവും, സാമ്പത്തികവും, ശാസ്ത്രീയവും, സൈനികപരവുമായ നേട്ടങ്ങൾ ശത്രുക്കളുടെ കണ്ണു തുറപ്പിച്ചിരിക്കുന്നു. സോവിയററിൻെറ ബദ്ധവൈരികൾപോലും ചുകപ്പുസേനയുടെ കഴിവിനെ ഇന്നു നിസ്തക്കം വാഴ്ത്തുന്നുണ്ട്. ജനങ്ങളും ഗവർമ്മെന്റും തമ്മിലുള്ള അഭേദ്യബന്ധമാണ് ചുകപ്പു പടയുടെ അജയ്യശക്തിക്കു നിദാനമായിരിക്കുന്നതെന്നു പ്രസ്താവിക്കുവാൻ കഴിയും. ഈ കാര്യം ഇന്ന് ഒരു വാദരഹിതമായ പരമാത്ഥമായി പരിണമിച്ചിരിക്കുന്നു.

സോഷ്യലിസം നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ലെന്നും അത് വെറും ആകാശക്കോട്ടയാണെന്നും അര

ന്തുററാണ്ടുകാലത്തിലധികമായി പ്രചാരവേലചെയ്ത മുതലാളിത്വചിന്തകരുടെ വാദം, ചുററും മുതലാളിത്വരാഷ്ട്രങ്ങൾ അണിനിരക്കുമ്പോൾ ഒരു രാജ്യത്തുമാത്രം സോഷ്യലിസം സ്ഥാപിക്കുവാനസാദ്ധ്യമാണെന്നുള്ള ട്രാടസ്കി വാദവും ഇന്നു ചാമ്പലായിത്തീന്നിരിക്കുന്നു. സോഷ്യലിസ്ററുസിദ്ധാന്തവും പ്രായോഗികപ്രവത്തനവും തമ്മിലുള്ള ഐക്യതയാണ് ലോകഫാസിസത്തിൻെറ നെടുംകോട്ടയായ ഹിററ്ലർകേന്ദ്രത്തെ ഇടിച്ചുതകൎക്കുവാനുള്ള കരുത്തു സോവിയററിനു നൽകിയതു്.

ഇടംകോലിടൽ യുദ്ധത്തിനുശേഷം സോഷ്യലിസ്ററു സ്റ്റേററു കുഴപ്പത്തിൻെറ അഗാധമായ വക്കിലെത്തിയിരുന്നു. സാമ്പത്തികസ്ഥിതി താറുമാറായിരുന്നു. സമാധാനം സ്ഥാപിക്കുവാനുള്ള ജനങ്ങളുടെ ആഗ്രഹത്തിനു അതിരുണ്ടായിരുന്നില്ല. ഈ പരിത:സ്ഥിതിയിലാണ് തൊഴിലാളിവൎഗ്ഗം അധികാരം പിടിച്ചെടുത്തതു്. സോവ്യററു് ഗവമ്മെൻറ് ഭൂമികൾ ദേശീയസ്വത്തായി പ്രഖ്യാപിച്ചു. പ്രാദേശികമായി സ്ഥിതിഗതികൾ നോക്കി എസ്റ്റേററുകളെ വിഭജിക്കുവാൻ കൎഷകസോവ്യയററുകൾക്കു അധികാരം നൽകി. യുദ്ധം അവസാനിപ്പിച്ചു സമാധാനം സ്ഥാപിക്കുവാൻ ലോകത്തിലെ മററു രാഷ്ട്രങ്ങളോടു് 1918-ൽ സോവ്യററു് അഭ്യത്ഥിച്ചു. ഈ അഭ്യത്ഥനയെ മുതലാളിത്വരാഷ്ട്രങ്ങൾ ചെവിക്കൊണ്ടില്ല. അതിനു പകരം സോവ്യയററിനെ നശിപ്പിക്കുവാനുന്നം വെച്ചുകൊണ്ടു ഇടംകോലിടൽ യുദ്ധം നടത്തുകയാണവർ ചെയ്തതു്. ലോകതൊഴിലാളിവൎഗ്ഗത്തിൻെറ സഹായ

ത്തോടുകൂടി മുതലാളിത്വത്തിനെതിരായ യുദ്ധത്തിൽ സോവിയററു ജയിച്ചു.

1921-ൽ ലെനിൻ പുതിയ സാമ്പത്തികനയം (New Economic Policy) നടപ്പിൽവരുത്തി. 1924-ൽ ലെനിൻ മരിച്ചു. 1927-ൽ സോവിയററിൻെറ സാമ്പത്തികനില വ്യാവസായികരംഗത്തിലും കാർഷികരംഗത്തിലും യുദ്ധത്തിനുമുമ്പുള്ള സ്ഥിതിയിലെത്തിച്ചേൎന്നു. ഇതിൻെറ അൎത്ഥം 1913-നെക്കാളും നല്ല നിലയിൽ ജീവിക്കുവാൻ ജനങ്ങൾക്കു സാധിച്ചു എന്നതാണ്. യു. എസ്. എസ്. ആറിലെ പുരോഗമനപരമായ തൊഴിലാളിനിയമം ലോകത്തിലെ മററു രാഷ്ട്രങ്ങൾക്കു മാതൃകയായിത്തീൎന്നു. ഉല്പാദനം വൎദ്ധിപ്പിച്ചു രാഷ്ട്രത്തെ സുശക്തമാക്കിത്തീൎക്കേണ്ടതിനു 1928 മുതൽ പഞ്ചവത്സരപദ്ധതികൾ സഖാവ് സ്റ്റാലിൻെറ നേതൃത്വത്തിൽ നടപ്പിൽ വരുത്തി. സ്റ്റേററിൻെറ ഓരോ പരിപാടിയിലും ജനകീയസഹകരണം പൂൎണ്ണത പ്രാപിച്ചതിനാൽ പഞ്ചവത്സരപദ്ധതികൾ നാലുവൎഷംകൊണ്ടു വിജയിച്ചു.

ഉല്പാദനോപകരണങ്ങൾ പൊതുവുടമയിൽ വരികയും ജനകീയതാല്പൎയ്യത്തെ അടിസ്ഥാനമാക്കി വ്യാവസായികോല്പാദനം സംഘടിപ്പിക്കുകയും ചെയ്താൽ ജീവിതനിലവാരം നന്നാക്കിത്തീൎക്കുവാൻ പിന്നീടുള്ള ഏകമാൎഗ്ഗം ഉല്പാദനം വൎദ്ധിപ്പിക്കലാണു്. ജനങ്ങൾ ഉപയോഗിക്കാതെ വാടക ലഭിക്കുന്നതിനുവേണ്ടി സൂക്ഷിക്കപ്പെടുന്ന കെട്ടിടങ്ങൾ സോവിയററിലില്ല. മുതലാളിത്വരാഷ്ട്ര

ങ്ങളിൽ കിടക്കുവാനിടമില്ലാതെ ജനങ്ങൾ അലഞ്ഞുതിരിയുമ്പോൾ, മറുഭാഗത്ത് ആകാശചുംബികളായ മണിമാളികകൾ വാടകയ്ക്കു കൊടുക്കുവാൻ തയാറായി നിലകൊള്ളുന്നു. സോവിയററിലാകട്ടെ, ജനങ്ങളുടെ ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ പോരാതിരിക്കുകയാണ്. ഉരുക്കും കോൺഗ്രീററും ഇല്ലാതെ കെട്ടിടനിമ്മാണം സാദ്ധ്യമല്ല. തുകലില്ലാതെ ബൂട്ട്സും ഷൂസും ലഭിക്കുകയില്ല. ഒന്നാം പഞ്ചവത്സര പദ്ധതിയാണ് ഇതിനുള്ള പരിപാടികളെ മുന്നോട്ടു കൊണ്ടുവന്നതു്. സ്റ്റേററിന്റെ നിയന്ത്രണത്തിലും സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലും ഈ പരിപാടികൾ നടപ്പിലാക്കി.

നവമ്പർവിപ്ലവം കൃഷിക്കാക്ക് ഭൂമി നൽകി. ഭക്ഷണക്കുഴപ്പത്തെ തരണംചെയ്യാൻ കൂട്ടുകൃഷിസമ്പ്രദായം നടപ്പിൽ വരുത്തി. സാറിസ്റ്റ് റഷ്യയിലുണ്ടായിരുന്ന പഴകി ജീണ്ണിച്ച കൃഷിസമ്പ്രദായം പരിഷ്കരിക്കപ്പെട്ടു. ഗവമ്മെൻറ് നേരിട്ടു നടത്തുന്ന കൂട്ടുകൃഷിസമ്പ്രദായം നടപ്പിലാക്കി. കൂടാതെ പണക്കാരായ കഷ്കർ സ്വന്തമായി കൃഷി ചെയ്യാൻ അനുവദിക്കപ്പെട്ടു. സോഷ്യലിസ്റ്റ് ഗവമ്മെൻറ് അവരുടെ ശത്രുവാണെന്നായിരുന്നു, വലിയ കൃഷിക്കാരുടെ ധാരണ. അതുകൊണ്ടു ആദ്യവഷ്ങ്ങളിൽ കൂട്ടുകൃഷിയിൽ പങ്കുചേരുവാൻ അവർ സന്നദ്ധരായില്ല. ഗവമ്മെന്റ് അവരെ നിബ്ബന്ധിച്ചതുമില്ല. അനുഭവം കൊണ്ടു പഠിച്ചതിനുശേഷം അവർ കൂട്ടുകൃഷിയിൽ പങ്കെടുത്താൽ മതിയെന്നായിരുന്നു സോവിയററ് ഗവ

മ്മെന്റിന്റെ മതം. മൂന്നുതരത്തിലാണ് കൃഷി വദ്ധിപ്പിക്കാൻ പരിപാടികൾ രൂപീകരിച്ചതു്.

1. സ്റ്റേററുകൃഷി.

2. പരസ്പരസഹായസംഘങ്ങളുടെ നേതൃത്വത്തിലുള്ള കൂട്ടുകൃഷി സമ്പ്രദായം.

3. പണക്കാരായ കൃഷിക്കാർ നേരിട്ടു നടത്തുന്ന കൃഷി.

ഗ്രാമങ്ങളിൽ സ്വകാര്യസ്വത്തുടമസമ്പ്രദായം ഇല്ലാതാക്കേണ്ടതു സോഷ്യലിസ്റ്റ്സ്റ്റേററിൻെറ ആവശ്യമാണ്. കുലാക്കുകൾ (പണക്കാരായ കൃഷിക്കാർ) ഗ്രാമങ്ങളിൽ സ്റ്റേററിനെ എതൃക്കുന്നു. കൂട്ടുകൃഷിസമ്പ്രദായത്തിനെതിരായി കന്നുകാലികളെ നശിപ്പിച്ചുകൊണ്ടു് നശീകരണം നടത്തി. ഈ എതൃപ്പിനെ ഒരടിക്കു തകൎക്കുവാനല്ല സോവിയററു് സന്നദ്ധമായതു്. പ്രചാരവേല വഴിയായും സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കിയും. കൃഷിക്കാരിൽനിന്നു് ഒറെറപ്പെടുത്തി കുലാക്കുകളുടെ എതൃപ്പിനെ നശിപ്പിച്ചു. ഭക്ഷണക്ഷാമം അവസാനിപ്പിച്ചു്, ഉല്പാദനം വദ്ധിപ്പിച്ചു. 1937 ലെ കണക്കനുസരിച്ചു് യു. എസ്. എസ്. ആറിലെ ചെമ്മരിയാടുകളുടെയും കോലാടുകളുടെയും എണ്ണം (ആകത്തുക) ജമ്മൻ റീഷിൻെറ രണ്ടിരട്ടിയായി വദ്ധിച്ചു.

മാർക്സിനും, എംഗൽസിനും അര നൂററാണ്ടിനുമുമ്പു് മുൻകൂട്ടി കാണുവാൻ സാധിച്ചതാണു് സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയററിൽ ഇന്നു നടപ്പിൽവരുന്നതു്.

# സ്വാതന്ത്ര്യത്തിന്റെ പ്രശ്നം

"റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യമില്ല, ഇക്കാര്യത്തിലാണു ഞങ്ങൾക്കു് അഭിപ്രായവ്യത്യാസം" എന്ന അഭിപ്രായഗതി ഈ ലേഖകനുമായി പരിചയിച്ച ചില ഇടത്തരക്കാരിലുള്ളതായി അനുഭവപ്പെട്ടു. സോവ്യററിന്റെ മററു തരത്തിലുള്ള എല്ലാ പുരോഗതിയേയും അവർ വാഴ്ത്തുന്നു. ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകാതെ സ്റ്റേററു എങ്ങനെ പുരോഗമിക്കുമെന്നു അവർ ചിന്തിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, സോവിയററുഭരണത്തെ വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചിരുന്നെങ്കിൽ, കമ്യൂണിസ്ററുപാർട്ടി മാത്രമല്ല, നിശ്ചയമായും മററു പല പാർട്ടികളും അവിടെ തഴച്ചു വളരാതിരിക്കയില്ല. ഇതാണു് മറെറാരു വിഭാഗക്കാരുടെ സംശയം. "ഹിംസയാൽ ഭരണക്രമം കെട്ടിപ്പടുത്ത സ്റ്റാലിൻഭരണം ഹിംസകൊണ്ടുതന്നെ തകരും." മൂന്നാമത്തൊരു വിഭാഗത്തിന്റെ പ്രചാരവേലയാണിതു്. റഷ്യയേക്കാൾ സ്വാതന്ത്ര്യം വെല്ലൂർ ജയിലിലാണെന്നു കേരളകോൺഗ്രസ്സ് നേതാക്കന്മാർ അഭിപ്രായപ്പെടുന്നു. യാഥാർത്ഥ്യത്തിന്നു എത്ര വിദൂരമായ നിലയാണിവർ സ്വീകരിച്ചിരിക്കുന്നതെന്നു പരിശോധിക്കാം.

അരനൂററാണ്ടു കാലത്തിലധികമായി സോഷ്യലിസത്തിനെതിരായി പ്രചാരവേല നടത്തുകയും, സോവിയററു് ജനനംമുതൽ അതിനെതിരായി പടവെട്ടുകയും

ചെയ്ത മുതലാളിവർഗ്ഗത്തിൻെറ അടവുകൾ പരാജയപ്പെട്ടപ്പോൾ കുറച്ചുവർഷം കഴിഞ്ഞാലെങ്കിലും സോവിയററ് റഷ്യ തകരാതിരിക്കയില്ലെന്നുള്ള ഒരു നേരിയ ആശ മാത്രമേ അവരുടെ ആത്മാവിനു ശാന്തി ലഭിക്കുവാനുള്ള ഒരുപാധിയായി മേലിൽ അവശേഷിക്കുന്നുള്ളൂ.

സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൽ ലോകത്തിലെ മററു മുതലാളിത്വരാഷ്ട്രങ്ങളിലെപ്പോലെ നിലവിലുള്ള ഗവമ്മെൻറിനെതിരായി സംഘടനകൾ ഉണ്ടായിരുന്നെങ്കിൽ 1941 ജൂണിൽ ആരംഭിച്ച ഹിററ്ലരാക്രമണഘട്ടത്തിൽ അതു ലോകത്തിന് അനുഭവപ്പെട്ടുമായിരുന്നു. റഷ്യയിൽ അഞ്ചാംകോളത്തെയും ആറാംകോളത്തെയും സൃഷ്ടിച്ചു തകരാറുണ്ടാക്കാൻ ഹിററ്ലർ കിണഞ്ഞു ശ്രമിച്ചുവെങ്കിലും സോവിയററ്ജനത രാഷ്ട്രത്തെ വഞ്ചിക്കുവാൻ സന്നദ്ധരാകാതെ ചുകപ്പുസേനയുടെ പിന്നണിയിൽ അണിനിരന്നു ഒരു പട്ടാളക്യാമ്പായി മാറുകയാണ് ചെയ്തതു്. ഫാഷിസ്റ്റ് സ്വേച്ഛാധിപതികൾക്കു ലോകത്തിലെ മററെല്ലാ രാഷ്ട്രങ്ങളിലും അഞ്ചാംപത്തിക്കാരെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സോവിയററിൽ അവർ പരാജയമടയുകതന്നെ ചെയ്തു. 1937-'38 ട്രോട്സ്കി അനുയായികളുടെ സഹായത്തോടുകൂടി ഹിററ്ലർ മേധാവികൾ സംഘടന ശക്തിപ്പെടുത്തുവാൻ ശ്രമിച്ചുവെങ്കിലും സോവിയററ് രഹസ്യപോലീസിന്റെ സാമത്ഥ്യത്താൽ അവയെ കണ്ടുപിടിക്കുവാനും നശിപ്പിക്കുവാനും സാധിച്ചു.

ലണ്ടനിലെ ഒരു മിതവാദിപത്രമായ ഡെയിലി ടെലഗ്രാഫ് 1941 ജൂൺ 26-നു ഇപ്രകാരമെഴുതിയിരുന്നു. 1937-ൽ ട്രോട്സ്കിയുടെ അനുയായികളെ പാർട്ടിയിൽനിന്നും പുറത്താക്കിയതിനുശേഷവും, 1937-ലെ വധത്തിനുശേഷവും ഒരു പുതിയ പരിത:സ്ഥിതി ഉളവാകുമെന്നു് റഷ്യയിലുള്ള ഓരോരുത്തരും നിശ്ചയിച്ചിരുന്നു. എന്നാൽ റഷ്യൻ രഹസ്യപോലീസിൻെറ കഴിവിനെ ഇന്നാരും തലകുലുക്കി സമ്മതിക്കും. റഷ്യൻ രഹസ്യപ്പോലീസ്സാണു് ആദ്യമായി അഞ്ചാംകോളത്തിൻെറയും കിസ്ലിങ്ങ്പാർട്ടിയുടേയും വിപത്തിനെ കണ്ടുപിടിച്ചതു്.

യു. എസ്. എസ്. ആറിലെ അമേരിക്കൻ അമ്പാസിഡരായിരുന്ന ജോസഫ്ഡേവിസും ഇതുപോലെ എഴുതിയിരുന്നു. ഹിററ്ലർ റഷ്യയെ ആക്രമിച്ചു മൂന്നു ദിവസം കഴിഞ്ഞതിനുശേഷമായിരുന്നു ജനങ്ങളിൽനിന്നു ഒരാൾ ഇറങ്ങി ചോദിച്ചു:—"റഷയിലെ അഞ്ചാംകോളത്തിൻെറ നില എങ്ങിനെയാണു്." ഞാൻ പറഞ്ഞു "അവിടെ അഞ്ചാംകോളമില്ല. അവർ അവരെ വെടിവെച്ചുകൊന്നിരിക്കുന്നു" എന്നു്. 1927-ലും, '38-ലും നമ്മളിൽ ആരുംതന്നെ അഞ്ചാംകോളപ്രവത്തനത്തെപ്പററി ചിന്തിച്ചിരുന്നില്ല."

സോവ്യയററു് രഹസ്യപ്പോലീസിനു അഞ്ചാംകോളപ്രവത്തനത്തെ മുൻകൂട്ടി കണ്ടറിയുവാനും നശിപ്പിക്കുവാനും സാധിച്ചതു ജനകീയസഹകരണംകൊണ്ടുമാത്രമാണു്. മുതലാളിത്വരാഷ്ട്രങ്ങളിലെപ്പോലെ, പോലീസ്സും

ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം സോവിയററിൽ കാണുന്നില്ല. അവിടെ സ്റ്റേററ് അധികാരികളും ജനങ്ങളും തമ്മിലുള്ള പെരുമാററം സാഹോദര്യാടിസ്ഥാനത്തിലാണ്. ജനകീയതാല്പര്യത്തിനെതിരായി മുതലാളിത്വത്തിൻെറ സ്വേഛാധിപത്യം സ്ഥാപിക്കുവാനാണ്, അഞ്ചാംകോളപ്രവൎത്തനമെന്നു റഷ്യൻജനത മുൻകൂട്ടിത്തന്നെ മനസ്സിലാക്കിയിരുന്നു.

സ്വാതന്ത്ര്യത്തിൻെറപേരിൽ അഞ്ചാംകോളപ്രവൎത്തനം സോവിയററിൽ അനുവദിക്കുകയില്ല. സ്വാതന്ത്ര്യമെന്നാലെന്താണെന്നു 1935-ൽ സ്റ്റാലിൻ വ്യക്തമാക്കി:—"തൊഴിലിനു മാൎഗ്ഗം കാണാതെ പട്ടിണികിടക്കുന്ന ഒരാൾ, തൊഴിൽരഹിതനായിത്തീൎന്ന വ്യക്തി, ഏതുരീതിയിലുള്ള വ്യക്തിസ്വാതന്ത്ര്യമാണനുഭവിക്കുന്നതെന്നു ചിന്തിക്കുവാൻ എനിക്കു വിഷമമാണ്. എവിടെയാണോ ചൂഷണം അവസാനിച്ചതു, ഒരു വിഭാഗം മറെറാരു വിഭാഗത്തെ എവിടെയാണോ മൎദ്ദിക്കാതിരിക്കുന്നതു, എവിടെയാണോ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും അറുതിവന്നതു്, നാളെ ജോലിയില്ലാതെയും വീടില്ലാതെയും ഭക്ഷണമില്ലാതെയും വിഷമിക്കേണ്ടിവരുമെന്ന ഭയം അലട്ടാത്തതെവിടയാണോ, അവിടെയാണ് യഥാൎത്ഥസ്വാതന്ത്ര്യം പുലരുന്നതു്."

ഈ പ്രസ്താവനയിലാണ് സോവിയററ് സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം. സാധാരണക്കാരായ സ്ത്രീപുരുഷന്മാരുടെ ദൃഷ്ടിയിൽ സ്വാതന്ത്ര്യപ്രശ്നത്തെ വീ

ക്ഷീക്കപ്പെട്ടുന്നതു അവരുടെ ജീവിതമാഗ്ഗത്തിനുള്ള സുരക്ഷിതത്വത്തെ ആധാരമാക്കിയാണു്. ജീവിതമാഗ്ഗം കാണാത്ത ഒരാറം ചിന്താസരിണിയിൽക്കൂടി ചരിക്കുകയില്ല. .വ്യക്തികാംക്കു ജീവിതമാർഗ്ഗം ലഭിക്കുകയും, ചിന്താശക്തി വളൻവരികയും ചെയ്യണമെങ്കിൽ, സ്റ്റേററിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ ചട്ടക്കൂട്ടു തന്നെ മാറേണ്ടിയിരിക്കുന്നുവെന്നു സോവിയററനുഭവം ദൃഷ്ടാന്തമാക്കുന്നു. ഫാക്ടറിയുടെ ഉടമാവകാശം തൊഴിലാളികാംക്കും ഭൂമിയിൽ വേലചെയ്യുവാനുള്ള അവകാശം കൃഷിക്കാക്കും ലഭിക്കണം. ഇതിനു പൂണ്ണസ്വാതന്ത്ര്യം നൽകുന്ന സമുദായമാണു് സോവിയററിലുള്ളതു്.

ഈ സമ്പ്രദായത്തെ സാർ ഭരണാധികാരികാം സ്വീകരിച്ചിരുന്നില്ല. കൃഷിക്കാക്കു ഭൂമി വാങ്ങുവാനുള്ള അവകാശം അന്നു നിഷേധിച്ചിരുന്നു. തൊഴിലാളികളുടെ അവകാശവും ഫാക്ടറി നടത്തിപ്പിലുള്ള അധികാരവും അന്നു മുതലാളിമാർ വകവെച്ചുകൊടുത്തിരുന്നില്ല.

റഷ്യൻവിപ്ലവത്തിൻെറ വിജയത്തോടുകൂടി ജന്മിമാരും മുതലാളിമാരും അനുഭവിച്ച സ്വാതന്ത്ര്യം കൃഷിക്കാരും തൊഴിലാളികളും അനുഭവിക്കുവാൻ തുടങ്ങി. ഫാക്ടറികളും ഭൂമികളും പുതിയ ഗവമ്മെൻറിനു് അധീനമായിത്തീൻു. വിദ്യാലയസ്ഥാപനങ്ങാം തൊഴിലാളികാംക്കായി തുറന്നുവെച്ചു. സോവിയററു് ഭരണത്തിന്റെ പ്രാരംഭദശയിൽ മുതലാളിത്വത്തിൻെറ ഇത്തിക്കണ്ണികളായ ചില 'പ്രഫസർമാർ' സാധാരണക്കാരായ വിദ്യാ

ത്ഥികളെ പഠിപ്പിക്കുവാൻ സന്നദ്ധരായില്ല. മററു ചിലർ ശത്രുക്കളുമായി ബന്ധം പുലത്തി പുതിയ ഭരണയന്ത്രത്തെ തകിടം മറിക്കുവാൻ തങ്ങളുടെ ബുദ്ധിശക്തിയെ അങ്ങിനെ നിരുപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. ഈ പരിതഃസ്ഥിതിയുടെ വെളിച്ചത്തിൽ വിദ്യാത്ഥികളിൽനിന്നു അദ്ധ്യാപകന്മാരെക്കുറിച്ചുള്ള അധിക്ഷേപങ്ങൾ പൊന്തിച്ചുവന്നു. 'ആ അദ്ധ്യാപകൻ നമ്മളിൽ ഒരാളല്ല' എന്ന രീതിയിലാണു് ആക്ഷേപത്തിന്റെ സ്വഭാവം. അദ്ധ്യാപകനേയോ പ്രഫസറേയോ മാററുന്നതിനായി ഗവമ്മെൻറിലേക്കു് വിദ്യാത്ഥികൾ റിപ്പോട്ടുചെയ്യും. ഇതാണു് ഡമോക്രസി.

പുതിയ സോഷ്യലിസ്റ്റ് ഗവമ്മെൻറു് സാമ്രാജ്യത്തിന്നെതിരായ സമരത്തിൽ നിന്നാണു് ജന്മമെടുത്തതു്. വിദ്യാലയത്തിലേക്കാവശ്യമായ പുതിയ പാഠപുസ്തകങ്ങൾ നൂതനാടിസ്ഥാനത്തിന്മേൽ പുറത്തിറങ്ങേണ്ടതുണ്ടു്. അദ്ധ്യാപകന്മാരിൽ ഒരു വിഭാഗം സാർഭരണകാലത്തുള്ള പാഠപുസ്തകങ്ങൾ ഉപേക്ഷിച്ചു് പുതിയവ സ്വീകരിക്കുവാൻ സന്നദ്ധരായില്ല അവരെ എല്ലാം വിദ്യാലയത്തിൽ നിന്നു് പുറംതള്ളി, പുതിയ അദ്ധ്യാപകരെ നിയമിച്ചു. (ബ്രിട്ടനിൽ മതഗ്രന്ഥം പഠിപ്പിക്കുവാൻ സന്നദ്ധരല്ലാത്ത അദ്ധ്യാപകരെ ദേവാലയവിദ്യാലയങ്ങളിൽനിന്നു് ബഹിഷ്കരിക്കുന്നുണ്ടെന്നുള്ളതു ഇവിടെ സ്മരണീയമാണു്.)

ഇത്തരത്തിലുള്ള അദ്ധ്യാപകക്കു് വിദ്യാലയങ്ങളിൽ

പ്രവേശനം നിഷേധിക്കുമ്പോഴാണ് സോവിയററിൽ ചിന്താസ്വാതന്ത്ര്യം ഇല്ലെന്ന ആക്ഷേപം ശത്രുക്കൾ പ്രചരിപ്പിച്ചുകാണുന്നത്. സോവിയററിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശമുണ്ട്. ഇതു് സ്വാതന്ത്ര്യം അനുവദിക്കലല്ലാതെ മറെറന്താണ്?

1931-മുതൽ 1936-വരെ പഠനം നടത്തുകയും മോസ്കോയിൽ അദ്ധ്യാപകജോലി നിർവ്വഹിക്കുകയും ചെയ്ത ബ്രിട്ടീഷുകാരനായ പാററ്സ്റ്റോൻ പറയുന്നു:—"സോവിയററു വിദ്യാർത്ഥികളുമായുള്ള എൻെറ ആദ്യത്തെ അനുഭവംകൊണ്ടുതന്നെ, സാധാരണമായി ബ്രിട്ടനിലെ വിദ്യാർത്ഥികളുടെ ഇടയിൽ നടക്കുന്നതുപോലെ, വൈരുദ്ധ്യമായ വാദപ്രതിവാദങ്ങൾ അവരുടെ ഇടയിൽ സംഘടിപ്പിക്കുക അസാദ്ധ്യമാണെന്നുള്ളതു ബോദ്ധ്യമായി." ഇതെന്തുകൊണ്ടാണെന്നുള്ളതിനാൽ ആദ്യം അദ്ദേഹം അത്ഭുതപ്പെട്ടിരുന്നു. യു. എസ്. എസ്. ആറിലെ ജനങ്ങൾ പട്ടിണിയിൽനിന്നും അജ്ഞതയിൽ നിന്നും അരക്ഷിതാവസ്ഥയിൽനിന്നും മോചനം ലഭിക്കുവാൻവേണ്ടി സമരം നടത്തി മാനസികമായ പ്രാപ്തിയും, ഐക്യവും ആർജ്ജിച്ചിട്ടുള്ളവരാണ്. 'എന്താണ് പുരോഗതി' എന്നതുപോലുള്ള വിഷയങ്ങളെപ്പററി നിഷ്ഫലമായ വാദപ്രതിവാദങ്ങൾ നടത്തുന്നതിനല്ല, അതിനുവേണ്ടി പ്രവർത്തിക്കുന്നതിനാണ് സോവിയററു വിദ്യാർത്ഥികൾ മുതിരുന്നത്..

സമുദായശാസ്ത്രം വ്യക്തമായി പഠിപ്പിക്കുവാനുപകരിക്കുന്നതാണ് സോവിയററുവിദ്യാലയങ്ങൾ. തന്ത്രപരമായ സ്വാതന്ത്ര്യമല്ല, സ്വാതന്ത്ര്യത്തിന്റെപേരിൽ അടിമത്വമല്ല അവിടെയുള്ളത്. നാസിജമ്മനിയിലെ പ്രഫസ്സർമാരെപ്പോലെ ഹിററ്ലർ സ്തുതിയും അശാസ്ത്രീയങ്ങളായ ഗ്രന്ഥങ്ങളുമല്ല അവിടെ പഠിപ്പിക്കുന്നത്. സോവിയററു പ്രഫസ്സർന്മാർ ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ചരിത്രവും സാമ്പത്തികസിദ്ധാന്തങ്ങളും തത്വശാസ്ത്രവുംപഠിപ്പിക്കുന്നു. കെയിംബ്രിഡ്ജു സർവ്വകലാശാലയിൽ നിന്നു സാമ്പത്തികവിഷയത്തിൽ പരിജ്ഞാനം നേടിയ പാററ്സ്സ്ലോൻ, നോത്ത് വെയിൽസിലെ പ്രഫസ്സറായിരുന്ന അദ്ദേഹം, മോസ്കോയിൽ ഒരു സാമ്പത്തികവിദ്യാത്ഥിയായി പഠിക്കേണ്ടതായിവന്നു. ആൽഫ്രഡ് മാഷലിന്റെ മുതലാളിത്വധനതത്വശാസ്ത്രമാണ് കെയിംബ്രിഡ്ജിൽ പഠിപ്പിച്ചതെങ്കിൽ മാർക്സിന്റെ ക്യാപ്പിററലാണ് മോസ്കോയിൽ പഠിപ്പിച്ചിരുന്നത്. സമുദായത്തിന്റെ വളച്ച്യുടെ ഒരു പ്രത്യേകഘട്ടത്തെയാണ് മുതലാളിത്വം പ്രതിനിധീകരിക്കുന്നതെന്നു സോവിയററിൽ പഠിപ്പിക്കുന്നു. അതിന്നു വിപരീതമായ അടിസ്ഥാനത്തിലാണ് മുതലാളിത്വരാജ്യങ്ങളിൽ മുതലാളിത്വത്തിന്ന് വിശദീകരണം നൽകിവരുന്നത്. ഇന്ത്യയിലും ബ്രിട്ടനിലും ചില ഗ്രന്ഥങ്ങൾ അപകടചിന്തയുടെ പേരിൽ നിരോധിക്കുന്നതായി കാണപ്പെടുന്നു. സോവിയററിലെ വിദ്യാത്ഥികൾക്ക് എല്ലാ ഗ്രന്ഥങ്ങളും വായി

കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരിക്കുന്നു. മുതലാളിരാജ്യങ്ങളിലൊ സോവിയററിലൊ എവിടെയാണു് ചിന്താസ്വാതന്ത്ര്യമെന്നു ഇതു് സ്പഷ്ടമാക്കുന്നു.

മുതലാളിത്വരാഷ്ട്രങ്ങളിലെപ്പോലെ ഏവനും എന്തും പ്രസിദ്ധീകരിക്കുവാനുള്ള സ്വാതന്ത്ര്യം സോവിയററിൽ അനുവദിക്കുകയില്ല. മുതലാളിത്വരാഷ്ട്രങ്ങളിൽ നാലുവരി എഴുതാൻ പഠിച്ചാൽ കവിത എഴുതി പ്രസിദ്ധീകരിക്കാം. പത്തുവരി എഴുതാൻ കഴിയുമെങ്കിൽ, ലേഖനങ്ങളും ചെറുകഥകളും തുരുതുരെ പ്രസിദ്ധപ്പെടുത്തുകയായി. ഒരുദിവസംകൊണ്ടുതന്നെ ഉൽഘാടനവും, കാണികളുടെ പ്രതിഷേധപ്രകടനത്തിൻെറ ഫലമായി അന്നുതന്നെ പിരിച്ചുവിടാനുമിടയാകുന്ന നിരവധി നാടകങ്ങളും, നാടകക്കമ്പനികളും ഉദിച്ചുയൎന്നസ്തമിക്കുന്നതു കാണാം. സമുദായത്തിൻെറ ആവശ്യത്തെ ലക്ഷ്യമാക്കിയല്ല ലഘുലേഖകളും ഗ്രന്ഥങ്ങളും പുറത്തുവരുന്നതു്. സാമുദായികചവറുകളായി, ആയിരക്കണക്കിനു ഗ്രന്ഥങ്ങളും നടനസെററുകളും മുതലാളിത്വരാഷ്ട്രങ്ങളിൽ അടിഞ്ഞു കിടപ്പുണ്ടു്. സോവിയററിൽ ഇത്തരം "അടിക്കാടുകളെ" സമുദായത്തിൽനിന്നു തുടച്ചുനീക്കുകയാണു് ചെയ്യുന്നതു്. സോവിയററുപ്രസിദ്ധീകരണത്തിനു് പ്രത്യേകം നിയന്ത്രണങ്ങൾ ഏപ്പെടുത്തിയിട്ടുണ്ടു്. ജനകീയാവശ്യത്തെ അടിസ്ഥാനമാക്കിയ പ്രസിദ്ധീകരണങ്ങളെ അവിടെ പ്രകാശിപ്പിക്കയുള്ളു. ഓരോ ജനവിഭാഗത്തിനും അവിടെ സംഘടനയുണ്ടു്. ഈ സംഘടനകളാണു്

ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തുന്നത്. ജനങ്ങളുടെ സ്റ്റേറ് എല്ലാ പ്രസ്സുകളെയും നിയന്ത്രിക്കുന്നു. ടോൾസ്റ്റോയിയുടെയും, ഷേക്സ്പീയരുടെയും ഗ്രന്ഥങ്ങൾ പതിനായിരക്കണക്കിനു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഏതു ഗവമ്മെന്റും അതാതു ഗവമ്മെന്റിന് എതിരായ പ്രസിദ്ധീകരണങ്ങളെ നിയന്ത്രിക്കും. ഗവമ്മെന്റ ആരെ പ്രതിനിധീകരിക്കുന്നു എന്നതാണ് പ്രശ്നം ഭൂരിപക്ഷത്തിന്റെയോ—ന്യൂനപക്ഷത്തിന്റെയോ? ഭൂരിപക്ഷത്തിന്റെ ഗവമ്മെൻറ് ജനകീയതാല്പയ്യത്തെ സംരക്ഷിക്കുന്നു.

## വ്യക്തിസ്വാതന്ത്ര്യം

ലൈംഗികവ്യത്യാസം പരിഗണിക്കാതെ സോവിയററ് നിയമം ഓരോ വ്യക്തിക്കും പ്രവത്തിക്കുവാനും വിശ്രമിക്കുവാനും വിദ്ദ്യാഭ്യാസം ശീലിക്കാനുമുള്ള അവകാശവും, രോഗികൾക്കും വൃദ്ധന്മാക്കും സംരക്ഷണത്തിനുള്ള ഉറപ്പും നല്കുന്നു. 1936-ലെ സ്റ്റാലിൻ ഭരണഘടനയനുസരിച്ച് ഇതു നടപ്പിലാക്കി. ഈ ഭരണഘടന സോവിയററ് ജീവിതത്തിന്റെയും, ചിന്താഗതിയുടെയും വികാസത്തെ കുറിക്കുന്നു. സമുദായപുരോഗതിയെ ലക്ഷ്യമാക്കിയാണ് സോവിയററ് നിയമം നിമ്മിച്ചിട്ടുള്ളതു്. സോഷ്യലിസ്റ്റ് ഭൂമിയിൽ ജനകീയസ്വാതന്ത്ര്യം പൂണ്ണമായി പുഷ്ടിക്കുന്നതു കാണാൻ കഴിയും. അവിടെ എല്ലാ

വക്കും പ്രവൎത്തിക്കുവാനുള്ള അവകാശമാണു്. തൊഴിലില്ലാത്തവനായി ഒരുത്തനും അവിടെ ഇല്ല. സോവിയററിൽ പണിയെടുക്കാത്തവക്ക് പട്ടിണിയാണു് പ്രതിഫലം. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പു് ലോകത്തിൽ ഏററവും കുറഞ്ഞ വേലസമയം (6-ം 7-ം) നടപ്പിലാക്കിയിട്ടുള്ളതു് സോവിയററിലാണു്. അപകടകരമായ വേലയിൽ ഏപ്പെടുന്ന ഖനി തൊഴിലാളികൾ 6 മണിക്കൂർ മാത്രം പ്രവൎത്തിച്ചാൽ മതി. ഒരു മാസത്തെ ശമ്പളത്തോടുകൂടിയ അവധി ഇവക്ക് ലഭിക്കുന്നു. സമുദായം സാമ്പത്തികമായി പുരോഗമിക്കുന്തോറും വിശ്രമസൗകര്യവും വൎദ്ധിക്കുന്നു. മുൻകൂട്ടി ജനങ്ങൾതന്നെ പ്ലാൻ ചെയ്ത സാമ്പത്തികഘടനയായതുകൊണ്ടു സോവിയററു യൂണിയൻ സമുദായത്തിൻെറ ആവശ്യാനുസരണം ഉല്പാദനം നടത്തിപ്പോരുന്നു. മുതലാളിത്വരാജ്യങ്ങളിൽ ഇന്നുള്ളതുപോലെ വിശ്രമം ഒരു പ്രത്യേക വൎഗ്ഗത്തിൻെറ കുത്തകയല്ല. സോവിയററിൽ തൊഴിൽ ചെയ്യുന്ന വിഭാഗത്തിനു മുഴുവൻ വിശ്രമത്തിനുള്ള സാദ്ധ്യതയുമുണ്ടു്. മാനസികവും കായികവുമായ വിശ്രമത്തിൻെറ പ്രാധാന്യത്തെ അടിസ്ഥാനമാക്കുന്ന ജനങ്ങളുടെ സാംസ്കാരിക പുരോഗതിയാണു് അവിടെ ഉള്ളതു്. ഇതിനു മുമ്പു് ദശിക്കുവാൻ സാധിക്കാത്ത രീതിയിലുള്ള വിശ്രമാവസരങ്ങളെ, സോവിയററു്, സാംസ്കാരിക പുരോഗതിക്കു വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു.

എല്ലാവക്കും വിദ്യാഭ്യാസം നടത്തുന്നതിനുള്ള അവ

കാൾം ലഭിച്ചിട്ടുണ്ടെങ്കിലും വിദ്യാലയദിവസങ്ങളെ അടിസ്ഥാനമാക്കി മാത്രമല്ല ഓരോരുത്തക്കും വിദ്യാഭ്യാസം നല്കുന്നതു്. ജീവിതകാലം മുഴുവൻ വിദ്യാഭ്യാസം ചെയ്യാൻ അവക്കു സ്വാതന്ത്ര്യമുണ്ടു്. ഓരോ ഫാക്ടറിയും ഉല്പാദനം വദ്ധിപ്പിക്കുക മാത്രമല്ല, തൊഴിലാളികളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ജീവിതത്തെക്കൂടി വളത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ട്രെയിഡ് യൂണിയന്റെ നേതൃത്വത്തിൽ ഫാക്ടറികളിൽ വായന, പഠനം, നാടകപരിശീലനം, സംഗീതാഭ്യസനം, തുടങ്ങിയ സാംസ്കാരികപ്രവത്തനത്തിനുള്ള സൗകര്യവും സമയവും നിശ്ചയിച്ചിട്ടുണ്ടു്.

എല്ലാവരുടെയും ജീവിതസുരക്ഷിതത്വത്തിന്നു് സോവിയററ് നിയമം ഉറപ്പു നല്കുന്നു. രോഗികൾക്കു് ആശുപത്രികളിൽ വെച്ചു സൗജന്യ ശുശ്രൂഷയും, ജരാനരകൾ ബാധിച്ചു വേല ചെയ്യാനുള്ള കഴിവില്ലാത്തവക്കു് ജീവിക്കുവാൻ വൃദ്ധകാല അലവൻസും ലഭിക്കുന്നു. അവരുടെ സന്താനങ്ങളെ സ്റ്റേററ് നേരിട്ടു സംരക്ഷിക്കുന്നു, വിദ്യാഭ്യാസം നല്കുന്നു, സമുദായത്തിലെ സജീവ അംഗങ്ങളാക്കി വളത്തുന്നു. പിഞ്ചുപൈതങ്ങളുടെ ഭാവിരക്ഷയോത്തു് വൃദ്ധരായ രക്ഷിതാക്കൾക്കു് ക്ലേശിക്കേണ്ട ആവശ്യമില്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ തൊട്ടുകുറികളായി പരിലസിക്കുന്ന സോവിയററ് ഭരണഘടനയിലെ മനുഷ്യാവകാശങ്ങൾ എല്ലാ പുരുഷനും സ്ത്രീയ്ക്കും ഏതു വിഭാഗത്തിലുമുള്ള ബാലനും 150 ദേശീയവിഭാഗ

ത്തിലെ ഏതു ഭാഷ സംസാരിക്കുന്ന അംഗത്തിനും ലഭിച്ചുവരുന്നു.

സ്റ്റാലിൻ ഭരണഘടനയിലെ 123-ാംവകുപ്പ് അസന്നിഗ്ദ്ധമായ ഭാഷയിൽ ഈ അവകാശങ്ങളെ സംബന്ധിച്ച് ഇപ്രകാരം പ്രഖ്യാപിക്കുന്നു. "ജാതിയും ദേശീയവിഭാഗങ്ങളും ഗണിക്കാതെ യു. എസ്. എസ്. ആറിലെ പൌരന്മാർക്ക് സാമ്പത്തികവും ഭരണപരവും സാംസ്കാരികവും സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിലുള്ള തുല്യാവകാശം ലഭിക്കുന്നതാണെന്നു നിയമം വ്യക്തമാക്കുന്നു".

ഓരോരുത്തരുടെയും സ്വാർത്ഥ താല്പര്യവീക്ഷണത്തിൽക്കൂടി നോക്കിയാൽ ഓരോരുത്തർക്കും ഈ സ്വാതന്ത്ര്യം ലഭിക്കേണ്ടതത്യാവശ്യമാണെന്നു തോന്നും. ഒരു വർഗ്ഗം മറെറാരു വർഗ്ഗത്തിൻെറ മേൽ അധികാരം ചുമത്തുന്ന സമ്പ്രദായം നിലനില്ക്കുന്ന കാലത്തോളം ജനസാമാന്യത്തിനു സ്വാതന്ത്ര്യം അനുഭവിക്കുവാൻ സാധിക്കുകയില്ല. ഉല്പാദനത്തിലുള്ള സ്വകാര്യസ്വത്തുടമ സമ്പ്രദായം അവസാനിപ്പിച്ചതിനാൽ സോവിയററ് യൂണിയനിൽ ഒരു വർഗ്ഗം മറെറാരു വർഗ്ഗത്തെ കാല്ക്കീഴിലിട്ടു ഞെരുക്കുന്ന മർദ്ദനത്തിന്നവസരം വന്നിരിക്കുന്നു.

സോഷ്യലിസ്റ്റ് സർവ്വാധിപത്യത്തിൽ സോവിയററ് നിലനില്ക്കുന്നതുവരെ വ്യക്തികളുടെ നിത്യജീവിതത്തിൽ ഏററക്കുറച്ചിലുകൾ കാണും. വർഗ്ഗരഹിതമായ കമ്മ്യൂ

ണിസ്റ്റ് സമുദായത്തിൽ മാത്രമെ അതു് അപ്രത്യക്ഷമാകുകയുള്ളു. ചൂഷണസമ്പ്രദായം അവസാനിപ്പിച്ചു്, റഷ്യൻ തൊഴിലാളിവർഗ്ഗം സ്വതന്ത്രരായി തീൎന്നതോടുകൂടി, അവർ സമുദായത്തിൻെറ മുന്നണിവിഭാഗവും, നേതാക്കളുമെന്ന പദവി നേടിയിരിക്കുന്നു.

ഫാക്ടറിയിൽ വേലയെടുക്കുന്ന ഓരോ തൊഴിലാളി സഖാവിനും പ്രജാധിപത്യസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ അഭിപ്രായം തുറന്നുപറയുവാനുള്ള അവകാശമുണ്ടു്. മുതലാളിത്വസമുദായത്തിൽ കാൎയ്യം തുറന്നുപറയുന്ന തൊഴിലാളിക്കു മുതലാളിമാരുടെ ഭാഷയിൽ 'ധിക്കാരി' അഥവാ 'ചട്ടമ്പി' എന്നാണു് പേരു്. ഓരോ തൊഴിൽശാലയിലും ചുവർ പത്രങ്ങൾ ഉണ്ടായിരിക്കും. എല്ലാ തൊഴിലാളികളും അതിലേയ്ക്കു വേണ്ടുന്ന കാൎയ്യങ്ങൾ ശേഖരിക്കുന്നു. തങ്ങൾക്കുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഓരോരുത്തൎക്കും ആ ചുവർപത്രത്തിൽ എഴുതാവുന്നതാണു്. എല്ലാവരും അതു് ശ്രദ്ധിക്കും. പഞ്ചവത്സരപദ്ധതിയുടെ കരടു കോപ്പി പ്രസിദ്ധപ്പെടുത്തിയപ്പോൾ, ഓരോ ഫാക്ടറിഘടകവും അതിനെ ചെയ്തുതീൎക്കുവാൻ കഴിയുന്ന പ്രവൎത്തനത്തെപ്പററി വാദപ്രതിവാദം നടത്തി. മാനേജ്മെൻറും അപ്രകാരം ചെയ്തു. പുതിയ ഭരണഘടനയനുസരിച്ചു് ഇതു നിൎവ്വഹിക്കുവാൻ ഓരോ ഫാക്ടറിയും ചുമതലപ്പെട്ടതാണു്. ചുവർപത്രങ്ങൾക്കു പുറമെ ട്രെയിഡ് യൂണിയൻ ബ്രാഞ്ചുകളും പ്രാദേശിക കമ്മ്യൂണിസ്ററുപാർട്ടിഗ്രൂപ്പും ജനകീയാഭിപ്രാ

യം ആരായുവാൻ ശ്രമിക്കുന്നു. മററു രാജ്യങ്ങളെ പരാജയപ്പെടുത്തത്തക്ക നിലയിൽ സ്വത്തും മഹിമയും ജാതിയും കഴിവും പരിഗണിക്കാതെ, സോവിയററിൽ വോട്ടവകാരം വിപുലമാക്കിയിരിക്കുന്നു. മതവും ഭാഷയും ലൈംഗികവ്യത്യാസവും ഗണിക്കാതെ 18 വയസ്സ് തികഞ്ഞ ആൎക്കും രഹസ്യബാലററു സമ്പ്രദായപ്രകാരം ഭരണാധികാരികളെ തെരഞ്ഞെടുക്കുവാൻ സോവിയററിൽ അധികാരമുണ്ട്.

ആൎക്കും തിരഞ്ഞെടുപ്പിന്നു നില്ക്കുവാൻ അവകാശമുണ്ട്. തിരഞ്ഞെടുപ്പു ദിവസം ഔദ്യോഗികസ്ഥാനാൎത്ഥികൾക്കു് എതിരായി മത്സരിക്കുവാൻ സ്ഥാനാൎത്ഥികളുണ്ടാകുന്ന അവസരം വളരെ വിരളമാണു്. റഷ്യൻ രാഷ്ട്രീയജീവിതത്തിനു എതിർകക്ഷിയില്ല സ്ഥാപിതതാല്പൎയ്യത്തിൻെറ പേരിൽ അധികാരത്തിന്നു വേണ്ടി തമ്മിലടിക്കുന്ന നിരവധി പാർട്ടികൾ അവിടെ ഇല്ല.

സോവിയററ് ഒരു പരീക്ഷണഘട്ടത്തിലായിരുന്നു. ശത്രുക്കൾ അതിൻെറ ചുററും അണിനിരന്നുനോക്കി. ഇന്നും ആ ആപത്തു് പരിപൂൎണ്ണമായി അവസാനിച്ചിട്ടില്ലെങ്കിലും സ്ഥിതിഗതികൾക്കു് വ്യത്യാസം വന്നിരിക്കുന്നു. ചുകപ്പുപടയുടെ അജയ്യത മുതലാളിത്വ രാഷ്ട്രങ്ങൾ അംഗീകരിച്ചതോടുകൂടിയും, ഫാസിസത്തിൻെറ ചിതാഭസ്മത്തിൽ നിന്നു് സ്വതന്ത്ര യൂറോപ്പു് ഉയൎന്നുവന്നതോടുകൂടിയും സോവിയററ്, ശത്രുക്കളുടെ എണ്ണം കുറച്ചു; മിത്രങ്ങളെ വൎദ്ധിപ്പിച്ചു.

വ്യക്തികൾക്ക് സമുദായത്തിൽ നൽകിയിട്ടുള്ള പരിപൂൎണ്ണസ്വാതന്ത്ര്യവും, സ്വതന്ത്രരായ വ്യക്തികളുടെ ഉറച്ച ഐക്യവുമാണ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൻെറ സകലവിധമായ പുരോഗതിക്കും നിദാനമായി നിൽക്കുന്നതു്.

## കമ്മ്യൂണിസ്ററു പാർട്ടി

സോവിയററിൽ ഒരു രാഷ്ട്രീയപാർട്ടി മാത്രം നിലവിലുള്ളതുകൊണ്ടു്, അവിടെ പ്രജാധിപത്യം പുലരുന്നു എന്ന വാദത്തെ സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ, ചിന്താഗ്രേസരന്മാരിൽ ഒരു വിഭാഗത്തിന്നിടയിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. സോവിയററ് ജനതയോടു് നിങ്ങൾക്ക് ഒന്നിലധികം രാഷ്ട്രീയപാർട്ടികൾ സൃഷ്ടിക്കുവാൻ പാടില്ലേ എന്നു ചോദിച്ചാൽ അവരിൽനിന്ന് നമുക്കു ലഭിക്കുന്ന മറുപടി "ഞങ്ങളുടെ പാർട്ടി തൊഴിലാളിവൎഗ്ഗത്തിൻെറ പാർട്ടിയാണ്, ഞങ്ങളുടെ സ്റ്റേററ് തൊഴിലാളിവൎഗ്ഗത്തിൻെറ സ്റ്റേററാണ്" എന്നായിരിക്കും. നമ്മുടെ രാജ്യത്തും മററു മുതലാളിത്വരാഷ്ട്രങ്ങളിലും തൊഴിലാളികളുടെ ഇടയിൽ കാണുന്ന വിഭിന്നപാർട്ടികൾപോലെ സോവിയററിൽ കാണാത്തതിനെ സംബന്ധിച്ചുള്ള സംശയം പിന്നെയും ശേഷിക്കുന്നു.

വിവിധരാഷ്ട്രീയവീക്ഷണത്തോടുകൂടി തൊഴിലാളിവൎഗ്ഗത്തിന്നിടയിൽ, മുതലാളിത്വരാഷ്ട്രങ്ങളിൽ ഒന്നിലധി

കം പാർട്ടികളെ കാണുന്നു. എന്നാൽ ഈ പാർട്ടികളുടെ വ്യത്യസ്ഥതാല്പര്യങ്ങൾപോലെ, തൊഴിലാളികൾക്ക് പൊരുത്തമില്ലാത്ത ഒന്നിലധികം താല്പര്യങ്ങളില്ല. മുതലാളിവർഗ്ഗത്തിന്നിടയിലുള്ള സ്വാഭാവികമായ അനൈക്യതയുടെ ഫലമായി ഉത്ഭൂതമാകുന്ന വിവിധചിന്താഗതികൾ, വിവിധകക്ഷികളായി രൂപാന്തരം പ്രാപിക്കുന്നു. ഈ ഭിന്നിച്ച കക്ഷികൾ ഓരോന്നും അതിന്റെ ഏജന്റന്മാർ വഴിയായി തൊഴിലാളിവർഗ്ഗത്തിന്നിടയിലും വ്യത്യസ്ത രാഷ്ട്രീയഗ്രൂപ്പുകൾ സൃഷ്ടിക്കുന്നു. റഷ്യയിൽ മെൻഷെവിക്ക കക്ഷി, കെരൻസ്കി ഗ്രൂപ്പ്, ഗവമ്മെന്റ് കക്ഷി ബോൾഷെവിക്ക പാർട്ടി എന്നീ വ്യത്യസ്ഥഗ്രൂപ്പുകൾ ഉണ്ടായിരുന്നു. തൊഴിലാളിതാല്പര്യത്തിന്നുവേണ്ടി വിട്ടുവീഴ്ച കൂടാതെ സമരം ചെയ്ത ബോൾഷെവിക്ക പാട്ടി മററു പാർട്ടികളുടെ "മുതലാളിത്വ മുഖംമൂടിയെ" നിരന്തരപ്രവത്തനത്തിൻെറ ഫലമായി തൊഴിലാളിവർഗ്ഗത്തിൻെറ മുമ്പിൽ പ്രത്യക്ഷമാക്കിയതിനാൽ മുതലാളിത്വത്തിൻെറ സ്വാധീനശക്തി തൊഴിലാളിവർഗ്ഗത്തിന്നിടയിൽ നശിക്കപ്പെട്ടു. 1937-വരെ ട്രോടസ്കിഗ്രൂപ്പ് സ്റ്റേററിനെ തകിടംമറിക്കുവാൻ സോവിയററിൽ പ്രവത്തിച്ചിരുന്നു. മോസ്കോ വിചാരണയിൽ പരസ്യമായി കുററം സമ്മതിച്ച ശത്രുക്കളെ ശിക്ഷിച്ചു. ഈ വിചാരണസമയത്തു് ബ്രിട്ടീഷ് പാർളിമെൻറു മെംബറായ ഡി. എൻ. പ്രിററ് മോസ്കോയിൽ ഉണ്ടായിരുന്നു. ഈ രീതിയിലുള്ള ജനകീയകോടതിയും പരസ്യവിചാരണയും

മറെറാരു രാജ്യത്തും കണ്ടിട്ടില്ലെന്നു പ്രിററ് അഭിപ്രായ പ്പെട്ടിട്ടുണ്ടു്.

യഥാൎത്ഥത്തിൽ രണ്ടു പാർട്ടികൾ മാത്രമെ മുതലാളിത്വസമുദായത്തിലുണ്ടാകുവാൻ വഴിയുള്ളു. അതായതു മുതലാളിപാർട്ടിയും, തൊഴിലാളിപാർട്ടിയും. മുതലാളിത്വസമുദായത്തിലെ രണ്ടു വർഗ്ഗങ്ങളെയാണു് ഈ പാർട്ടികൾ പ്രതിനിധീകരിക്കുന്നതു്. മുതലാളിത്വത്തിന്റെ സ്വാധീനശക്തി നശിച്ചതുകൊണ്ടു സോവിയററിൽ തൊഴിലാളിവർഗ്ഗത്തിൻെറ ഒരു പാർട്ടി മാത്രമെ ഉള്ളു. സമുദായചരിത്രത്തിൻെറ ഗതിവിഗതികൾ മനസ്സിലാക്കിയ ഒരുവന്നു ഒരു പാർട്ടിമാത്രം സോവിയററിൽ ശേഷിച്ചതിനെപ്പററി സംശയം ജനിക്കുകയില്ല.

രണ്ടുതരത്തിലുള്ള വർഗ്ഗം ഉണ്ടാകുമ്പോൾ രണ്ടുതരത്തിലുള്ള ഡമോക്രസിയുമുണ്ടു്. മുതലാളിത്വ ഡമോക്രസിയും, തൊഴിലാളി ഡമോക്രസിയുമാണതു്. ബ്രിട്ടനിലും അമേരിക്കയിലും കാണുന്നതു മുതലാളിത്വ ഡമോക്രസിയാണു്. സോവിയററിലും, ഇപ്പോൾ യുഗോസ്ലാവിയായിലും ആരംഭിച്ചിരിക്കുന്നതു തൊഴിലാളി ഡമോക്രസിയാണു്. മുതലാളിത്വ ഡമോക്രിസിയിൽ ഭരണം നടത്തുന്നതു തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭകളാണെങ്കിലും, അധികാരം മുതലാളിത്വത്തിൻെറ കയ്യിലാണിരിക്കുന്നതു്. തൊഴിലാളി ഡമോക്രസിയിൽ ഉല്പാദനോപകരണങ്ങളെല്ലാം സ്റ്റേററിൻെറ പൊതുടമയിൽ ലയിക്കുന്നു. മുതലാളിത്വരാജ്യങ്ങളിലെ പാർല്ലിമെന്ററി പാർ

ട്ടികളെപ്പോലെയല്ല സോവിയററിലെ കമ്മ്യൂണിസ്ററു പാർട്ടി.

കമ്മ്യൂണിസ്ററു പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ സംഘടിത മുന്നണിയാണ്. അതു് തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വവുമാകുന്നു. തൊഴിലാളികളുടെ ഇടയിലുള്ള ഒന്നാംതരം പ്രവർത്തകന്മാരുടെ—സുസംഘടിതമായി തൊഴിലാളിനയം അംഗീകരിച്ചവരുടെ സംഘടനയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചു് സ്റ്റാലിൻെറ വിശദീകരണം ഇപ്രകാരമാണ്:—

ഒന്നാമതായി തൊഴിലാളിവർഗ്ഗത്തിൻെറ കാതലായ വിഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ് അണിനിരന്നു നില്ക്കുന്നതു്. ഈ വിഭാഗത്തിന്നു പാർട്ടിയിൽ പെടാത്ത തൊഴിലാളികളുടെ സംഘടനകളുമായി നേരിട്ടു ബന്ധമുണ്ടു്. സംഘടനകളെ പലപ്പോഴും നയിക്കുന്നതും പാർട്ടിയാണ്. രണ്ടാമതായി തൊഴിലാളിവർഗ്ഗത്തിലെ സമർത്ഥന്മാരുടെ ആകർഷണകേന്ദ്രമെന്ന നിലയ്ക്കു് തൊഴിലാളികളുടെ എല്ലാവിധ സംഘടനകളേയും നയിക്കാൻ കഴിവുള്ള കാഡറുകളെ പരിശീലിപ്പിക്കാനുള്ള ഏററവും നല്ല സ്കൂൾ പാർട്ടിയാണ്. മൂന്നാമതായി തൊഴിലാളിനേതാക്കന്മാരെ പരിശീലിപ്പിക്കാനുള്ള ഏററവും നല്ല സ്കൂളും പാർട്ടിയാണ്. എന്തുകൊണ്ടെന്നാൽ, തഴക്കവും അന്തസ്സും സംരക്ഷിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗ

സമരത്തിൻെറ നേതൃത്വത്തെ അതു് കേന്ദ്രീകരിക്കുന്നു. അങ്ങിനെ പാർട്ടിയിൽ പെടാത്ത ഓരോ തൊഴിലാളി സംഘടനയേയും ഓരോ കീഴ്സ്ഥാപനമാക്കി, അതു് പാർട്ടിയെയും വർഗ്ഗത്തെയും കൂട്ടിയിണക്കുന്ന ഒരു ബെൽട്ടായി പരിണമിച്ചിരിക്കുന്നു. പാർട്ടിയാണു് തൊഴിലാളിവർഗ്ഗസംഘടനയുടെ ഏററവും മികച്ച രൂപം (ലെനിനിസത്തിൻെറ അടിസ്ഥാനം പേജ് 91—92) തൊഴിലാളികളുടെ വർഗ്ഗസംഘടനയുടെ ഏററവും ഉയർന്ന രൂപമാണു് പാർട്ടിയെന്നു ലെനിൻ പറയുന്നു.

റഷ്യൻ പാർട്ടിയിൽ ശുദ്ധീകരണം നടത്താറുണ്ടു്. പാർട്ടിമെംബർമാരെ പൊതുയോഗങ്ങളിൽ വെച്ചു പരസ്യമായി വിമർശനം നടത്തി പാർട്ടി മെംബറായിരിക്കുവാൻ അയോഗ്യരെന്നു തെളിയുന്നവരെ പാർട്ടിയിൽ നിന്നു പുറത്താക്കുകയാണു് ശുദ്ധീകരണസമ്പ്രദായം.

പാർട്ടിയിലുള്ള ശുദ്ധീകരണനയംകൊണ്ടു ബോൾഷെവിക്കു പാർട്ടിയുടെ സ്വാധീനശക്തിയും മേന്മയും വർദ്ധിക്കുന്നു. 1921-ലാണു് ലെനിൻ പാർട്ടി ശുദ്ധീകരണത്തെ സംബന്ധിച്ചുള്ള നിർദ്ദേശം മുന്നോട്ടു കൊണ്ടുവന്നതു്. ശുദ്ധീകരണസമ്പ്രദായത്താൽ, പാർട്ടി പൊതുജനങ്ങളുടെ നേതൃത്വത്തെ ഏറെറടുക്കുകയും, ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കുവാൻ കഴിവുള്ള നേതാക്കന്മാരെ വളർത്തുകയും ചെയ്യുന്നു. ഇപ്പോൾ ശുദ്ധീകരണനയം നിർത്തൽചെയ്തിരിക്കയാണു്. എന്നാൽ ഏതു

പാർട്ടിമെമ്പറെയും ഏതവസരത്തിലും ചോദ്യം ചെയ്യുവാൻ ജനങ്ങൾക്ക് അധികാരമുണ്ട്.

1933-മുതൽ 1935-വരെ പാർട്ടിയിൽ ശുദ്ധീകരണം നടത്തി. മെമ്പർമാരുടെ എണ്ണം വർദ്ധിക്കുകയില്ല, ഉള്ളവർ നല്ലവരായിരിക്കണമെന്നാണ് പാർട്ടിയെ സംബന്ധിച്ചുള്ള സ്റ്റാലിൻെറ മതം. 1935-ന ശേഷം, 1936 സെപ്റ്റമ്പർവരെ പുതിയ പാർട്ടി മെമ്പർമാരെ റിക്രൂട്ടുചെയ്യുന്ന സമ്പ്രദായം സസ്പെൻറുചെയ്തു. സെൻട്രൽ കമ്മററി മെമ്പറായ കിറോവിൻെറ വധത്തിനു ശേഷം, പാർട്ടിയിൽതന്നെ ശത്രുക്കൾ കടന്നു കൂടിയിട്ടുണ്ടെന്നുള്ള സംശയത്തിനു ബലം വന്നു. പഴയ പാർട്ടി കാർഡിനു പകരം, പുതിയ പാർട്ടി കാർഡു വിതരണം ചെയ്യുവാൻ തീരുമാനിച്ചു. ഇതു 1936 സെപ്റ്റമ്പറിനുള്ളിൽ നടപ്പിലാക്കി.

1939 മാർച്ചിൽ ചേർന്ന 18-ാംപാർട്ടി കോൺഗ്രസ്സ് 16 ലക്ഷം മെമ്പറന്മാരെ പ്രതിനിധീകരിച്ചു. ശുദ്ധീകരണത്തിൻെറ ഫലമായി ഈ മെമ്പർഷിപ്പ്, പതിനേഴാം കോൺഗ്രസ്സ് പ്രതിനിധീകരിച്ചതിൻെറ ഫലമായി 270000 മെമ്പർമാർ കുറവായിരുന്നു.

സുപ്രീം സോവിയററുകളിലേക്കും, റീജിയനൽസോവിയററുകളിലേക്കും, പാർട്ടിമെമ്പറന്മാരല്ലാത്തവക്കും, തെരഞ്ഞെടുപ്പിനുനില്ക്കുവാൻ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. ഇതിനെ ആരും വിഘാതപ്പെടുത്തുകയില്ല.

1936-ലെ ഭരണഘടനപ്രകാരം സുപ്രീം സോവിയററി ലേക്കു നേരിട്ടുള്ള തെരഞ്ഞെടുപ്പാണു് നടത്തുന്നതു്. ഓ രോ തിരഞ്ഞെടുപ്പിലും ജനങ്ങൾ പാർട്ടി മെംബറന്മാരെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ. കാരണം, സാറിസ്റ്റ് മേധാവിത്വത്തെയും, ജന്മി മുതലാളി കൊള്ളകളെയും, അക്രമങ്ങളെയും അവസാനിപ്പിക്കുന്നതിനുള്ള ജനകീയ സമരങ്ങളുടെ മുന്നണിയിലും മദ്ധ്യത്തിലും നിന്നുകൊണ്ടു് ധീരനേതൃത്വം നല്കിയിട്ടുള്ളതു് പാർട്ടിസഖാക്കളാണു്. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച കമ്മ്യൂണിസ്റ്റ് സ്ഥാ നാർത്ഥികൾക്കു ജനങ്ങൾ വോട്ടു നല്കുന്നു. (ഇന്ത്യയിൽ കോൺഗ്രസ്സിനു സ്വാധീനശക്തിയുള്ള സ്ഥലങ്ങളിൽ, ജനങ്ങൾ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾക്കു് വോട്ടു നല്കുന്നു.)

യൂ. എസ്. എസ്. ആറിലെ ജനങ്ങൾ ഗവമ്മെന്റി നെ പരിപൂർണ്ണമായി അനുകൂലിക്കുന്നവരാണു്. ജനങ്ങ ളുടെ സ്വന്തം താല്പര്യങ്ങളെ സ്റ്റേററു് സംരക്ഷിക്കുന്നതാ യി അവർ കാണുന്നുണ്ടു്. ഭരണവൈകല്യങ്ങളെപ്പററി വിമർശിക്കുവാൻ ഓരോ പൗരനും പൂർണ്ണസ്വാതന്ത്ര്യവും ഉണ്ടു്.

കമ്മ്യൂണിസ്റ്റ് പാർട്ടി സ്റ്റേററിനെ മാത്രമല്ല, ട്രെയി ഡ് യൂണിയനെയും മററു പൊതുജനസംഘടനകളെയും നയിക്കുന്നു. ഏതു രീതിയിലാണു് ഈ നേതൃത്വം? ആത്മാർത്ഥമായ പ്രവർത്തനംമൂലം ഓരോ ബഹുജനസംഘ ടനയിലെ അംഗങ്ങളുടെ വിശ്വാസം ആർജ്ജിച്ചു്, തിര

ഞ്ഞെടുപ്പിൽ ഭൂരിപക്ഷം വോട്ടു നേടിയ കമ്മ്യൂണിസ്ററു പാർട്ടിക്കുള്ള സ്വാധീനശക്തി വർദ്ധിച്ചതിനാൽ, പാർട്ടി സ്ഥാനാർത്ഥികളെ എതിർക്കുവാൻ അംഗങ്ങൾ തയ്യാറാവുകയില്ല; അതിന്നു ആരെയും ലഭിക്കുകയുമില്ല. ഈ സമ്പ്രദായം പ്രജാധിപത്യസിദ്ധാന്തത്തെ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നില്ലെന്നു മാത്രമല്ല, ഇതാണ് യഥാർത്ഥ പ്രജാധിപത്യരീതി.

മുതലാളിത്വരാഷ്ട്രങ്ങളിൽ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടിയാണ് പാർല്ലിമെൻററിൽ മന്ത്രിസഭ രൂപീകരിച്ച്, ഭരണയന്ത്രത്തിന്റ കടിഞ്ഞാൺ പിടിക്കുന്നതു്. പണവും പ്രതാപവും ഡിഗ്രിയും നോക്കി പ്രതിനിധികൾ മന്ത്രിസഭയിൽ കടന്നുകൂടുന്നു. സോവിയററിൽ, കഴിവും ഉത്തരവാദിത്വം ഏറെറടുക്കുവാനുള്ള സന്നദ്ധതയും പരിഗണിച്ചുകൊണ്ടാണ് ഉപരിസ്ഥാനങ്ങളിൽ ജനകീയനേതാക്കന്മാർ എത്തിച്ചേരുന്നതു്.

തൊഴിലാളികളുടെയും കൃഷിക്കാരുടെയും പാരമ്പര്യത്തോടുകൂടി വളൎന്നു്, അവൎക്കു വേണ്ടി പ്രവൎത്തിച്ച്, ഫാസിസത്തിന്നെതിരായ സമരത്തിൽ ലോകസ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ മുന്നോടിയായി പ്രവൎത്തിച്ച സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൻെറ ഇന്നത്തെ നേതാക്കളായ സ്റ്റാലിൻ, മൊളോട്ടോവ്, കിലിനിൻ, വെറോഷിലോവ്, കഗ്നോവിച്ച്, ബുദേനി, ടിമോഷെങ്കോ, സുഖോവ് തുടങ്ങിയ നേതാക്കൾ സോവിയററു ജനതയുടെ മാത്രമല്ല,

സ്വാതന്ത്ര്യകാംക്ഷികളുടെ എല്ലാം ആരാധ്യനേതാക്കളായി ഉയൎന്നിരിക്കുന്നു. ഈ നേതാക്കന്മാർതന്നെയാണു് സോഷ്യലിസ്റ്റ് ഭരണത്തിൻെറ ഉപരിതലത്തിലിരിക്കുന്നതും.

സോവിയററു ഗവൺമെൻറു് അംഗീകരിക്കുന്ന ഓരോ തീരുമാനവും കേന്ദ്രത്തിൽനിന്നു പ്രാദേശികഘടകം വരെ അടിച്ചേല്പിക്കുകയല്ല ചെയ്യുന്നതു്. സോവിയററു യൂണിയൻ ഒരു നിയമം നടപ്പിൽ വരുത്തുന്നതു, പ്രാദേശിക സോവിയററുകൾക്കു് അതിനെ സംബന്ധിച്ചു വാദപ്രതിവാദം നടത്തി കുററങ്ങളും കുറവുകളും കണ്ടുപിടിക്കുന്നതിനും ജനകീയതാല്പൎയ്യത്തിനു യോജ്യമായ വിധത്തിൽ ശരിപ്പെടുത്തുന്നതിനും ശേഷമായിരിക്കും. സ്റ്റാലിൻെറ തലയാണു് സോവിയററു യൂണിയനിലെ എല്ലാ നയങ്ങളും രൂപീകരിക്കുന്നതെന്നു ചിലയാളുകൾ വിശ്വസിക്കുന്നു. സോവിയററു ഘടകങ്ങളിലും പാർട്ടിക്കമ്മററികളിലും, നടത്തുന്ന വാദപ്രതിവാദങ്ങളുടെയും, ജനങ്ങളുടെ പ്രായോഗികപ്രവൎത്തനാനുഭവങ്ങളുടെയും വെളിച്ചത്തിലാണു് സ്റ്റാലിൻ പുതുതായൊരു നയം സ്വീകരിക്കുന്നതു്. സ്റ്റാലിൻെറാ ഏതൊരു നൂതന നടപടിക്കും നേതൃത്വം നല്കുന്നതു് ഒടുവിലാണു്. ആദ്യം ജനങ്ങൾ നേതൃത്വം നല്കുന്നു. ആ നേതൃത്വത്തിനും സ്റ്റാലിൻ പ്രചോദനം നല്കുന്നുവെന്നു മാത്രം. മുതലാളിത്വരാഷ്ട്രങ്ങളിൽ നടക്കുന്നതു്. ഇതിനു നേരെ വിപരീതമാണു്. ആദ്യം പ്രസിഡൻേറാ പ്രധാനമന്ത്രിയൊ നേതൃത്വം നല്കിയതി

നശേഷം, പിന്നീടു ജനങ്ങളെക്കൊണ്ടംഗീകരിപ്പിക്കുക യാണു ചെയ്യുന്നതു്.

സോവിയററിൽ ഏതു തീരുമാനവും നടപ്പിൽ വരുന്നതിനു മുമ്പായി ട്രെയിഡ് യൂണിയൻ യോഗങ്ങളിലും ഉല്പാദനകമ്മററികളിലും അതിനെ സംബന്ധിച്ച വാദപ്രതിവാദം നടത്തും, ചുവർപത്രങ്ങളിലും വർത്തമാനപ്പത്രങ്ങളിലും അതിനെപ്പററി വിമർശിക്കും. ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ പ്രാദേശിക സോവിയററുകൾ, സോവിയററു കൺട്രോൾകമ്മീഷനും സുപ്രീം കൗൺസിലിനും പാർട്ടി നേതൃത്വത്തിനും റിപ്പോർട്ടുകൾ അയയ്ക്കുന്നു. അടി മുതൽ മുടി വരെ നിശിതമായ വിമർശനങ്ങൾക്കും, വാദപ്രതിവാദങ്ങൾക്കും ഇട നല്കിയതിനുശേഷമേ, ഒരു തീരുമാനം നടപ്പിൽ വരികയുള്ളു. ആയിരക്കണക്കിലുള്ള ജനതയുടെ കൂട്ടുതീരുമാനഫലമാണു് സോവിയററ് നിയമങ്ങൾ.

യു. എസ്. എസ്. ആറിലെ ഏകീകൃതജനത, ഏകീകൃതമായ നേതൃത്വത്തിൽ ഉറച്ചവരാണു്. പാർട്ടികൾ തമ്മിൽ മത്സരിക്കാനിടവരുന്ന അടിസ്ഥാനം തന്നെ സോവിയററിൽ തകർന്നിരിക്കുന്നു. കമ്മ്യൂണിസ്ററു പാർട്ടികളെ കൂടാതെ മററു പാർട്ടികൾ സംഘടിച്ചുവരണമെങ്കിൽ പ്രത്യേകമായ ഉദ്ദേശങ്ങൾ അത്യാവശ്യമായിരിക്കേണ്ടതാണു്. പൊതു പ്രശ്നത്തിൻെറ പേരിൽ ജനങ്ങൾ സംഘടിച്ചിരിക്കുന്നതിനാൽ അവിടെ പുതുതായൊരു പാർട്ടി സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. തൊ

ഴിലാളികൾക്കെതിരായി മുതലാളിമാരുടെ പാർട്ടിയാണ് അവിടെ വളൎന്നുവരേണ്ടതു്. എന്നാൽ സോവിയററിൽ മുതലാളിത്വത്തിൻെറ മുരടറുത്തിരിക്കുന്നു. തൊഴിലാളി വർഗ്ഗത്തിൻെറയും കൃഷിക്കാരുടെയും ചുടുരക്തത്തിൽ കെട്ടിപ്പടുത്ത ഉരുക്കുകോട്ടയാണു് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കു്. ബഹുജനങ്ങൾ അണിനിരക്കാത്ത ഒരു പാർട്ടിക്കും നിലനില്പില്ല; അതിനു സജീവമായി പ്രവൎത്തിക്കുവാനും സാദ്ധ്യമല്ല. ബഹുജനതാല്പൎയ്യം അംഗീകരിക്കാത്ത ഒരു സ്റ്റേററിൽ ഒന്നിലധികം പാർട്ടികൾ വളൎന്നുവരും. എന്നാൽ ബഹുജനങ്ങളുടെ സ്റ്റേററിൽ ഒരു പാർട്ടിയല്ലാതെ, ഒന്നിലധികം പാർട്ടികൾ വളൎന്നുവരികയില്ല. അതാണു് സോവിയററിൽ ബഹുജനങ്ങളായ തൊഴിലാളികളുടെയും കൃഷിക്കാരുടെയും കമ്മ്യൂണിസ്ററു പാർട്ടി മാത്രം വളൎന്നുവരുവാനുള്ള കാരണം.

—o:*:o—

## സോവിയററു ബാലന്മാരും വിദ്ധ്യാഭ്യാസവും

യുദ്ധാനന്തരപുനരുദ്ധാരണപരിപാടിയിൽ, വിദ്ധ്യാഭ്യാസപുനരുദ്ധാരണവും ഉൾപ്പെടുത്തി, സാൎവ്വത്രികവിദ്ധ്യാഭ്യാസം നടപ്പിലാക്കാനുള്ള പദ്ധതികളുടെ അംഗീകരണകാലമാണിതു്. മദിരാശി ഗവൺമെന്റും തിരുവിതാംകൂർ

ഗവമ്മേൻറും വിദ്യാഭ്യാസപുനരുദ്ധാരണകമ്മററിയുടെ റിപ്പോർട്ടുകൾ അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അദ്ധനഗ്നരും മുഴപട്ടിണിക്കാരുമായ ജനങ്ങളിൽ നിബ്ബന്ധവും സൗജന്യവുമായ വിദ്യാഭ്യാസപദ്ധതിമൂലം വിജ്ഞാനദീപം കൊളുത്തുവാൻ സാദ്ധ്യമാകണമെങ്കിൽ ജീവിതസാഹചര്യത്തിന്ന് മാററിമറിക്കലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ജീവിതമാഗ്ഗം കാണാതുഴലുന്ന ജനത, വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെങ്കിൽ രാഷ്ട്രീയപരിവത്തനത്തിൻെറ ആവശ്യകത അത്യന്താപേക്ഷിതമായി പാലിക്കപ്പെടണം. സമുദായത്തിൻെറ പഴകിയ ചട്ടക്കൂട്ടിൽ, പുതിയ വിദ്യാഭ്യാസപദ്ധതി, എത്രതന്നെ നല്ലതാണെങ്കിലും പ്രശോഭിക്കുന്നതല്ല. ലോകത്തിലെ ആറിലൊരു ഭാഗമായ സോഷ്യലിസ്ററുഭൂമിയിലെ അനുഭവം ഇതിനു സാക്ഷ്യം വഹിക്കുന്നു. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും നാട്ടുകാരും ഗവമ്മേൻറും സഹകരിച്ചു പ്രവത്തിച്ചാൽ മാത്രമെ വിദ്യാഭ്യാസം സാവ്ത്രികമാകുകയുള്ളുവെന്നു സോഷ്യലിസ്റ്റ് വിദ്യാഭ്യാസപദ്ധതി വ്യക്തമാക്കുന്നു.

സമുദായചരിത്രത്തെ മാററിമറിച്ച നവംബർ വിപ്ലവം വിജയത്തിൻെറ വൈജയന്തി നാട്ടിയതിനുശേഷം സമുദായത്തിലെ കെടുനീരുകളെ തുടച്ചുനീക്കുന്നതിനുള്ള പ്രാഥമികനടപടിയായി പിഞ്ചുപൈതങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചു. മുതലാളിവഗ്ഗ

മാകട്ടെ, വിദേശങ്ങളിൽ നടത്തിയ കുപ്രചരണങ്ങളാൽ സോവിയററു ജനതയുടെ കുടുംബജീവിതത്തിൽ കരിതേയ്ക്കുന്നതിനാണ് വേണ്ടത്ര പ്രാധാന്യം നല്കിയതു്.

## വിപ്ലവത്തിനു മുമ്പു

സാർ ഗവമ്മേൻറിന്റെ സ്വേച്ഛാധിപത്യമായ കൊള്ളഭരണം റഷ്യൻജനതയുടെ കുടുംബജീവിതത്തെ താറുമാറാക്കി. സന്താനങ്ങളും രക്ഷിതാക്കളും ഒരുപോലെ മൎദ്ദനത്തിനു വിധേയരായി. പെൺകുട്ടികളെ ലഭിക്കുന്നതു രക്ഷിതാക്കൾ മഹാഭാഗ്യമായി കരുതി. അഞ്ചു വയസ്സു പ്രായമായാൽ ഗൃഹജോലികൾക്കായി പൈതലിനെ ചുമതലപ്പെടുത്താം. ആൺപൈതലുകളെ ജീവിതമാൎഗ്ഗത്തിനുവേണ്ടി ഇളംപ്രായത്തിൽതന്നെ ഫാക്ടറിയിലൊ പാടങ്ങളിലൊ വേലയ്ക്കയയ്ക്കാൻ കഴിയും. ശാസ്ത്രീയപരമായ പ്രാഥമികശുശ്രൂഷപോലും നടത്തുവാൻ മാൎഗ്ഗമില്ലാതെ, പ്രസവിച്ച സന്താനത്തെ ചുമന്നുകൊണ്ടു് മാതാവു് നഗരങ്ങളിലോ ഗ്രാമങ്ങളിലോ വേലയ്ക്കു് പോകും. ഈ നിർബ്ബന്ധപരിത:സ്ഥിതി കുട്ടിയുടെയും മാതാവിൻെറയും ആരോഗ്യത്തിനു ഹാനികരമായിരുന്നു. സാറിസ്ററുറഷ്യയിൽ അക്കാലങ്ങളിൽ ആഹാരംകഴിച്ചു സോത്സാഹം ആടി പാടി കളിക്കുന്ന ഓമനപ്പൈതങ്ങൾ ന്യൂനപക്ഷവും, പട്ടിണിത്തൊണ്ടുകളായി എല്ലും തൊലിയും മാത്രം ശേഷിച്ച പ്രേതസമാനരായ ബാലന്മാർ ഭൂരി

പക്ഷവുമായിരുന്നു. വിശ്രമവേളകളിൽ കുട്ടികൾക്കു ഉല്ല സിക്കുവാനുള്ള രംഗം വൃത്തിഹീനമായ തെരുവീഥിക ളോ, ധാന്യം കൊയ്തെടുത്ത പാടങ്ങളോ മാത്രമായിരുന്നു. വിനോദത്തിനു പ്രത്യേകിച്ചു് പാർക്കുകളോ മൈതാനങ്ങ ളോ ഉണ്ടായിരുന്നില്ല. വിദഗ്ദ്ധന്മാരായ കായികാഭ്യാ സികളെ സൃഷ്ടിക്കുന്നതു സാറിൻെറ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കർത്തവ്യമായി കരുതിയില്ല. ധനവാന്മാർക്കും ഉദ്യോഗസ്ഥവൃന്ദങ്ങൾക്കും മദ്യപിച്ചു സല്ലപിക്കുവാനുള്ള ക്ലബ്ബുകൾ എല്ലാ സ്ഥലങ്ങളിലുമുണ്ടു്. ജനങ്ങൾ കൂട്ട ചേൎന്നു് പങ്കെടുത്തുകൊണ്ടുള്ള വിനോദങ്ങളെ സാറിൻെറ ഉദ്യോഗസ്ഥവൃന്ദം പ്രോത്സാഹിപ്പിച്ചിട്ടില്ല. അടിമജോ ലി ചെയ്യുവാൻമാത്രമെ ജനങ്ങൾ ഒന്നിച്ചുചേരേണ്ടതുള്ളു എന്നായിരുന്നു രാജമേധാവിത്വത്തിൻെറ വിവക്ഷ. മോസ്കോയിൽ 1913-ൽ 20 ടെന്നീസ് ക്ലബ്ബുകൾ മാത്ര മെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നു പാർക്കുകളിലെ ക്ലബ്ബുകൾ കൂടാതെ 400 ടെന്നീസ് ക്ലബ്ബുകൾക്കൂടിയുണ്ടു്. സാറിൻെറ റഷ്യയിലെ ബാലന്മാരുടെ ആരോഗ്യത്തെ സംബന്ധിച്ചു ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. പകർച്ച്വ്യാധികൾ പിടിപെട്ടാൽ അതു് ജനങ്ങളുടെ ഇട യിൽ തീപ്പൊരിപോലെ പടൎന്നുപിടിച്ചിരുന്നു. റഷ്യ യിൽ ചികിത്സിക്കുവാൻ 20000 ഡോക്ടർമാർ മാത്രമെ ഉണ്ടായിരുന്നുള്ളു. പ്രസവിച്ചാലുടനേതന്നെ ജീവിതഭാര ത്താൽ സന്താനങ്ങളെ നശിപ്പിക്കുക എന്നതു അന്നു സൎവ്വ സാധാരണമായിരുന്നു. 1910-ൽ ആയിരത്തിനു 285 വീ

തം ഇത്തരത്തിലുള്ള സംഭവങ്ങൾ നടത്തിയിരുന്നുവെന്നു കണക്കാക്കിയിരിക്കുന്നു. 1937-ൽ ഇതു് 67 ശതമാനമായി കുറഞ്ഞിരുന്നു. ദാരിദ്ര്യത്തിൻെറ ഫലമായി വ്യഭിചാരവും പ്രസവശൈഥില്യവും സ്ത്രീകളുടെ ഇടയിൽ അത്ര വിരളമല്ലായിരുന്നു. സംരക്ഷണത്തിനും വളർത്തുന്നതിനുമുള്ള പരിത:സ്ഥിതി ഇല്ലാതിരുന്നതിനാൽ മാതാക്കൾ സന്താനങ്ങളെ ആവശ്യമില്ലാത്ത ഓവിലേയ്ക്കു് വലിച്ചെറിയുക പതിവായിരുന്നു. അമ്മയും അച്ഛനുമില്ലാത്ത സന്താനങ്ങളുടെ എണ്ണം പെരുകിയിരുന്നു. അനാവിടെ അനാഥബാലന്മാരുടെ ഘോഷയാത്രകൾ സർവ്വത്ര വ്യാപിച്ചുകാണപ്പെട്ടിരുന്നു. ധനവാന്മാരുടെ ചുരുക്കം സന്താനങ്ങൾ മാത്രം അഭ്യസ്തവിദ്യരായിത്തീർന്നു. വിദ്യാഭ്യാസമന്ത്രിയായ ഷിഷ്കോവ് തൻെറ യജമാനന്മാരെ പ്രീതിപ്പെടുത്തുവാൻ ഇപ്രകാരം പ്രസ്താവിച്ചു. "അറിവു സമ്പാദിക്കേണ്ടതു വളരെ ആവശ്യമാണു്. എന്നാൽ ജനങ്ങളുടെ സ്ഥിതിഗതികൾ നോക്കി ഉപ്പു് കഴിക്കുന്നതുപോലെ, വളരെ ചുരുക്കമായി മാത്രമേ വിദ്യാഭ്യാസം ശീലിക്കുവാൻ പാടുള്ളു........ ബഹുജനങ്ങളെ വിദ്യ അഭ്യസിപ്പിച്ചാൽ അവരിൽ ഭൂരിപക്ഷവും ഗുണത്തിനു പകരം ദ്രോഹമാണു് വരുത്തിവെയ്ക്കുക". ധനവാന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സന്താനങ്ങളെ മാത്രമേ അന്നു് അധികൃതന്മാർക്കു് വിശ്വാസമുണ്ടായിരുന്നുള്ളു. ഇടത്തരക്കാരും, പട്ടിണിക്കാരുമായ ബാലന്മാരിൽനിന്നു ധനവാന്മാരുടെ സന്താനങ്ങളെ രക്ഷിക്കേണ്ടതു അത്യാവ

ശ്യമാണെന്നു ദീർഘദർശിയായ ഒരു രാജ്യതന്ത്രജ്ഞൻ അന്നു പ്രസ്താവിക്കുകയുണ്ടായി. 1890-ൽ ഗവമ്മേന്റിന്റെ ഒരു പ്രസ്താവനയിൽ "വണ്ടിക്കാരുടെയും ചെറുകച്ചവടക്കാരുടെയും വെള്ളത്തേടന്മാരുടെയും സന്താനങ്ങൾക്കു സെക്കണ്ടറി വിദ്യാഭ്യാസമോ ഉപരിവിദ്യാഭ്യാസമോ നല്കുവാൻ നിവൃത്തിയില്ലെന്നും, പ്രാഥമികവിദ്യാഭ്യാസംതന്നെ വളരെ പരിശോധിച്ചു ചെയ്യേണ്ടതാണെന്നും, വയറു പട്ടിണിയാകാത്തതരത്തിൽ മാത്രമെ അതു നല്കേണ്ടതുള്ളുവെന്നും പ്രസ്താവിച്ചിരുന്നു". 1904-ൽ ആകെയുള്ള ജനസംഖ്യയുടെ 33 ശതമാനം മാത്രമെ വിദ്യാലയങ്ങളിൽ പോയി വിദ്യയഭ്യസിച്ചിരുന്നുള്ളു. റഷ്യൻ വിപ്ലവാവസരത്തിൽ സാറിന്റെ ജനങ്ങളിൽ 64 ശതമാനം സാക്ഷരത്വം ഇല്ലാത്തവരായിരുന്നു. എന്നാലിതൊന്നുകൊണ്ടും ജനങ്ങളെ പാമരന്മാരാക്കി അടിച്ചമത്തുവാൻ സാർചക്രവത്തിക്കു സാധിച്ചില്ല. സാറിന്റെ ഉപരാജ്യാതൃത്തികളിൽ (**Coloney**) മാതൃഭാഷയിലുള്ള വിദ്യാഭ്യാസം അനുവദിച്ചിരുന്നില്ല; റഷ്യൻ ഭാഷയിൽ മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളു.

കസകിസ്ഥാനിൽ 2 ശതമാനവും, ഊസ്ബെകിസ്ഥാനിൽ 1 ശതമാനവും, ടജികിസ്ഥാനിൽ 5 ശതമാനവും മാത്രമെ വിദ്യാഭ്യാസമുണ്ടായിരുന്നുള്ളു. 15 കോടി ജനങ്ങളിൽ 120000 പേർ മാത്രം കോളേജു വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളു. ന്യൂനപക്ഷത്തിനു ലഭിച്ചിരുന്ന വിദ്യാഭ്യാസംതന്നെ മതവും, പള്ളികളിലെ സംഗീതവും, സ്ലാവോ

ണിക്കു(റഷ്യയിലെ സംസ്കൃതം)ഭാഷയുമായിരുന്നു. സാർ രാജകുടുംബത്തോടു കാണിക്കേണ്ട ഭക്തിബഹുമാനാദരങ്ങളെ കുറിക്കുന്ന വിഷയങ്ങളായിരുന്നു പാഠ്യപുസ്തകങ്ങളിൽ അധികവും പഠിപ്പിച്ചുവന്നതു്. ഒരു മതപുരോഹിതൻ സാർവത്രികവിദ്യാഭ്യാസത്തെ സംബന്ധിച്ചു പ്രസ്താവിച്ചതു അതു് അപകടമാണെന്നാണു്. അതു് ജനങ്ങളെ ചിന്തിക്കാൻ പഠിപ്പിക്കുംപോലും!!

## കുടുംബ ജീവിതം

സോവിയററ് റഷ്യയിലെ കുടുംബജീവിതം സാറിൻെറ സമ്പ്രദായത്തിൽ നിന്നു് എത്രയോ വിഭിന്നമാണു്. സ്നേഹബന്ധത്തിൽ കെട്ടിപ്പെട്ടുത്ത ഒരുൽകൃഷ്ടരീതിയിലുള്ള കുടുംബജീവിതമാണിന്നു സോവിയററിലുള്ളതു്. ജോലിയില്ലാതെ പട്ടിണികിടക്കുന്നവരോ വേലയെടുക്കാതെ മണിമേടകളിൽ ഉന്മത്തരായി സല്ലപിക്കുന്നവരോ അവിടെ ഇല്ല. കുടുംബാംഗങ്ങളെല്ലാം പ്രവർത്തിക്കുന്നവരാണു്. മാതാവു് വേലയ്ക്കു് പോകുമ്പോൾ സമുദായം അവളുടെ സന്താനങ്ങളെ ശുശ്രൂഷിച്ചു സംരക്ഷിക്കുന്നു. കുട്ടികൾക്കു യാതൊരുതരമായ വിഷമതയും അനുഭവിക്കേണ്ടിവരുന്നില്ല. പുരുഷനെപ്പോലെതന്നെ സ്ത്രീയ്ക്കും സോവിയററ് നിയമം സമുദായത്തിൽ അധികാരം നല്കിയിരിക്കുന്നു. ലെനിൻെറ ഭാഷയിൽ മുതലാളിത്തസമുദായത്തിലെ സന്താനോല്പാദനത്തിന്നു ചുംബിയ്ക്കുവാനുള്ള ഒരുപകരണം മാത്രമായി അധഃപതിച്ച സ്ത്രീകൾ സോവിയററിൽ

സമുദായത്തിൻെറ വളച്ച്ക്കുവേണ്ടി പ്രവത്തിക്കുന്ന സജീവയംഗങ്ങളായി പരിലസിക്കുന്നു.

വിവാഹത്തിനും വിവാഹമോചനത്തിനും ഉള്ള അവകാശം യു. എസ്. എസ്. ആറിലുണ്ട്. സോവിയററ് സമുദായത്തിൻെറ പ്രാഥമികസന്ധിയിൽ വിവാഹമോചനം അധികമായി നടന്നിരുന്നു. പ്രചരണത്തിൻെറയും ലൈംഗികവിദ്യാഭ്യാസത്തിൻെറയും ഫലമായി അതു കുറഞ്ഞുവന്നു. സന്താനസംരക്ഷണത്തിനു വേണ്ടുന്ന നിയമവും നടപ്പിലാക്കി. ഭത്താവു് സഹധമ്മിണിയുമായുള്ള ബന്ധം വേർപെടുത്തുകയാണെങ്കിൽ തൻെറ വരവിൻെറ 50 ശതമാനം ഉപേക്ഷിക്കപ്പെട്ട ഭായ്യയുടെ സന്താനത്തിന്നു നൽകേണ്ടിയിരിക്കുന്നു. ഈ നിയമം ലംഘിക്കപ്പെടുന്നവക്ക് മൂന്നു കൊല്ലത്തെ ശിക്ഷ നൽകപ്പെടും. സ്ത്രീയുടെ വിസമ്മതത്തോടുകൂടിയാണു് വിവാഹമോചനമെങ്കിൽ ഉപേക്ഷിക്കപ്പെടുന്ന ഭായ്യക്കും ഭത്താവു് അലവൻസ് നൽകണം.

വിവാഹത്തിൻെറ ഒരവിഭാജ്യഘടകമാണു് സന്താനോല്പാദനം. അഞ്ചു സന്താനങ്ങളിൽ അധികമുള്ള മാതാക്കൾക്ക് വഷംതോറും ഒരു സംഖ്യ പാരിതോഷികമായി നൽകിവരുന്നു. ഫാഷിസ്റ്റ് രാഷ്ട്രങ്ങളിലും സന്താനോല്പാദനത്തിനു പ്രോൽസാഹനം കൊടുത്തുവന്നിരുന്നു. സോവിയററിലും ഫാഷിസ്റ്റ്രാഷ്ട്രങ്ങളിലും സാമ്പത്തികസഹായം നൽകുന്നതിൽ വ്യത്യാസമുണ്ട്. ഫാഷിസം, സ്ത്രീകളെ സന്താനോല്പാദനത്തിനുള്ള ഒരു യന്ത്രമാക്കി

അധഃപതിപ്പിച്ചു. അവൾക്ക് സമുദായത്തിൽ യാതൊരധികാരവും ഇല്ലാതാക്കി. അവരിൽനിന്നുണ്ടാകുന്ന സന്താനങ്ങളെ പീരങ്കിയുടെ മുമ്പിൽ നിത്തുവാനുള്ള ഉപകരണമാക്കി മാററുകയാണു ചെയ്യുന്നതു്. യു. എസ്. എസ്. ആറിൽ സ്ത്രീകൾക്കും സന്താനങ്ങൾക്കും സമുദായനേട്ടങ്ങളെ ഐശ്വര്യമായി അനുഭവിച്ചാനന്ദിക്കുവാൻ നിയമം അനുവദിക്കുന്നു. അധികം സന്താനങ്ങൾ വേണമെന്നാഗ്രഹിക്കുന്ന അമ്മമാർക്കും ആ അഭീഷ്ടം കൈവരുത്താം. സോവിയററ് സമുദായത്തിൻെറ സമാധാനപരമായ വളച്ച്യക്കു് കൂടുതൽ ജനങ്ങൾ അത്യാവശ്യമാണു്.

ജനസംഖ്യ വദ്ധിക്കുന്നതനുസരിച്ചു് പാപ്പിടസ്ഥലങ്ങൾ പെരുകിയിട്ടില്ലെന്നു ചിലർ ആക്ഷേപം പുറപ്പെടുവിക്കുന്നുണ്ടു്. ജനസംഖ്യ അനുസരിച്ചു് കെട്ടിടങ്ങൾ നിമ്മിക്കുന്നതു നിഷ്പ്രയാസമായ ജോലിയല്ല. എന്നാൽ ജനങ്ങൾ അലഞ്ഞുതിരിഞ്ഞു ജീവിതം നയിക്കാൻ നിബ്ബന്ധിതരാകാത്ത പരിതഃസ്ഥിതിയാണ് സോവിയററിലുള്ളതു്. നഗരങ്ങളിലെ സന്താനങ്ങൾ അവരുടെ അമ്മമാരോടൊപ്പം പകൽ മുഴുവനും ജീവിതം നയിക്കുന്നതിനുപകരം, ഗവമ്മെൻറു മന്ദിരങ്ങളിൽ സാമൂഹ്യമായി ജീവിച്ചുപോരുന്ന .കുട്ടികളുടെ ജീവിതാരംഭംതന്നെ ശാസ്ത്രീയാടിസ്ഥാനത്തിലാണ് വ്യവസ്ഥാപിതമായിരിക്കുന്നതു്. പണക്കാരുടെ രാഷ്ട്രങ്ങളിൽ ഒരു ന്യൂനപക്ഷത്തിനുമാത്രമേ കുടുംബമായി ജീവിക്കുന്നതിനും എപ്പൊഴും വയർ നിറച്ചുകൊണ്ടു് സന്താനങ്ങൾക്കു് വളരുന്നതിനും സാധി

ക്കുകയുള്ളൂ. ഈ സമ്പ്രദായം സന്താനങ്ങളുടെ സ്വഭാവത്തെയും ദർശനശക്തിയേയും ദൂഷിപ്പിക്കുന്നു.

വിപ്ലവാനന്തരം, ജീവിതദുരിതത്തിൽനിന്നു തൊഴിലാളിവർഗ്ഗത്തിന്നു മോചനം ലഭിച്ചു. ട്രേഡ്യൂണിയൻ സ്ത്രീപുരുഷന്മാരായ തൊഴിലാളികളെ ഒന്നുപോലെ സംരക്ഷിക്കുന്നു. അവിടെ തൊഴിലില്ലായ്മയെ സംബന്ധിച്ചുള്ള ഭയത്തിനവകാശമില്ല. ദിവസവും 6-ം, 7-ം മണിക്കൂർ ജോലിചെയ്തു, ബാക്കിയുള്ള വിശ്രമാവസരത്തിൽ പഠിക്കുവാനും, കുടുംബജീവിതത്തിലെ സുഖങ്ങൾ അനുഭവിക്കുവാനും അവർക്ക് സാധിക്കുന്നു. വേലയ്ക്കു പോകുന്ന സമയങ്ങളിൽ തങ്ങളുടെ സന്താനങ്ങളെ തെരുവിലെറിയാതെ (ബോംബയിലും മററും നടക്കുന്നതുപോലെ കുട്ടികളുടെ നാവിൽ അവീൻപുരട്ടി കിടത്തുവാൻ ഇടയാക്കാതെ) ശിശുവിദ്യാഭ്യാസശാലയിൽ കിടത്തിയിട്ടു വ്യവസായശാലയിൽ പോകുവാൻ സ്ത്രീകൾക്കു സാധിക്കുന്നു. വീട്ടിൽനിന്ന് പാചകംചെയ്തു കൊണ്ടുവരുന്ന ആഹാരങ്ങൾ അവർ വ്യവസായശാലയിൽവച്ചു ഭക്ഷിക്കുന്നു. വിദ്യ അഭ്യസിക്കുന്ന ചെറുപ്രായത്തിൽതന്നെ ആഹാരം നല്ലപോലെ പാകംചെയ്യേണ്ടുന്ന സമ്പ്രദായങ്ങൾ അദ്ധ്യാപകർ അദ്ധ്യേതാക്കളെ പഠിപ്പിക്കുന്നു. രക്ഷിതാക്കൾ ട്രെയിഡ് യൂണിയൻ കേന്ദ്രത്തിലൊ ക്ലബ്ബുകളിലൊ പോകുന്ന അവസരങ്ങളിൽ തങ്ങളുടെ സന്താനങ്ങളെക്കൂടി കൊണ്ടുപോകുന്നതിനു അവർക്ക് സൗകര്യമുണ്ട്. ട്രെയിഡ്യൂണിയൻ കേന്ദ്രങ്ങൾക്കും ക്ലബ്ബുകൾക്കും

അടുത്തു കുട്ടികളെ കിടത്തുന്നതിനും ഒന്നായി വിനോദി ക്കുന്നതിനുമുള്ള പ്രത്യേകക്കെട്ടിടങ്ങൾ സോവിയററിൽ സുലഭമാണ്. സമുദായവളച്ച്യക്കാവശ്യമായിട്ടുള്ള ജീവി തസാഹചര്യം സൃഷ്ടിച്ചതു പ്രാഥമികകാലം മുതല്ക്കാണ്. ആദ്യഘട്ടംമുതൽ ജീവിതപരിവത്തനം ആരംഭിക്കുന്നു.

വിദ്യാഭ്യാസപ്രവത്തനത്തിൽ സജീവപങ്കു വഹിച്ച ലെനിൻെറ ഭാര്യ ക്രൂപ്സ്കായ പറയുന്നു:—“കുട്ടികൾക്കു രക്ഷിതാക്കളുമായുള്ള ബന്ധം അടിച്ചമത്തപ്പെടുവാൻ സാധിക്കുകയില്ല. വിദ്യാഭ്യാസരീതി മറെറാരുരൂപം കൈ ക്കൊണ്ടാലും, കുട്ടികൾക്കും രക്ഷിതാക്കൾക്കും കൂടുതൽ ആനന്ദപ്രദമായിരിക്കണം...സോഷ്യലിസ്റ്റ് സമുദായത്തി ൽ കുട്ടികളെ വളത്തുന്നതിന് അദ്ധ്യാപകന്മാരോടൊപ്പം രക്ഷിതാക്കൾക്കും സ്വയം നിവ്വഹിക്കേണ്ട ഉത്തരവാദി ത്വമേറിയ ചില കടമകളുണ്ട്.” ഈ സിദ്ധാന്തം ഒരു മാഗ്ഗദശിയാകയാൽ കുടുംബജീവിതവും വിദ്യാലയജീവി തവും തമ്മിൽ വേർപെടുത്തുവാൻ പാടില്ല. ചുരുക്കി പ്പറഞ്ഞാൽ കുട്ടികളുടെ സമുദായത്തെ വളത്തിക്കൊണ്ടു വരുന്നതിനു വിദ്യാഭ്യാസത്തിൻെറ നടത്തിപ്പിൽ രക്ഷി താക്കൾക്കു് ഒഴിച്ചുകൂടാത്ത കത്തവ്യങ്ങളുണ്ട്. യങ്ങ്കമ്മ്യൂ ണിസ്റ്റ്ലീഗിൻെറ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭണ ഫലമായി കേന്ദ്രത്തിൽനിന്നുള്ള ഒരു ഡിപ്പാർട്ടുമെൻറ് നയിക്കുന്നതിനുപകരം, പ്രാഥമികവിദ്യാഭ്യാസകേന്ദ്ര ങ്ങൾ പ്രാദേശികയുല്പാദനകേന്ദ്രങ്ങളുമായി ബന്ധം സ്ഥാ പിക്കപ്പെട്ടു. കസകസ്ഥാനിലെ ഒരു ഗ്രാമത്തിൽ ഒരു ബാർബർഷാപ്പിനു സമീപത്താണ് വിദ്യാലയം സ്ഥാപി

ച്ചിരിക്കുന്നത്. "ഫാക്ടറിയുടെ സമീപത്തുള്ള വിദ്യാലയങ്ങളിലെ കൊച്ചുപൈതങ്ങളെ ഫാക്ടറിയിൽ ജോലിചെയ്യുന്ന രക്ഷിതാക്കൾക്ക് അന്വേഷിക്കുവാനും സാധിക്കും.

വിദ്യാലയങ്ങളുടെ നടത്തിപ്പിനുവേണ്ടി രക്ഷിതാക്കളുടെ കൗൺസിലുകൾ തിരഞ്ഞെടുക്കപ്പെടുന്നു. കൌൺസിലിൻെറ ഓരോ അവസരത്തിലും വിദ്യാഭ്യാസഡയറക്ടരിൽനിന്നു രക്ഷിതാക്കളുടെ കൌൺസിലുകൾക്ക് റിപ്പോർട്ടു ലഭിക്കുന്നു. വിദ്യാലയത്തിൻെറ നടത്തിപ്പിന്നു രണ്ടുകൂട്ടരും യോജിച്ചുകൊണ്ടുള്ള ഒരു പ്ലാനാണ് തയാറാക്കുന്നത് വിദ്യാലയത്തിനാവശ്യമായ ഉപകരണങ്ങൾ രക്ഷിതാക്കൾ ജോലിചെയ്യുന്ന ഫാക്ടറിയും, വിദ്യാത്ഥികൾക്കുള്ള ആഹാരസാധനങ്ങൾ നാട്ടുകാരുടെ ഭക്ഷണശാലയുമാണ് നൽകുക. കുട്ടികളുടെ ഭക്ഷണം പാകപ്പെടുത്തുന്നതു് അവരുടെ മാതാപിതാക്കളാണ്. വീടും വിദ്യാലയവും തമ്മിലുള്ള ബന്ധം വേർപെടുത്തുവാൻ സാധിക്കാത്ത വ്യവസ്ഥകളാണ് സോവിയററിലുള്ളതു്. അദ്ധ്യാപകന്മാർ വിദ്യാത്ഥികളുടെ ഗൃഹങ്ങൾ ഓരോ അവസരത്തിലും സന്ദശിക്കുന്നു. രക്ഷിതാക്കളുടെ കുടുംബജീവിതത്തിൻെറ വളച്ച്യയ്ക്കും അഭിവൃദ്ധിക്കും ആവശ്യമായ ഉപദേശങ്ങൾ നൽകുകയും; ബുദ്ധിമുട്ടുകൾക്ക് നിവാരണം വരുത്തിക്കൊടുക്കുകയും ചെയ്യുന്നു. വിദ്യാലയങ്ങളിൽ രക്ഷിതാക്കൾക്കുവേണ്ടി ചില പ്രത്യേകാവസരങ്ങളിൽ ക്ലാസ്സുകൾ ഏറ്റപ്പെടുത്തിയിട്ടുണ്ടു്. അതുപോലെതന്നെ വിദ്യാത്ഥികൾ ഫാക്ടറികളിൽപോയി തങ്ങളുടെ മാതാപിതാക്കളുടെ ജോലികണ്ടു മനസ്സിലാക്കുകയും വി

നോദിക്കുകയും ചെയ്യുന്നു. ഫാക്ടറിയിൽ ചുമർകടലാസ്സുകളും വായനശാലകളുമുണ്ട്. ഇവയുടെ നടത്തിപ്പിനു ബാലന്മാരുടെ സഹായം രക്ഷിതാക്കൾക്കു അപരിഹാര്യമായിരിക്കുന്നു. ഫാക്ടറി സന്ദർശിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ ഹിതാനുസരണം വിദ്യാലയജീവിതത്തിനു ശേഷം അതേ ഫാക്ടറിയിൽ വേലക്കു പ്രവേശിക്കുന്നു. ഉദ്യോഗാർത്ഥം രാജ്യംമുഴുവൻ അലഞ്ഞുതിരിഞ്ഞു നടക്കേണ്ട ആവശ്യം സോവിയററിലില്ല. മുതലാളിത്വരാഷ്ട്രങ്ങളിലെപ്പോലെ തൊഴിലില്ലാത്തവരെ വാർത്തുവിടുന്ന ഒരു യന്ത്രശാലയല്ല സോവിയററിലെ വിദ്യാഭ്യാസകേന്ദ്രങ്ങൾ. ഈ രീതിയിലുള്ള വിദ്യാഭ്യാസം റഷ്യയുടെ വിപ്ലവചരിത്രത്തിൽ പ്രായമായവരെക്കാൾ ബാലന്മാരെ നന്നാക്കുന്നതിനു ഉപകരിക്കുന്നു. വിപ്ലവത്തിൻെറ വീരസന്താനങ്ങൾ എന്ന നിലയിൽ അവരെ ബഹുമാനിക്കുന്നു. അവർ അവരുടെ രക്ഷിതാക്കന്മാരോടു അനുസരണശീലമുള്ളവരായി വളരുന്നു. വിപ്ലവത്തിനുശേഷമുണ്ടായ ആദ്യഘട്ടങ്ങളിൽ ഇടുങ്ങിയ പരിതസ്ഥിതിയിൽ ജീവിച്ചുവന്നിരുന്ന രക്ഷിതാക്കളുടെ ഇടയിൽ നവീനചിന്താഗതിക്ക് പല പ്രയാസങ്ങളേയും അഭിമുഖീകരിക്കേണ്ടിയിരുന്നു. നൂതനചിന്താഗതിയെ പരിലാളിച്ചിരുന്ന ബാലന്മാർക്ക് തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാനും തദനുസരണം ജീവിക്കുവാനും അനവധി വൈഷമ്യങ്ങൾ നേരിടേണ്ടിവന്നു. അവർ അവരുടെ ചുററുപാടും നിവസിച്ചിരുന്ന വിദ്യാവിഹീനരായ നാട്ടു

കാരുടെ പേരുകൾ കുറിച്ചെടുത്തു രജിസ്റ്റർ ഉണ്ടാക്കി (ചൈനയിൽ ഇന്നു ചെയ്യുന്നതുപോലെ) രക്ഷിതാക്കളേയും മററു മുത്തച്ഛന്മാരെയും എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചു. മദ്യപാനത്തിന്നെതിരായി പൊതുയോഗങ്ങൾമൂലം പ്രക്ഷോഭണം നടത്തി. ഒരവധിദിവസം കുട്ടികളുടെ ഒരു ഘോഷയാത്ര, ധാന്യംപൊടിക്കുന്ന ഒരു മില്ലുത്തിയിലേക്കു മാർച്ചുചെയ്തു. പിക്കററുചെയ്യുകയും അപകടമണി അടിക്കുകയും ചെയ്തു. മണിനാദം കേട്ടു അസംഖ്യം തൊഴിലാളികൾ കൂട്ടംകൂട്ടമായി അവിടെ വന്നുചേർന്നപ്പോൾ, ബാലസംഘത്തിൻെറ ജാഥനയിച്ച 14 വയസ്സുമാത്രം പ്രായമുള്ള അവരുടെ നേതാവ്, തൊഴിലാളികളോടു മേലാൽ അവർ ഓരോരുത്തരും മദ്യപിക്കയില്ലെന്നു ശപഥം ചെയ്യുന്നവരെ ജാഥ സ്ഥലംവിട്ടു പോകയില്ലെന്നു സധീരം പ്രസ്താവിച്ചു. തൊഴിലാളി പ്രതിനിധികളും ബാലസംഘവും ജാഥാ നേതാവുമായി അവസാനം ഒരേതീരുമാനത്തിൽ എത്തുകയും ബാലന്മാരുടെ ആവശ്യങ്ങൾക്ക് തൊഴിലാളികൾ വഴങ്ങേണ്ടിവരികയും ചെയ്തു. ഇതുപോലെതന്നെ മറെറാരവസരത്തിൽ രക്ഷിതാവിൻെറ വീട്ടിലേക്കു കുട്ടികൾ ജാഥചെന്നു മകനെ അടിക്കരുതെന്നു പറഞ്ഞു. വൈമനസ്യത്തോടുകൂടിയാണെങ്കിലും, പിറുപിറുത്തതിനുശേഷം "മേലിൽ എൻെറ മകനെ അടിക്കുകയില്ലെന്നു'' ജാഥാനേതാവിനു ആ കുട്ടിയുടെ രക്ഷിതാവ് ഉറപ്പുനൽകി.

പൊതുജനപ്രക്ഷോഭണത്താൽ, ഭർത്താക്കന്മാർ ഭാൎയ്യമാരെ ദ്രോഹിക്കുകയും അടിക്കുകയും ചെയ്യുന്നതു നിൎത്തിയതുപോലെതന്നെ കുട്ടികളെ മർദ്ദിക്കുന്നതും സോവിയററിൽ പരിപൂൎണ്ണമായി നിലച്ചുപോയി. രക്ഷകൎത്താക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിനിടയ്ക്കു് യാതൊരു വിരോധത്തിൻെറ ഭിത്തിയും അവിടത്തെ കുടുംബജീവിതത്തിൽ കാണുന്നില്ല. ഗ്രാമോദ്ധാരണപരമായ ബാലന്മാരുടെ സമുദായശുശ്രൂഷയെ രക്ഷിതാക്കൾ അഭിനന്ദിക്കുകയാണു് ചെയ്യുന്നതു്. പാടങ്ങളിലും സൎഗ്ഗഹങ്ങളിലും ആവശ്യമായ ജോലികൾ ചെയ്തു, രക്ഷകൎത്താക്കളെ ബാലന്മാർ സഹായിച്ചുവരുന്നു. സോവിയററു സമുദായത്തിൻെറ ഭാവിപൗരന്മാരായി വളൎന്നുവരുന്നതിനുതകുന്ന ശിക്ഷണവും പരിശീലനവും വിദ്യാലയങ്ങളിൽ വെച്ചുതന്നെ ബാലന്മാൎക്കു് നൽകപ്പെടുന്നു.

## ജീവിതാരംഭം

ബുദ്ധിപരമായും കായികപരമായുമുള്ള സോവിയററിൻെറ വിജയപൂൎണ്ണമായ വളൎച്ചയ്ക്കു അവിടത്തെ ജനതയുടെ മുഴുവൻ കഴിവുകളെ വിനിയോഗിക്കേണ്ടതു് ആവശ്യമാണു്. 1928-മുതൽ '20-വരെ നടന്ന ഇടംകോലിടൽ യുദ്ധകാലത്തു, സൈനികവിഭാഗത്തിനായിരുന്നു സോവിയററ് ഒന്നാമത്തെ സ്ഥാനം കല്പിച്ചിരുന്നതു്. അന്നു രണ്ടാമത്തെ സ്ഥാനംമാത്രമെ ബാലന്മാരെ വളൎത്തിക്കൊണ്ടുവരുന്നതിനു നൽകിയിരുന്നുള്ളു. ഒരു

സന്താനം ഗർഭപാത്രത്തിലുണ്ടായിരിക്കുമ്പോഴും പുറത്തു വന്നാലും അതിന്നാണ് പ്രാധാന്യം കല്പിക്കേണ്ടതെന്ന തീരുമാനത്തിൽ ആധുനികശാസ്ത്രം എത്തിച്ചേർന്നിരിക്കുന്നു. തൽഫലമായി ചുമർപരസ്യങ്ങൾ സിനിമാ ഫിലിം, പ്രസംഗങ്ങൾ, പുസ്തകങ്ങൾ എന്നിവകൾ വഴിയായി പ്രചാരവേലകൾ ചെയ്യുന്നുണ്ട്. ഗർഭിണികളായ സ്ത്രീകളെ പരിശീലനം നേടിയ അമ്മമാരുള്ള പ്രസവശുശ്രൂഷാലയങ്ങളിലേക്ക് പോകുവാൻ പ്രേരിപ്പിക്കുന്നു. പ്രസവിച്ച സന്താനങ്ങളെ എങ്ങിനെ നന്നായി വളർത്താമെന്നു അവിടെവെച്ചു പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. അതിനടുത്തുതന്നെ പ്രസവിച്ച സ്ത്രീയ്ക്കും കുട്ടിക്കും സന്ദർശിക്കുവാനുള്ള ഒരു കാഴ്ചബംഗ്ലാവുണ്ട്. ശമ്പളത്തിൽ നഷ്ടം കൂടാതെ ട്രെയിഡ് യൂണിയൻ സ്ത്രീകൾ ഇതു് സന്ദർശിക്കുവാൻ സൗകര്യവും അവസരവും നല്കുന്നു. തൊഴിലാളികളായ സ്ത്രീകൾക്ക് മുഴുവൻ ശമ്പളത്തോടുകൂടി പ്രസവത്തിന് മുമ്പും പിമ്പുമായി 4 മാസത്തെ അവധി അനുവദിക്കുന്നു.

1930-ൽ കുട്ടികളെ സംരക്ഷിച്ചുവളർത്തേണ്ടതിനു ഉപദേശം നല്കിയിരുന്ന 2000 കേന്ദ്രങ്ങൾ സോവിയററിൽ ഉണ്ടായിരുന്നു. ഇന്നു കേന്ദ്രങ്ങളുടെ എണ്ണം പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ട്. പരിഷ്കാരത്തിൻെറ വെളിച്ചംപോലും ചിരകാലമായി സ്പർശിക്കാത്ത സൈബീരിയൻ കുഗ്രാമങ്ങളിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പറക്കുന്ന സംഘാടകൾ (**Flying Squads**) കൊല്ലംകാലത്തു സഞ്ചരിച്ചുവരുന്നു. കുട്ടികളുടെ കാര്യം ഗൗരവമായി

ശ്രദ്ധിക്കാതെ ജോലിക്കു പോകുന്ന തള്ളമാക്കു വേണ്ട ഉപദേശങ്ങൾ നല്കുകയും അവരുടെ സംരക്ഷണത്തിനു വേണ്ടുന്ന സൗകര്യങ്ങൾ ഡാക്ടറന്മാർ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. വേലക്കാക്കും അവരുടെ സഹധമ്മിണികൾക്കും ശമ്പളത്തിനു പുറമെ, ആരോഗ്യപരമായ ഉപദേശങ്ങൾ നല്കുകയും പ്രതിഫലമില്ലാതെ സ്ത്രീകളെ പ്രസവശുശ്രൂഷ നല്കുന്ന ആശുപത്രികളിൽ വെച്ചു ചികിത്സിക്കുകയും ചെയ്യുന്നു. നഗരങ്ങളിൽ ജോലിചെയ്യുന്ന അമ്മമാരിൽ 90 ശതമാനം ഇത്തരം ആശുപത്രികൾ സന്ദർശിക്കുന്നുണ്ട്. ഗ്രാമീണസ്ത്രീകളാണ് ഇതിൽ പിന്നോക്കം നില്ക്കുന്നതു്. എന്നാൽ സ്റ്റേററും കൂട്ടകൃഷിക്കാരും ഗ്രാമീണസ്ത്രീകളുടെ ഈ സ്വഭാവത്തിന്ന് മാററം വരുത്തുന്നതിനു ശ്രമിക്കുന്നു. പ്രസവശുശ്രൂഷാകേന്ദ്രങ്ങളിൽ കുട്ടികൾക്കു് പാലുകൊടുക്കുന്നതിനുള്ള പാചകശാലകൾ പ്രത്യേകിച്ചുണ്ടു്. മാതാക്കൾക്കു് പ്രത്യേക ഭക്ഷണമാണ് നല്കുന്നതു്. പ്രസവിച്ച സ്ത്രീകൾ, ശുശ്രൂഷാകേന്ദ്രങ്ങളിൽനിന്നു പുറത്തുപോയാൽ കുട്ടികളോടൊപ്പം കൂടെക്കൂടെ പരിശോധനയ്ക്കായി കേന്ദ്രങ്ങൾ സന്ദർശിക്കേണ്ടതാണു്. വസന്തകാലത്തു രോഗം ഉളവാക്കുന്ന ഈച്ചകൾ കുട്ടികളുടെ ആഹാരങ്ങളിൽ സ്പർശിക്കാതിരിക്കാൻ പ്രത്യേകം ചുമർപരസ്യങ്ങളും പ്രചാരവേലകളും നടത്തിവരുന്നു.

സന്താനത്തിനു രണ്ടുമാസം പ്രായമാകുമ്പോൾ, തൊഴിലാളിസ്ത്രീയാണെങ്കിൽ കുട്ടിയെ ശിശുസംരക്ഷണകേന്ദ്രത്തിൽ ഏല്പ്പിച്ചിട്ടു അമ്മ ജോലിക്കു പോകുന്നു.

ശിശു സംരക്ഷണകേന്ദ്രത്തെ സംബന്ധിച്ചു ലെനിൻ "അതു കമ്മ്യൂണിസ്റ്റ് സമുദായത്തിൻെറ ജീവനാണെന്നു പ്രസ്താവിക്കുന്നു. സന്താനോല്പാദനം ദേശീയജീവിതത്തിൽ മാതാക്കൾ വഹിക്കുന്ന കായികവും മാനസികവുമായ പങ്കാണു്. പ്രാഥമികവിദ്യാലയങ്ങളുള്ള ഡിസ്ട്രിക്ട്ടുകളിൽ ശിശു സംരക്ഷണകേന്ദ്രത്തിൽ കുട്ടിയെ മൂന്നു വയസ്സാകുന്നതുവരെ മാത്രമെ പാക്കാൻ അനുവദിക്കുകയുള്ളു. അതല്ലാത്ത സ്ഥലങ്ങളിൽ എട്ടു വയസ്സുവരെ താമസിപ്പിക്കും. അധികവും സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന 6000 വേലക്കാരുള്ള ലെനിൻ ഗ്രാഡിലെ ഫാക്ടറിയുടെ സമീപം ഒരു ശിശുസംരക്ഷണാലയമുണ്ടു്. തൊഴിലാളികളുടെ സന്താനങ്ങളെ അവിടെ കിടത്തിയിരിക്കുന്നുവെന്നു ഒരു സന്ദർശകൻ പറയുന്നു. കുട്ടികളുടെ മന:ശാസ്ത്രം പഠിച്ച ഒരു വനിതാഡോക്ടറാണു് അതിൻെറ നേതൃത്വം വഹിക്കുന്നതു്. ആ കേന്ദ്രത്തിലെ തൊഴിലാളിസ്ത്രീകൾ രാവിലെ അവിടെ വന്നിട്ടാദ്യമായി ശിശുക്കളെ കുളിപ്പിച്ചു പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കുന്നു. ചൂടുവെള്ളവും തണുത്തവെള്ളവും നിറച്ചുവെച്ചിട്ടുള്ള കുളിമുറികൾ ഉണ്ടു്. രണ്ടുവയസ്സായ കുട്ടികൾ ഭക്ഷണത്തിനു മുമ്പും പിമ്പും അവർതന്നെ ദേഹം ശുചിയാക്കുന്നു. ഓരോ ബാലനും കോട്ടു്, തുവാല, വസ്ത്രം, പല്ലു തേയ്ക്കാനുള്ള ബ്രഷ് തുടങ്ങിയവ സ്വന്തമായി സൂക്ഷിക്കുന്നു. ആറുമാസത്തെ പ്രായമില്ലാത്ത ബാലന്മാരെ പ്രത്യേക മുറികളിൽ കിടത്തി സംരക്ഷിക്കുന്നു. ഫാക്ടറികളിൽ

ഒഴിവുള്ള സമയം അമ്മമാർ വന്നു കുട്ടികൾക്കു ഭക്ഷണം കൊടുക്കുന്നു. ശുശ്രൂഷാകേന്ദ്രത്തിൽ അവക്കു പ്രത്യേക തരത്തിലുള്ള ആഹാരമാണു നല്കുന്നതു്. രണ്ടുമൂന്നുവഷ കാലം ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രത്യേക പഠനവും മൂന്നുമുതൽ എട്ടുവരെ പ്രാഥമികവിദ്യാലയങ്ങളിലും പഠിപ്പിക്കുന്നു. അങ്ങിനെ സാമുഹ്യജീവിതാടിസ്ഥാനത്തിൽ കുട്ടികളെ വളർത്തിവരുന്നു.

വിപ്ലവത്തിനു ശേഷം കുട്ടികളെ വളർത്തുന്നകാര്യത്തിൽ സ്റ്റേററു പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. ബാലപരിചാരകസംഘം സ്ഥാപിച്ചു്, ജനങ്ങളിൽ നിന്നു പണവും മററു സാധനങ്ങളും ശേഖരിച്ചു് ബാലന്മാക്കു് താമസകേന്ദ്രങ്ങളും വിനോദസ്ഥലങ്ങളും നടത്തിവന്നു. ജനസമ്മതരായി അംഗീകരിക്കപ്പെട്ട ആളുകൾക്കു ഈ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും നല്കി. നാട്ടുകാരെ ഇതിലേക്കു പ്രോത്സാഹിപ്പിക്കാൻ വേണ്ടി മററു സ്ഥലങ്ങളിലുള്ള സമത്ഥകളായ സ്ത്രീകളെ ഇതിൻെറ ഭാരവാഹിത്വം ഏല്പിച്ചു. സമുദായത്തിലെ ഓരോ വ്യക്തിയും, ലൈംഗികവ്യത്യാസം കൂടാതെ സമുദായത്തെ ഭരിക്കുവാൻ പഠിപ്പിക്കണമെന്നുള്ള ലെനിൻെറ സിദ്ധാന്തമനുസരിച്ചാണു് ഈ സമ്പ്രദായം കൈക്കൊണ്ടിട്ടുള്ളതു്. ഇമ്മാതിരി പൊതുസ്ഥാപനങ്ങളുടെ ചുമതല വഹിക്കുവാൻ പ്രത്യേകം പഠനവും പരിചയവും സാമത്ഥ്യവും അത്യാവശ്യമായിരിക്കുന്നു. ഉത്തരവാദിത്വനിവ്വഹണത്തിന്നു് അയോഗ്യരായ വനിതകൾ അതിൽനിന്നു പിന്മാറേണ്ടിയിരിക്കുന്നു. പരീക്ഷണാത്ഥം ഇതു ആദ്യമായി നടപ്പി

ലാക്കിയത്തു വോൾഗാ ഡിസ്റ്റ്രിക്റ്റിലായിരുന്നു. കുറെ വർഷങ്ങൾക്കുള്ളിൽ ഇത്തരം ശുശ്രൂഷാകേന്ദ്രങ്ങളുടെ ആവശ്യകത അടുത്ത ഡിസ്റ്റ്രിക്റ്റിലെ ജനങ്ങൾക്ക് ബോധ്യമാകുകയും അവർ അക്കാര്യത്തിൽ ഉൽസുകരായിത്തീരുകയും ചെയ്തു. ജനങ്ങളുടെ ഇടയിൽനിന്നു സ്വയം വളർന്നുവരുന്ന പ്രസ്ഥാനങ്ങളെ ഗവർമ്മെന്റു പ്രോത്സാഹിപ്പിച്ചുവന്നു.

ബാലശുശ്രൂഷാകേന്ദ്രങ്ങളിലേക്ക് ഓരോ മാതാവും അവളുടെ സന്താനങ്ങളെ അയയ്ക്കണമെന്നുള്ളതു ഒരു നിർബ്ബന്ധനിയമമല്ല. എന്നാൽ അമ്മമാരിൽ അധികവും തങ്ങളുടെ സന്താനങ്ങളെ ശുശ്രൂഷാകേന്ദ്രങ്ങളിലേക്ക് അയയ്ക്കുവാൻ ഇഷ്ടപ്പെടുന്നു. ശുശ്രൂഷാകേന്ദ്രങ്ങൾതന്നെ രണ്ടുതരം സമ്പ്രദായങ്ങളെ ഉൾക്കൊള്ളുന്നവകളാണു്.

ഒരുതരം സ്ഥിരമായിട്ടുള്ളതും മറേറതു ചില പ്രത്യേകമാസങ്ങളിൽ മാത്രം നടത്തപ്പെടുന്നവയുമാകുന്നു. രണ്ടാമത്തെ ഇനത്തിൽപെടുന്ന ശുശ്രൂഷാകേന്ദ്രങ്ങൾ ഗ്രാമങ്ങളിലാണു് അധികവും സ്ഥിതിചെയ്യുന്നതു്. ജോലിത്തിരക്കുമുള്ള കൊയ്ത്തുകാലത്തും, പാലങ്ങളോ തോടുകളോ അണകളോ നിർമ്മിക്കുമ്പോഴും ഗ്രാമങ്ങളിൽ ഇവകൾ ആവശ്യമായിത്തീരുന്നു. ക്ലബ്ബുകൾ, ഓഫീസ്സുകൾ, ഫാക്ടറികൾ, നാടകശാലകൾ, ജയിലുകൾ, റെയിൽവേസ്റ്റേഷൻ സ്ഥലങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലത്രേ സ്ഥിരമായ ശിശുസംരക്ഷണമന്ദിരങ്ങൾ ആവശ്യമുള്ളു. രാത്രികാലങ്ങളിൽപോലും സ്ത്രീകൾ ജോലിചെയ്യുന്നതുകൊണ്ടു ഈവ

മന്ദിരങ്ങൾ തുറന്നിട്ടിരിക്കുന്നു. 1941-ാമാണ്ടോടുകൂടി സ്ത്രീകളുടെ ജോലി വളരെ കുറഞ്ഞിട്ടുണ്ട്. പുരുഷന്മാരെ യുദ്ധാവശ്യത്തിനു വിളിക്കപ്പെട്ടതിനാൽ ആ സ്ഥലത്തു സ്ത്രീകൾ വേലചെയ്യപ്പെടുന്നു.

റഷ്യൻ റിപ്പബ്ലിക്കിലെ ശിശുരക്ഷണമന്ദിരങ്ങളിൽ 1928-ൽ 31955 കിടക്ക ഉണ്ടായിരുന്നതു 1933 ആയപ്പോഴേക്കു 161822 ആയി വർദ്ധിച്ചു. കൃഗ്രാമങ്ങളിൽ 101946-ൽനിന്നു 3002762 ആയി പെരുകി. യു. എസ്. എസ്. ആറിൽ ആകെ 1932-ൽ 45 ലക്ഷം കേന്ദ്രങ്ങൾ ഉണ്ടായിരുന്നതു 1936-ൽ 55 ലക്ഷമായി വർദ്ധിക്കപ്പെട്ടു. ബാലന്മാരുടെ സംരക്ഷണത്തിനായി 1938-ൽ ട്രെയിഡ് യൂണിയൻ സംഘടന മാത്രം 6510 ലക്ഷം റൂബിൾ ചിലവാക്കിയിട്ടുണ്ട്. ആണ്ടുതോറും ശുശ്രൂഷയ്ക്കുള്ള പരിപാടികൾ വിപുലമായി വർദ്ധിച്ചു വരികയാണ് ചെയ്യുന്നതു്.

## ശുശ്രൂഷാകേന്ദ്രങ്ങൾ

കുട്ടിക്കു മൂന്നുവയസ്സു പ്രായമാകുമ്പോൾ, ബാലനെ ശുശ്രൂഷാകേന്ദ്രത്തിലോ, ബാലമന്ദിരത്തിലോ പ്രവേശിപ്പിക്കുന്നു. മാതാവ് ആഗ്രഹിക്കുന്നപക്ഷം ബാലനെ എല്ലാ സമയവും ശുശ്രൂഷാമന്ദിരത്തിൽതന്നെ പാർപ്പിക്കാം. ദിവസവും ഒരു നിശ്ചിതസമയം മാത്രമെ ബാല

മന്ദിരത്തിൽ കിടത്തുവാൻ പാടുള്ളൂ. വിദ്യാഭ്യാസം നല്കുന്നതിനുള്ള സൗകര്യങ്ങളും, ഉഷ്ണകാലത്തും തണുപ്പുകാലത്തും വിനോദിക്കുന്നതിനുള്ള സ്ഥലങ്ങളും മന്ദിരങ്ങളോടനുബന്ധിച്ച് ഏർപ്പാടു ചെയ്തിട്ടുണ്ട്. മാറിക്കൊണ്ടിരിക്കുന്നതും വളർന്നുവരുന്നതുമായ സമുദായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി ഭാവിപൗരന്മാരെ സൃഷ്ടിക്കുന്നതിനുള്ള പരിതഃസ്ഥിതികൾ കെട്ടിപ്പടുക്കുന്നതിനാണ് ചെറുപ്രായത്തിൽതന്നെ കുട്ടികൾക്കു വിദ്യാഭ്യാസസൗകര്യങ്ങൾ നല്കിവരുന്നത്. പ്രാഥമികവിദ്യാഭ്യാസം മുതല്ക്കേ, കുട്ടികൾക്ക്, പ്രകൃതിശാസ്ത്രം, കണക്ക്, സംഗീതം, ഡാൻസിങ്ങ്, ചിത്രമെഴുത്ത് എന്നീ വിഷയങ്ങളിലുള്ള പരിജ്ഞാനം നല്കിവരുന്നു. ഇതിനുംപുറമെ കൈവേലകളും പൂന്തോട്ടങ്ങൾ വളർത്തുന്നതിനുള്ള ശിക്ഷണവും അവരെ പഠിപ്പിക്കുന്നുണ്ട്. ദേശീയമേളങ്ങൾ ആഘോഷിക്കുവാൻ തണുപ്പുകാലത്തു സ്പോർട്ട്സുകളും, തൊഴിലാളികേന്ദ്രങ്ങളിൽ രാഷ്ട്രീയസാംസ്കാരികപരിപാടികളും ഏർപ്പാടു ചെയ്തിരിക്കുന്നു. പൊതുജനതാല്പര്യത്തെ സംരക്ഷിക്കുന്ന സാംസ്കാരികപുരോഗതിയോടുകൂടിയ ഒരു സമുദായത്തിലാണ് ബാലജനങ്ങൾ വളർന്നുവരേണ്ടത്.

ബാലവിദ്യാഭ്യാസകേന്ദ്രത്തിൽ ദിവസവും കുട്ടികൾ രാവിലെ 7—30-ന ഹാജരാകണം. ദേഹം ശുചിയാക്കുന്നതിനും കായികാഭ്യാസനത്തിനും വസ്ത്രം മാറുന്നതിനും മററുമായി ഒരു മണിക്കൂർ സമയം വേണ്ടിവരുന്നു. 8—30-ന് അധികമില്ലെങ്കിലും 'ജീവസ്സുള്ള' പ്രാതൽ നല്കുന്നു. 9—20-ന് ക്ലാസ്സ് ആരംഭിക്കുന്നു. നാലുമുതൽ

അഞ്ചുവയസ്സുവരെ പ്രായമുള്ള ബാലന്മാൎക്ക 15 മിനിട്ടു വീതം ചിത്രം വരയും, പ്രകൃതിശാസ്ത്രവും കൈവേലയും പഠിക്കേണ്ടിയിരിക്കുന്നു. ആറുവയസ്സുള്ള കുട്ടികൾക്ക് 20 മിനിട്ടും ഓരോ വിഷയത്തെക്കുറിച്ച് പഠിക്കുവാൻ സൗകൎയ്യം നല്കിയിരിക്കുന്നു. പഠിക്കുന്നതോടൊപ്പം വിനോദങ്ങളിലും അവർ സംബന്ധിക്കണം. 12—30-ന് ആഹരിക്കുവാനുള്ള അവസരമാകുന്നു. ഭക്ഷണത്തിന്നു സൂപ്പോ, ഇറച്ചിയോ മത്സ്യമോ ഏതെങ്കിലുമൊന്നും സസ്യാഹാരവും നൽകുന്നു. 2-മുതൽ 4-വരെ സ്വന്തം സ്ഥലത്ത് വിശ്രമിക്കണം. (ഉറങ്ങുന്നതിന്നു വിരോധമില്ല) അതിനുശേഷം പാലും ബിസ്കൂറ്റും നൽകുന്നു. 5—30-വരെ കളിക്കുന്നതിനുള്ള അവസരമാണ്. അനന്തരം സ്വന്തം ഗൃഹങ്ങളിലേക്ക് ബാലന്മാർ പോകുന്നു. അമ്മമാർ രാത്രി ജോലിക്കു പോകുന്നതുനിമിത്തം, ശുശ്രൂഷാകേന്ദ്രങ്ങളിലെ ബാലന്മാൎക്ക് 6—30-ന് സായംകാലത്തിലെ ഭക്ഷണം ലഭിക്കും. രാത്രി എട്ടുമണിക്ക് അവൎക്ക് ഉറങ്ങാനുള്ള അവസരമാകുന്നു.

കുട്ടികൾക്കുള്ള കെട്ടിടങ്ങൾ പ്രത്യേകതരത്തിൽ നിൎമ്മിച്ചിട്ടുള്ളവകളാണ്. വായുസഞ്ചാരത്തിനുള്ള സൗകൎയ്യങ്ങളോടുകൂടിയ മുറികൾ എപ്പോഴും ശുചിയായി സൂക്ഷിക്കപ്പെടുന്നു. സ്വന്തമായി കുട്ടികളാൽ വരയ്ക്കപ്പെട്ട ചിത്രങ്ങളെക്കൊണ്ട് മുറികൾ അലങ്കരിക്കപ്പെടുന്നു. സുന്ദരമായ പ്രകൃതിവസ്തുക്കളെക്കൊണ്ട് അലംകൃതമായ ഒരു കേന്ദ്രവും ആ കെട്ടിടത്തിൽ ഉണ്ടായിരിക്കണം.

കുട്ടികൾക്കുള്ള തൊഴിൽശാലയിൽവച്ച് അരിവാൾ കൊണ്ടും ചുററികകൊണ്ടും ഉപയോഗിക്കുന്ന വിധങ്ങളും സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള വിദ്യയും അവരെ പഠിപ്പിക്കുന്നു. കുട്ടികൾ അക്കാര്യങ്ങളിൽ വളരെ സാമത്ഥ്യമുള്ളവരായിത്തീരുന്നു. ഗ്രന്ഥവായനയ്ക്കുള്ള മുറികളിൽ ലെനിൻെറ മുദ്രാവാക്യങ്ങൾ എഴുതിവച്ചിട്ടുണ്ട്. "ലെനിൻ കുട്ടികളോടു പ്രവൎത്തിക്കുവാനും സമരംചെയ്യുവാനും പറയുന്നു. പുസ്തകങ്ങൾ അതെങ്ങിനെയെന്നു കുട്ടികളെ പഠിപ്പിക്കുന്നു."

ശിശുവിദ്യാലയകേന്ദ്രങ്ങൾ ഗതാഗതസമ്പ്രദായങ്ങളെപ്പററി ബാലന്മാൎക്ക് ബോധനം നൽകുന്നു. വാഹനങ്ങളുടെ വിളക്കിനെ സംബന്ധിച്ചും അപകടമാൎഗ്ഗത്തിൽ നിന്നു രക്ഷപ്പെടേണ്ടതിനെപ്പററിയും കുട്ടികൾക്ക് അവിടെ പഠിക്കുവാൻ കഴിയും. കുട്ടികൾ ബ്ലോക്കുബ്ലോക്കുകളായി ഫാക്ടറികളും കൃഷിസ്ഥലങ്ങളും നിർമ്മിക്കുന്നു. കടലാസ്, മരം തുടങ്ങിയ ഉപകരണങ്ങളാണ് അതിന്ന് അവർ ഉപയോഗിക്കുന്നത്. ജനങ്ങൾ ഇതു കാണുന്നതിൽ വളരെ കൗതുകമുള്ളവരാണ്. വിദ്യാൎത്ഥികളുടെ സംഖ്യ അനുസരിച്ച് അദ്ധ്യാപകന്മാർ ഉണ്ടായിരിക്കും. വിദ്യാൎത്ഥികൾക്കു വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കാതെയോ ഉള്ള വിദ്യാൎത്ഥികളെ പഠിപ്പിക്കാൻ അദ്ധ്യാപകന്മാർ പോരാതെ വരികയോ ചെയ്യുന്ന കുഴപ്പങ്ങൾ ഒന്നും സോവിയററിൽ ഇല്ല. ബ്രിട്ടീഷ് അദ്ധ്യാപകന്മാരുടെ ഒരു ഡെലിഗേഷൻ മോസ്കോ തുന്നൽഫാക്ടറിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ഒരു ശിശുവിദ്യാഭ്യാസ

കേന്ദ്രം സന്ദർശിക്കുകയുണ്ടായി. അവിടെ മൂന്നു ഗ്രൂപ്പുകളാക്കി വേർതിരിക്കപ്പെട്ട 50 വിദ്യാർത്ഥികളുള്ള ഒരു ഗ്രൂപ്പിന്നു രണ്ടുപേരെന്ന നിലയിൽ ആറു അദ്ധ്യാപകന്മാർവീതം പഠിപ്പിച്ചതായിട്ടാണു് പ്രസ്തുത പ്രതിനിധി സംഘത്തിൻെറ റിപ്പോർട്ടിൽ കാണുന്നതു്. കെട്ടിടശുചീകരണത്തിനും പാചകവൃത്തിക്കും ആവശ്യമായ ഉപകരണങ്ങൾ ഒഴികെ ബാക്കി ആവശ്യമുള്ളതു് അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും കൂടി നിർമ്മിക്കുന്നു. അവർ സ്വന്തമായി ചുമർകടലാസു (Wall news paper) പ്രസിദ്ധപ്പെടുത്തുന്നു.

1932-ൽ മാർഗരററ് കോൾകീവ് സന്ദർശിച്ചപ്പോൾ മൂന്നുപേരുള്ള വീട്ടുജോലി ചെയ്യുന്നവരുടെ ഗ്രൂപ്പ് കൂടാതെ നാലുഗ്രൂപ്പാക്കി വേർതിരിച്ച 100 വിദ്യാർത്ഥികൾക്കു് ഏഴു അദ്ധ്യാപകന്മാരുണ്ടായിരുന്നു. കീവിൽ അന്നു 200 വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. കേന്ദ്രങ്ങൾക്കുവേണ്ടി അന്നും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്നു. കൃഷികകേന്ദ്രങ്ങൾ, ഫാക്ടറികൾ, യൂണിയനുകൾ, മുനിസിപ്പാലിററികൾ തുടങ്ങിയ പൊതുജനസംഘടനകളാണു് ശിശുവിദ്യാഭ്യാസകേന്ദ്രങ്ങൾ നടത്തുന്നതു്. ചെറുഫാക്ടറികൾ മററു പൊതുജനസ്ഥാപനങ്ങൾ നടത്തുന്നു; തൊഴിലാളികളിൽനിന്നു പണം പിരിക്കാതെ മാനേജ്മെൻറിൻെറ ഫണ്ടിൽനിന്നാണു് നടത്തിപ്പിന്റെ ചിലവിലേയ്ക്കുള്ള സഹായധനം നൽകുന്നതു്. വിപ്ലവത്തിനുശേഷം ബാലശുശ്രൂഷാകേന്ദ്രങ്ങൾ പൊതുജനസഹകരണത്തോടുകൂടിയാണു് നടത്തപ്പെടുന്നതു്. 1936-ൽ

സ്റ്റേററ് ഈ സ്ഥാപനങ്ങൾ ഏറെറടുത്തുവെങ്കിലും, സ്ഥാപനങ്ങളുടെ എണ്ണം വദ്ധിച്ചുവന്നു. അങ്ങിനെ വദ്ധിക്കപ്പെട്ട സ്ഥാപനങ്ങളുടെ ചിലവിനത്തിനായി കമ്മീസ്സാർമാരുടെ കൗൺസിലിനു മൊത്തം വേണ്ടിവന്ന ചിലവിൻെറ ഒരു ഭാഗം നീക്കിവച്ചു. ആ ചെലവുകൾ കേന്ദ്രീകൃതനേതൃത്വത്തിൻെറ മേൽനോട്ടത്തിൽ നിവ്ഹിച്ചിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവയുടെ മേൽ പൂണ്ണാധികാരം നല്കിയിരുന്നു. എന്നാൽ യഥാത്ഥമായ നടത്തിപ്പിൻെറ ഉത്തരവാദിത്വം ട്രെയിഡ് യൂണിയനുകൾക്കും മററു പൊതുജനസംഘടനകൾക്കും ഉണ്ടായിരുന്നു. ഇന്നുള്ള ശുശ്രൂഷാമന്ദിരങ്ങളുടെയും ബാലവിദ്യാഭ്യാസകേന്ദ്രങ്ങളുടെയും സൗകര്യം മൂന്നിരട്ടിയായി വദ്ധിപ്പിച്ചു. വിപ്ലവത്തിനുശേഷം 1928-ൽ ആകെയുള്ള ബാലന്മാരുടെ $\frac{1}{5}$ ഭാഗം ഇത്തരം കേന്ദ്രങ്ങളിൽ അയക്കേണ്ടിവരുമെന്ന് കണക്കെട്ടിരുന്നു. 1939-ന്റെ ആദ്യകാലത്തു ബാലവിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഇരുപത്തിയൊന്നു ലക്ഷം ബാലന്മാൎക്ക് ആവശ്യമായ മുറികളും ഉൾനാട്ടുകളിൽ ചില പ്രത്യേകമാസങ്ങളിലായിമാത്രം നടത്തപ്പെടുന്ന സ്ഥാപനങ്ങളിൽ 230 ലക്ഷം ബാലന്മാൎക്കാവശ്യമായ മുറികളും ഉണ്ടായിരുന്നു. ആവശ്യത്തിലധികം അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കേണ്ടവർ അതിനു വേണ്ടുന്ന ചിലവും വഹിക്കേണ്ടിയിരുന്നു. '1937-ൽ ശിശുപരിശീലനശാലകൾക്കുവേണ്ടി 90 കോടി റൂബിൾസ് ചെലവാക്കിയിട്ടുണ്ട്.

## കുട്ടികൾ വിദ്യാലയങ്ങളിൽ

എട്ടും പന്ത്രണ്ടും വയസ്സിനിടയ്ക്കുള്ള ബാലന്മാർ പ്രാഥമികവിദ്യാലയങ്ങളിൽ ഹാജരാകണം. 12 മുതൽ 15 വയസ്സുവരെ പ്രായമുള്ളവർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്നവരാണ്. 18 വയസ്സുവരെയുള്ള കുട്ടികൾ മൂന്നാംഗ്രെയിഡ് സ്കൂളിലാണ് പഠിക്കേണ്ടതു്. സർവ്വകലാശാലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പതിനെട്ടിനുമേൽ പ്രായംചെന്നവരാണ്. അനന്തരം അവർ സാങ്കേതികവിദ്യാഭ്യാസകേന്ദ്രത്തിലൊ, ഫാക്ടറികളിലൊ പഠിക്കാവുന്നതാണ്. പതിനെട്ടിനു താഴെയുള്ള വിദ്യാർത്ഥികൾക്കു മുഴുവൻസമയവും ജോലിയില്ല. അവർക്ക് പകുതിസമയമേ പ്രവർത്തനത്തിനു അനുവാദമുള്ളു. ശേഷിച്ച സമയങ്ങളിൽ അവർക്ക് വിദ്യാലയങ്ങളിൽ പോയി പഠിക്കാം.

എല്ലാ പാഠശാലകളിലും സംയോജനവിദ്യാഭ്യാസമാണ് നൽകുന്നതു്. ആൺകുട്ടികളുടെ മാതിരി പെൺകുട്ടികളും തുന്നൽവേലയും പാചകവൃത്തിയും പരിശീലിക്കുന്നു. ഓരോ വേലയ്ക്കും സ്ത്രീക്കും പുരുഷനും ഒരുപോലെ വേതനം ലഭിക്കുന്നു. മുതലാളിത്തരാഷ്ട്രങ്ങളിൽ പുരുഷന് അധികവും സ്ത്രീക്ക് കുറവുമാണ് ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്. അങ്ങിനെ സ്ത്രീയെ പുരുഷനെതിരായുള്ള ഒരു യന്ത്രമാക്കി—ആയുധമാക്കി—ഉപയോഗിക്കുന്ന പതിവ് സോവിയററിലില്ല.

ബാലപാഠശാലയിൽ മോണ്ടിസോറി സമ്പ്രദായം

നടപ്പിലാക്കി. ഡാൽട്ടൻ പദ്ധതി (Dalton Plan) പരിശോധിച്ചുവരുന്നു. എന്നാൽ അതുമുഴുവനും സോവിയററിന്റെ ആവശ്യങ്ങൾക്കു തികഞ്ഞ സമാധാനം നൽകുന്നില്ല. അതു്, കൂട്ടകൃഷി വളർത്താനും, ചിട്ടയായ പ്രവൎത്തനത്തെപ്പററിയുള്ള അറിവുണ്ടാകുവാനും മതിയാകുന്നില്ല. സോവിയററിലെ വിദ്യാഭ്യാസഡയറക്ടരായിരുന്ന ലൂണാചാർസ്കിയുടെ നേതൃത്വത്തിൽ എല്ലാവിധ വിദ്യാഭ്യാസസമ്പ്രദായങ്ങളും പരീക്ഷിച്ചുനോക്കിയ ഒരു ഘട്ടമുണ്ടായിരുന്നു. വിപ്ലവപരമായ മാററങ്ങൾക്കിടയിൽ, നല്ല അദ്ധ്യാപകന്മാരുടെ അഭാവം നിമിത്തം വിദ്യാൎത്ഥികൾ അതിരു കടന്ന സ്വാതന്ത്ര്യം ഉപയോഗിക്കുകയുണ്ടായി. ആ വിദ്യാൎത്ഥികൾതന്നെ അവരുടെ സൎവ്വകലാശാല നടത്തിയിരുന്നു. നല്ല രീതിയിൽ അദ്ധ്യയനം നടത്തുവാനറിയാത്ത അദ്ധ്യാപകന്മാരെ അവർ പുറംതള്ളി. പുതുതായി പരിശീലനം നടത്തിയ അദ്ധ്യാപകന്മാർ പില്ക്കാലത്താണു് മുന്നോട്ടു വന്നതു്. കൂട്ടായ് പ്രവൎത്തനമായിരുന്നു, അവരുടെ പ്രത്യേകത. എന്നാൽ ഓരോരുത്തരുടേയും കഴിവിനെപ്പററി പ്രത്യേകം എടുത്തു പരിശോധിക്കുന്ന പതിവുണ്ടായിരുന്നു. ആദ്യകാലത്തുണ്ടായിരുന്ന പാഠപുസ്തകങ്ങൾ, ടൈംടേബിൾസ്, നിയമങ്ങൾ തുടങ്ങിയവ പുതിയരൂപത്തിൽ നടപ്പാക്കുവാൻ തുടങ്ങി.

മൂന്നു കാൎയ്യങ്ങൾ വിദ്യാൎത്ഥികളിൽ ശോഭനമായി പ്രതിഫലിച്ചിരുന്നു. ഒന്നു പ്രകൃതിയുടെ വളൎച്ചയും രണ്ടു് പ്രകൃതിയോടനുകൂലിച്ചോ പ്രകൃതിക്കെതിരായോ ഉള്ള

മനുഷ്യൻെറ സമരവും ആണു്. മൂന്നു് ആ സമരത്തിന്റെ ഗതിയിൽ സാമൂഹ്യബന്ധങ്ങളും സ്വഭാവങ്ങളും എങ്ങിനെ കൂടിച്ചേരുന്നു എന്നുള്ളതാകുന്നു. ഈ സംഗതികൾ ഒരൊററ സിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്നു. അതായതു വിഷയങ്ങളെക്കൊണ്ടു പരിഭ്രമം ഉണ്ടാക്കുകയല്ല, പ്രത്യുത വിഷയങ്ങൾ കൂട്ടിയോജിപ്പിച്ചിരിക്കുന്നുവെന്നാണു്. ഓരോ വിഷയത്തെ സംബന്ധിച്ചുള്ള പരിജ്ഞാനവും ഭദ്രമായി "വെള്ളംകടക്കാത്ത പാത്രത്തിൽ മൂടിവെക്കുകയല്ല, എല്ലാവക്കും മനസ്സിലാകുവാൻ വേണ്ടി അതു തുറന്നുവെയ്ക്കുകയാണു് ചെയ്യുന്നതു്. രാഷ്ട്രീയമീമാംസയോടു് (Politics) ബന്ധിപ്പിക്കാതെ ചരിത്രം പഠിപ്പിച്ചാൽ, ആ ചരിത്രജ്ഞാനം അറിവുകേടായിട്ടിരിക്കുകയേയുള്ളു. മാത്രമല്ല അപൂർണ്ണവുമായിരിക്കും. ജന്മിസമ്പ്രദായവും ജന്മികൾ കൃഷിയിൽനിന്നു ആദായമെടുക്കുന്നതു സംബന്ധിച്ചുള്ള പഠനംകൂടാതെ, സസ്യശാസ്ത്രവും കൃഷിശാസ്ത്രവും പഠിക്കുന്നതുകൊണ്ടു് പ്രയോജനമില്ല. മുന്നറിവുകൂടാതെ ബ്രിട്ടീഷ് അദ്ധ്യാപകന്മാരുടെ ഒരു സംഘം മോസ്ക്കോയിലെ ഒരു പ്രാഥമികവിദ്യാലയം സന്ദർശിച്ചു ഇങ്ങനെ രേഖപ്പെടുത്തുകയുണ്ടായി. "കെട്ടിടംകണ്ടാൽ ഒരു പാഠശാലയാണെന്നു തോന്നിയിരുന്നില്ല. എങ്കിലും ക്ലാസ്സുമുറികൾ വളരെ ശുചിത്വമുള്ളതായി കാണപ്പെട്ടിരുന്നു. അവർ സന്ദർശിച്ച അവസരത്തിൽ ഒരു ക്ലാസിൽ കച്ചവടസംബന്ധമായ വിഷയമായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നതു്", ഒരു സംഘം ബാലവിദ്യാത്ഥികളെ പരസ്പരസഹായസംഘം സ്റ്റോറിലേക്കു് അയ

ച്ചിരുന്നു. കച്ചവടസംബന്ധമായ ജ്ഞാനം മുൻകൂട്ടി ഉണ്ടാകുന്നതിനുവേണ്ടിയാണു് അങ്ങനെ അവരെ സ്റ്റോറി ലേക്കു് അയച്ചിരുന്നതു്. മററു ബാലവിദ്യാൎത്ഥികളുടെ സംഘങ്ങൾ വേറെ സ്റ്റോറുകളിലേക്കു് പോയിരുന്നു. സന്ദർശനാനന്തരം ഓരോ ഗ്രൂപ്പും, അവരുടെ റിപ്പോർട്ടു സമർപ്പിക്കുന്നു. ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണു് പഠിപ്പിക്കുവാനുള്ള ചാർട്ടുകൾ അദ്ധ്യാപകന്മാർ തയാറാക്കുന്നതു്. രണ്ടാമത്തെ ക്ലാസിൽ നഗരവും ഗ്രാമവും തമ്മിലുള്ള കച്ചവടബന്ധത്തെപ്പററി പഠിപ്പിക്കുന്നു. നഗരവും ഗ്രാമവും സാമാനങ്ങൾ കൈമാററംചെയ്യുന്ന രീതികൾ ക്ലാസ്സിൽവെച്ചു കുട്ടികളെ കാണിച്ചുകൊടുക്കുന്നു. പ്രാചീനമനുഷ്യ" മുദായത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദം നടത്തുന്ന അവസരത്തിൽ റെഡ്സ്ക്വയറിലെ കാഴ്ചബംഗ്ലാവുകൾ സന്ദൎശിക്കുകയും വിദ്യാൎത്ഥികളെ ഗ്രൂപ്പുകളാക്കിത്തിരിച്ചു് ഓരോഗ്രൂപ്പും ഓരോ ഡിപ്പാർട്ടുമെൻറുപോയി പരിശോധിക്കുകയും ചെയ്യുന്നു. തിരിച്ചുവരുമ്പോൾ എല്ലാ ഗ്രൂപ്പിൻെറയും നോട്ടുകൾ പരിശോധിച്ചു് ഒരു പൊതുഅഭിപ്രായം രൂപീകരിക്കുന്നു. തന്നിമിത്തം പഠിപ്പിക്കപ്പെടുന്ന വിഷയങ്ങൾ സുഗ്രാഹ്യങ്ങളായിരിക്കും. ബുദ്ധിയിൽനിന്നു് അവയെ നിഷ്പ്രയാസം മായ്ച്ചുകളയുവാൻ കഴിയുന്നതല്ല. മോസ്കോയിലെ കെട്ടിടങ്ങളുടെ സ്ഥലക്കുറവുനിമിത്തം, പാഠശാലകളിൽ രണ്ടു സമയങ്ങളിലായിട്ടാണു് പഠിപ്പിച്ചുവരുന്നതു്. പ്രായമേറിയ വിദ്യാൎത്ഥികൾ ഉച്ചയ്ക്കു ശേഷം അദ്ധ്യയനം നടത്തുന്നു. നാലുവൎഷം പഠിച്ച വിദ്യാ

ത്ഥികളെ പിന്നീട ഓരോ വിഷയം പഠിപ്പിക്കുന്നതിന്ന് പ്രത്യേകം പരിശോധകർ ഉണ്ടായിരിക്കും.

സെക്കണ്ടറിവിദ്ധ്യാലയങ്ങളിൽവെച്ച് സാമ്പത്തികശാസ്ത്രത്തെക്കുറിച്ച് ഒരു ചെറിയ പരിജ്ഞാനമേ ലഭിക്കുകയുള്ളു. യു. എസ്. എസ്. ആറിൽ രാഷ്ട്രീയവിഷയങ്ങളും സാമ്പത്തികശാസ്ത്രങ്ങളും അഭേദ്യങ്ങളായിത്തീന്നിരിക്കുന്നു. സയൻസിന്നും സോവിയററിൽ ഗണനീയമായ ഒരുന്നതസ്ഥാനം കല്പിച്ചിട്ടുണ്ട്. രാഷ്ട്രത്തിൻെറ വളർച്ചയ്ക്കുവേണ്ടി ശാസ്ത്രത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് തെരുവിലെ മനുഷ്യനും ഗവമ്മെൻറിന്നും ഒരേ സ്വഭാവത്തോടും സൂക്ഷ്മബുദ്ധിയോടുംകൂടി വീക്ഷിക്കാവുന്നതാണ്. അങ്ങിനെ വീക്ഷിക്കുകയുംവേണം. ഉപകരണങ്ങളുടെ സഹായത്തോടുകൂടി പ്രായോഗികസമ്പ്രദായത്തിലാണ് അവിടെ ശാസ്ത്രം (Science) പഠിപ്പിക്കപ്പെട്ടുന്നതു്. വിദ്ധ്യാഭ്യാസാനന്തരം തങ്ങളുടെ വാസനയ്ക്കും ഹിതത്തിന്നും അനുയോജ്യമായ പ്രവൃത്തി സ്വീകരിക്കുവാൻ, സോവിയററിലെ വിദ്ധ്യാത്ഥികൾക്ക്, മറേറതു രാജ്യത്തിലെ വിദ്ധ്യാത്ഥികളേക്കാൾ സ്വാതന്ത്ര്യവും അവകാശവും ഉണ്ട്. പതിനെട്ടുവയസ്സുവരെയുള്ള വിദ്ധ്യാത്ഥികൾക്ക് പാഠശാലകളിൽ നല്കപ്പെട്ടുന്ന വിദ്ധ്യാഭ്യാസം സാർവ്വലൗകികമായ രീതിയോടുകൂടിയതാണ്. ഈ രീതിയിലുള്ള വിദ്ധ്യാഭ്യാസം അനുഭവവേദ്യമായിത്തീരുമ്പോൾ, യു. എസ്. എസ്. ആറിലെ വിദ്ധ്യാഭ്യാസമാണ് ഉൽകൃഷ്ടമെന്ന് ആരും സമ്മതിക്കാതിരിക്കുകയില്ല.

അദ്ധ്യാപകന്മാരുടെ സഹായത്തോടുകൂടി നാടകം, സാഹിത്യം സ്യൻസ് തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകം പ്രതിപത്തിയുള്ള അദ്ധ്യേതാക്കളുടെ സൊസൈററികൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. അവിടെവെച്ച് സ്വയംവിദ്യാഭ്യാസപരിശീലനത്തിനുള്ള പ്രേരണ നൽകുകയും ഉണ്ടാകുകയും ചെയ്യുന്ന അത്, സോവിയററിൽ ശക്തിപ്രാപിച്ചുവരുന്നുണ്ട്. ഓരോ സോവിയററു പൗരൻെറയും മനോഭാവമനുസരിച്ച് വളൎന്നുവരുവാൻ അതു സഹായിക്കുന്നുമുണ്ട്. വിദ്യാഭ്യാസപരമായ വിദ്യാൎത്ഥികളുടെ അഭിവൃദ്ധിക്കും വളൎച്ചക്കും സഹായകമായി ചലച്ചിത്രങ്ങളും വിനോദയാത്രകളും നടത്തിവരുന്നു. സംഗീതകേന്ദ്രം സന്ദൎശിക്കുമ്പോൾ സംഗീതോപകരണത്തെ സംബന്ധിച്ചും സംഗീതത്തെക്കുറിച്ചും, വിദ്യാൎത്ഥികൾക്ക് വിവരണങ്ങൾ നൽകിവരുന്നു. പാഠശാലയിലെ സ്റ്റാഫിനെ കൂടാതെ, മനഃശാസ്ത്രത്തിനും സാംസ്കാരികമായ മേൽനോട്ടത്തിനുമുള്ള വിദഗ്ദ്ധന്മാരെയും, ഡാക്ടറന്മാരെയും നേഴ്സിനെയും ഉയൎന്ന പാഠശാലകളിൽ നിയമിച്ചിട്ടുണ്ട്. ഉൾനാട്ടുകളിലെ ബാലന്മാർ അധികവും, അദ്ധ്യയനമില്ലാത്ത ഉഷ്ണകാലങ്ങളിൽ താൽക്കാലികവസതികളി(Camps)ലാണ് ജീവിച്ചുപോരുന്നത്. പ്രസ്തുത ക്യാമ്പുകൾ നിൎമ്മിക്കുന്നതു ട്രെയിഡ് യൂണിയനുകളാണ്. ആൺകുട്ടികളും പെൺകുട്ടികളും അവരുടെ ആഹാരങ്ങൾ സ്വന്തമായി പാകപ്പെടുത്തുന്നത് അവിടെവച്ചാണ്. മുതിൎന്ന കുട്ടികൾ ക്യാമ്പു സന്ദൎശിക്കുവാൻ വരുന്ന ഡാക്ടർമാരെ സഹായിക്കുന്നു. ക്യാമ്പുകളിലുള്ളവർ ചു

റുമുള്ള കൃഷിക്കാരുടെ സന്താനങ്ങളുമായി സാഹോദര്യ ത്വത്തോടുകൂടി ഒന്നിച്ചു വിനോദിക്കുന്നു. ആധുനിക റഷ്യയിലെ പ്രധാനപ്പെട്ട വിനോദങ്ങൾ "ഫാഷിസത്തി ന്നെതിരായി തൊഴിലാളികൾ." ആട്ടിടയന്മാരും ഇന്ത്യാ ക്കാരും" എന്നിങ്ങനെ രണ്ടാണു്. ഫാഷിസത്തിന്നെ തിരായി തൊഴിലാളികൾ എന്ന വിനോദത്തിനു ഫാഷിസ്ററുകാരുടെ ഭാഗം അഭിനയിക്കുവാൻ ബാല ന്മാരെ ലഭിക്കുക, വിഷമമേറിയ ഒരു പ്രശ്നമാണു്. സോവിയററിലെ വിദ്യാർത്ഥികൾ ദേശാഭിമാനികളായ തിനാൽ ഫാഷിസ്ററുകാരുടെ വേഷം കെട്ടുന്നതുതന്നെ അവൎക്കു് ലജ്ജാവഹമായ ഒരു കാൎയ്യമാണു്.

ഒരു പൊതുഗ്രന്ഥാലയം നടത്തി അതെങ്ങിനെ പരിരക്ഷിച്ചു കൊണ്ടുപോകാമെന്നു വിദ്യാർത്ഥികളെ പഠിപ്പിച്ചുവരുന്നു. ഗ്രാമീണരുടെ ആവശ്യങ്ങൾ ഏതെ ല്ലാമെന്നും എങ്ങിനെയെന്നും അന്വേഷിച്ചു കണ്ടുപിടി ക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്നുണ്ടു്. ഗ്രാമീണരുടെ ആവശ്യങ്ങളെ കണ്ടുപിടിച്ചു വിദ്യാർത്ഥികൾ അവയുടെ യാഥാൎത്ഥ്യമായ റിപ്പോർട്ടു സമൎപ്പിക്കും

വിപ്ലവവിജയത്തെ തുടൎന്നുള്ള പത്തുവൎഷത്തെ പ്രവൎത്തനഫലമായി, നഗരങ്ങളിലെ നിരക്ഷരത്വം ഏകദേശം പരിപൂൎണ്ണമായി അവസാനിച്ചിരിക്കു കയാണു്. എട്ടുമുതൽ പതിനൊന്നുവരെ പ്രായമുള്ള പിന്നോക്കവിഭാഗങ്ങളിലെ ബാലന്മാരെ സ്ഥിരമായി പാഠശാലകളിൽ ഇരുത്തി പഠിപ്പിച്ചുവന്നു. 1933 ൽ

യു. എസ്. എസ്. ആറിലെ മൂന്നുകോടി ബാലന്മാർ പാഠശാലയിൽ പഠിക്കുന്നുണ്ടായിരുന്നു. ഇതു മറേറതു രാജ്യങ്ങളേക്കാളും കൂടുതലായിരുന്നു. ഇംഗ്ലണ്ടിലുള്ള ജന സംഖ്യയേക്കാശം കുറവായിരുന്നു എന്നുമാത്രം. ട്രാൻസ് കൊക്കേഷ്യാ, ബാഷ്ക്കീരിയപോലുള്ള റീജിനുകളിലെ പെൺകുട്ടികശംപോലും പാഠശാലകളിൽ കൃത്യമായി പൊയ്ക്കൊണ്ടിരുന്നു. 1936- '37-ൽ പ്രാഥമികവിദ്യാ ലയത്തിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സ്റ്റേററ് 75 മു തൽ 130-വരെ റൂബിശം ചെലവാക്കിയിരുന്നു. സെക്ക ണ്ടറിസ്ക്കൂളിൽ ഒരു വിദ്യാർത്ഥിക്ക് 293 മുതൽ 356-വരെ റൂബിശം വ്യയം ചെയ്തിരുന്നു. സൗജന്യവിദ്യാഭ്യാസമാണ് എല്ലാ പാഠശാലകളിലും നൽകിവരുന്നതു്. പാവങ്ങ ളായ കുട്ടികശംക്കു ഭക്ഷണവും വസ്ത്രവും സൗജന്യമായി നൽകുന്നുണ്ടു്. എല്ലാ വിദ്യാലയങ്ങളിലും ചൂടുള്ള ഉച്ച ഭക്ഷണവും ചില അവസരങ്ങളിൽ രാവിലത്തെ ആഹാ രവുംകൂടി കൊടുത്തുവരുന്നു. മിക്കവാറും ഭക്ഷണം വെ റുതെ കൊടുക്കുമെങ്കിലും ചിലപ്പോശം പണംകൊടുക്കേ ണ്ടിവരുന്നതായാൽ ഒരു കുറഞ്ഞ സംഖ്യമാത്രം നൽകി യാൽ മതി. ഫാക്ടറികളിലെ തൊഴിലാളികശംക്കുവേണ്ടി പാചകപ്പെടുത്തുന്നതുപോലെയാണ് വിദ്യാർത്ഥികശം ക്കായി ഭക്ഷണം തയാറാക്കുന്നതു്. പൊരിയുന്ന വയറും ഉണങ്ങിയ തലച്ചോർമുള്ള അദ്ധ്യേതാവിനെ, അവിടു ത്തെ അദ്ധ്യാപകനു് ഉപകരിക്കുകയില്ലെന്നാണ് സോ വിയററ്മതം. അതുപോലെതന്നെ അജ്ഞനായ പൗര

നെ സാറിസ്ററുഭരണം സ്വാഗതംചെയ്തിട്ടുണ്ടെങ്കിലും, സോഷ്യലിസ്റ്റ് സ്റ്റേററിനാവശ്യമില്ലെന്നു വളരെ മുമ്പുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസമില്ലാതെ രാഷ്ട്രീയമീമാംസ (Politics) ഇല്ലെന്നും ഉണ്ടെങ്കിൽ തന്നെയും അതു വെറും ഊഹാപോഹം മാത്രമായിരിക്കുമെന്നും അവർ പഠിച്ചു വച്ചിട്ടുണ്ട്. 1933-ൽ സൈനികപരിശീലനത്തിനായി മോസ്ക്കോയിൽ വിളിക്കപ്പെട്ട എല്ലാവരും എഴുതുവാനും വായിക്കുവാനും അറിയാമായിരുന്നു.

ക്ഷാമമേറിയ വർഷങ്ങളിൽ മൂന്നു കുട്ടികളിൽ ഒരു കുട്ടിയുടെ രക്ഷിതാവെന്ന തോതിൽ വെടിയുണ്ടകൾക്കോ പട്ടിണിയ്ക്കോ വിധേയരായി അനേകർ മൃതിയടഞ്ഞിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. നിരാധാരരായവരുടെ ഉത്തരവാദിത്വം, വിപ്ലവത്തിനുശേഷം സോഷ്യലിസ്റ്റ്സ്റ്റേററ് ഏറെറടുക്കുകയാണുണ്ടായത്. വീടുകൾ നിർമ്മിച്ച്, ശുശ്രൂഷനൽകാൻ അഗതികളെ ശേഖരിച്ചു. "ഒഗ്പൂ" എന്നു പേരുള്ള രാഷ്ട്രീയപോലീസിൻെറ സഹായം ഇക്കാര്യത്തിനു വളരെ പ്രയോജനമായിരുന്നു. നാഥരില്ലാത്ത ബാലന്മാർക്ക്, മററു കുട്ടികളെപ്പോലെതന്നെ വിദ്യാഭ്യാസം നൽകി. ഇതു് ഗഹനമായ ഒരു പ്രശ്നമായിരുന്നു. 1928-ൽ ആയിരക്കണക്കിലുള്ള ബാലന്മാർക്ക് ശുശ്രൂഷ നൽകേണ്ടിയിരുന്നു. കുട്ടികളെ വളർത്തുവാൻ രക്ഷിതാക്കളെ ഒരു ഭാഗത്തു പ്രേരിപ്പിക്കുകയും, മറുഭാഗത്തു സ്റ്റേററു അനാഥബാലരെ സംരക്ഷിക്കുവാൻ ബഡ്ജററു വർദ്ധിപ്പിക്കുകയുംചെയ്തു. സമൃദ്ധി ഉണ്ടായതോ

ട്ടുകൂടി ബാലന്മാരെ അഗതികളായിഉപേക്ഷിക്കുന്നതു വളരെ വിരളമല്ലാതായിത്തീൎന്നു. അങ്ങിനെ ആ പ്രശ്നം പരിഹരിക്കപ്പെട്ടു.

## പ്രാഥമിക പരിശീലനം

പാഠശാലകളുടെ കൎത്തവ്യം വിദ്യാൎത്ഥികളെ ഭാവി ജീവിതത്തിന്നു സന്നദ്ധരാക്കിത്തീൎക്കുകയെന്നാണു് ക്രുപ്സ്കായ (ലെനിന്റെ ഭാൎയ്യ) പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതു്. “വിദ്യാലയങ്ങൾ കുട്ടികളുടെ പ്രസ്ഥാനത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുന്നതിന്നു സഹായകമായിത്തീരണം. നൂതനരീതിയിലുള്ള വിദ്യാലയങ്ങൾ നിൎമ്മിക്കുന്നതിന്നു കുട്ടികളുടെ പ്രസ്ഥാനം അപരിത്യാജ്യവും അത്യാവശ്യവുമാകുന്നു. തന്നിമിത്തം യു. എസ്. എസ്. ആറിൽ കോളേജു വിദ്യാൎത്ഥികളുടെ ഇടയിൽ മാത്രമല്ല ബാലന്മാരുടെ ഇടയിലും സംഘടിതപ്രവൎത്തനങ്ങൾ നടന്നുവരുന്നു. അതിനെ അനുകരിച്ചു, ഫാഷിസ്ററുരാജ്യങ്ങളിൽ പട്ടാളപരമായ അച്ചടക്കം കുട്ടികളെ പരിശീലിപ്പിക്കുന്നു.

പ്രായഭേദമനുസരിച്ചു് പ്രസ്ഥാനത്തിൽ പെട്ട ബാലന്മാരെ തരം തിരിച്ചിട്ടുണ്ടു്. മുതിൎന്ന ഒട്ടധികമാളുകൾ ചെറുപ്പകാലത്തുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുന്നു. പതിനൊന്നു വയസ്സുവരെ ഒരു ബാലനു ചെറിയ ഒരു ഒക്ടോബറിസ്റ്റാകുവാൻസാധിക്കും. പത്തുമുതൽ പതി

നാലുവരെ പ്രായമുള്ളവർ പയനിയേർസും 14 മുതൽ 23 വരെ പ്രായമുള്ളവർ കൊംസൊമോൾസായും അല്ലെങ്കിൽ യങ്ങ് കമ്മ്യൂണിസ്ററു പരിശീലനമെമ്പറായും പ്രവർത്തിക്കാം. കമ്മ്യൂണിസ്ററുപാർട്ടി മെമ്പറാകാനുള്ള കുറഞ്ഞ വയസ്സ് പതിനെട്ടാണ്. അവർക്ക് വോട്ടുചെയ്യാനുള്ള അധികാരവും ലഭിക്കുന്നതാണ്. നാലോ അഞ്ചോ പേരടങ്ങിയ ഘടകവും അതിനൊരു ക്യാപ്ററനും 40 പേരടങ്ങിയ ബ്രിഗേഡ്സും ആയിട്ടാണവരെ സംഘടിപ്പിക്കുന്നത്. ഉപരിബ്രാഞ്ചുകളിലുള്ള നേതാക്കന്മാരുടെ നേതൃത്വം അവർ സ്വീകരിക്കണം. പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രണ്ടു മാസത്തെ മുൻകൂട്ടിയുള്ള പരിശീലനത്തോടുകൂടിയവരായിരിക്കണം. പ്രത്യേക അടയാളങ്ങൾ, ബാഡ്ജുകൾ മുതലായവ സ്കൗട്ടുപ്രസ്ഥാനത്തിന് ഉപയോഗിക്കുന്നു. (International Children's Day) പരേഡിൻശേഷം ബാഡ്ജു സ്വീകരിക്കുന്നതോടുകൂടിയാണ് ബാലന്മാർ സംഘടനയിൽ മെമ്പറായി ചേരുന്നത്. അങ്ങിനെ സംഘടനയിൽ ചേരുന്നവർ ലെനിനും, ലോകതൊഴിലാളിവർഗ്ഗത്തിനും, കൃഷിക്കാർക്കുംവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരാണെന്നു ശപഥംകൂടി ചെയ്യുന്നുണ്ട്. സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിനും, ലെനിൻെറ ആദർശത്തിൽ പ്രസംഗത്തിനുമുമ്പ് പ്രവർത്തിക്കുന്നതിനും ഓരോ അംഗവും പരിശീലിച്ചിരിക്കണം. വിപ്ലവത്തിനു മുമ്പ് ചെയ്തിട്ടുള്ളതെല്ലാം ത്യജിക്കണമെന്ന് നിർബ്ബന്ധ

മില്ല. 1917-ന് മുമ്പ് രചിച്ചിട്ടുള്ള ഒരു കവിത നല്ലതാണെങ്കിൽ അതു് സ്വീകാര്യമായിരിക്കും. അതിനെ ഇഷ്ടപ്പെടാതിരിക്കുന്നതു് അനീതിയാണെന്താനും. കംസമോൾസ്, രാഷ്ട്രീയസാഹിത്യം പ്രചരിപ്പിക്കുന്നതിൽ ഒരു നല്ല പങ്കു് വഹിക്കുന്നുണ്ടു്. ബാലന്മാരുടെ രാഷ്ട്രീയവും കായികവുമായ വളർച്ചക്കു് ഇതു നല്ലപോലെ സഹായിക്കുന്നു.

ഒക്ടോബറിസ്റ്റും പയനിയേഴ്സും ചെറുവിദ്യാർത്ഥികളെ പ്രവൃത്തിനിരതരാക്കുന്നതിനും വിനോദങ്ങളിൽ സൽസ്വഭാവശീലമുള്ളവരാകുന്നതിനും പരിശീലിപ്പിക്കുന്നു. അപ്പടക്കത്തോടുകൂടി ജീവിക്കുവാൻ പഠിക്കണമെന്നുള്ളതു് അവിടത്തെ വിദ്യാർത്ഥികൾക്കു് പരമപ്രാധാന്യമായ കാര്യമാണു്. വിനോദയാത്രയുടേയും മററും നേതൃത്വം വഹിക്കുന്നതിനു വിദ്യാർത്ഥികളുടെ ഇടയിൽ നിന്നു് ഒരു കമ്മററിയെ തിരഞ്ഞെടുത്തിട്ടുണ്ടു്. സ്കൂൾ ഭരണസമിതിയിൽ ഈ കമ്മററിയുടെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നു. ഈ പ്രതിനിധിയുമായി ആലോചിച്ചാണു് പാഠവിവരപ്പട്ടികയും സിലബസ്സും തയാറാക്കുന്നതു്. ഫാക്ടറി കമ്മററികളുമായി ഈ സമിതി എഴുത്തുകുത്തു നടത്തും. സ്വയം കോടതി രൂപീകരിച്ചു്, കളവു നടത്തുന്ന കുട്ടികളെ അവർതന്നെയാണു് ശിക്ഷിക്കുന്നതു്. രക്ഷിതാക്കളും അദ്ധ്യാപകന്മാരും ബാലന്മാരെ ശിക്ഷിക്കുന്നതിൽ പങ്കെടുക്കുന്നില്ല. സഹപാഠികളും സംഘടനയുമാണു് ഓരോ ബാലനെയും നന്നാക്കി

ത്തിക്കുന്നതു്. ക്ലാസ്സുകളിൽവെച്ചു് 'കശപിശ' കൂടുന്നതിനെ കുട്ടികൾതന്നെ തടയുന്നു. ബാലന്മാർ ചുമർപത്രം നിർമ്മിക്കുന്നു. വിദ്യാലയക്കമ്മററിയാണു് അതിൻെറ പത്രാധിപരെ തിരഞ്ഞെടുക്കുന്നതു്. തെററുകാണിക്കുന്ന ഓരോ ബാലനെയും പ്രസ്തുത ചുമർപത്രം വിമർശിക്കും. ഫാക്ടറികളിൽ തങ്ങളുടെ രക്ഷിതാക്കൾ മത്സരിക്കുന്നതുപോലെ, കുട്ടികളും സോഷ്യലിസ്റ്റ് മത്സരത്തിൽ പങ്കെടുക്കുന്നു. ക്ലാസുകളും ഗ്രൂപ്പുകളും അവരുടെ പ്രവൃത്തിനിർവ്വഹണത്തിൽ മത്സരം കാണിക്കുന്നുണ്ടു്. ഉയർന്ന പാഠശാലകളിലെ വിദ്യാർത്ഥികൾ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുമായി ബന്ധത്തിലേർപ്പെട്ടു, അവരുടെ പ്രസ്ഥാനത്തെ പരാമർശിക്കുന്ന മാസികകൾ പുറപ്പെടുവിക്കുന്നതിൽ ഭാഗഭാക്കുകളാകുന്നു.

## ആരോഗ്യസ്ഥിതി

1937-ൽ 672 സാനിട്ടോറിയത്തിലുംകൂടി 56000 കിടക്കകൾ ഉണ്ടായിരുന്നു. അവധികാലങ്ങളിൽ കുട്ടികൾക്കു സുഖമെടുക്കുവാനുള്ള സ്ഥലങ്ങൾ പ്രത്യേകമായി ഏർപ്പാടു ചെയ്തിരിക്കുകയാണു്. ഉദാഹരണമായി മോസ്ക്കോയിൽ ഒരു ഇൻസ്റ്റിററ്യൂട്ടുണ്ടു്. ഈ സ്ഥാപനത്തോടു് അനുബന്ധിച്ചു ഒക്ടോബറിസ്റ്റിന്റേയും പയനിയേർസിൻെറയും പ്രസ്ഥാനങ്ങളുമുണ്ടു്. ഇവക്കു നല്ല ഭക്ഷണവും ആരോഗ്യശുശ്രൂഷയും നൽകുന്നു. രോഗത്തെ ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിനേക്കാൾ രോഗം വരാതിരി

ക്കുവാനാണ് സോവിയററിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതു്. ഭക്ഷണനിർമ്മാണശാലകളിൽ, ഭക്ഷണത്തിൻെറ ഗുണവും രുചിയും പരിശോധിക്കുവാൻ സ്റ്റേററുതന്നെ ഏർപ്പാടുചെയ്യുന്നു. നാടകശാലകളിലും റെയിൽവേസ്റ്റേഷനുകളിലും ഉണ്ടാകുവാനിടയുള്ള പകർച്ചവ്യാധികളെ തടയുന്നതിനുള്ള നടപടികളും സോവിയററിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടത്തപ്പെടുന്നതു്. ടൈഫോയിഡുരോഗം 1913-നെ അപേക്ഷിച്ചു് 1937-ൽ 75 ശതമാനമായി കുറഞ്ഞുകാണപ്പെട്ടു. പൊതുജനാരോഗ്യസംരക്ഷണത്തിനുള്ള ബഡ്ജററു ആണ്ടുതോറും വർദ്ധിപ്പിക്കുകയല്ലാതെ, കുറഞ്ഞുപോയിട്ടില്ല. സോവിയററിലെ മരുന്നിൻെറ ഗുണവും വളരെ അധികം വർദ്ധിച്ചിട്ടുണ്ടു്.

## സംസ്കാരം

ഭൂരിപക്ഷം ജനതക്കു് ഗുണമായി തീരാത്ത സംസ്കാരം നിഷ്പ്രയോജനമാണെന്നാണ് സോവിയററു് വീക്ഷണത്തിൽ സംസ്കാരത്തെ സന്ധിച്ചുള്ള വിവക്ഷ.

മെയ് ദിനം, പഞ്ചവത്സരപദ്ധതിയുടെ വാർഷികം തുടങ്ങിയ പൊതുപ്രകടനവേളയിൽ ചിത്രം വരയ്ക്കുവാൻ പേനയും, പെയിൻ്റിങ്ങിനുള്ള ബ്രഷും ഉപയോഗിക്കുന്നതിനുള്ള അവസരം നൽകി ബാലന്മാരെ പ്രോത്സാഹിപ്പിക്കുന്നു. അവർ വിദ്യാലയങ്ങളിൽവച്ചു രചിച്ച പാട്ടുകൾ പാടി ഡാൻസിങ്ങ് നടത്തും. ഓരോ ബാലകേന്ദ്രത്തിനും ഓരോ തീയേററർ വീതം ഉണ്ടു്. നാടകത്തി

നും സംഗീതത്തിനും സോവിയററിൽ നല്ല പ്രചാരമാണു ള്ളത്. സോവിയററുപാഠശാലയിൽ പഠിക്കുന്ന ഓരോ ബാലനും സംഗീതത്തിലും, നാടകകലയുടെ അടിസ്ഥാന തത്വത്തിലും ജ്ഞാനം നേടുവാൻ സാധിക്കുന്നു. ബാല ന്മാരെ പഠിപ്പിക്കുവാൻ സ്റ്റേററു പരിശീലനം നേടിയ അദ്ധ്യാപകന്മാരെ നിയമിക്കുകയും വിലപിടിച്ച സംഗീ തോപകരണങ്ങൾ തുടങ്ങിയ സാധനങ്ങൾ സ്റ്റേററിൽ നിന്നു സൗജന്യമായി കൊടുക്കുകയും ചെയ്യുന്നു. കുറച്ചു വൎഷം മുമ്പു് നടത്തിയ അന്തർരാഷ്ട്രീയമായ വയോളിൻ സംഗീതമത്സരത്തിൽ റഷ്യാക്കാർ, ഒന്നും രണ്ടും, നാലും അഞ്ചും ആറും സ്ഥാനങ്ങൾ കരസ്ഥമാക്കി.

രാഷ്ട്രീയവിഷയങ്ങളെപ്പററി ബാലന്മാർ വാദപ്രതി വാദം നടത്തും. ബാലന്മാരെ തീയേററർപ്രസ്ഥാനത്തി ലേക്കു് ആകൎഷിക്കുന്ന സമ്പ്രദായങ്ങളും, അവരെ പഠി പ്പിക്കുന്നുണ്ടു്. ലൂണാചാർസ്കിയുടെ സഹായത്തോടുകൂടി നടാലിയസാററ്സ് എന്നു പേരുള്ള പതിന്നാലു വയസ്സാ യ പെൺകുട്ടി 1921-ൽ മോസ്ക്കോയിലെ ആദ്യത്തെ തീയേറററിനുള്ള പണി ആരംഭിച്ചു. ഇതിനുശേഷം സോവിയററു യൂണിയൻെറ നാനാഭാഗങ്ങളിലും തീയേ ററർ നിൎമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ പ്രാരംഭരൂപം കൈക്കൊണ്ടു. 1925—'27-ൽ 150000 ബാലന്മാർ മോസ്ക്കോ തീയേററർ സന്ദശിക്കുന്നതിനിടയായി. അവ രിലധികവും എട്ടുവയസ്സായ കുട്ടികളായിരുന്നു. ഉച്ചയ്ക്കു ശേഷവും അവിടെ വിനോദങ്ങൾ നടത്താറുണ്ടു്. മുഴുവൻ

സമയവും നടനത്തിനായി നിയോഗിക്കുന്ന ബാലന്മാരായിരിക്കും നടന്മാർ. ബാലന്മാൎക്കുവേണ്ടി പ്രത്യേകം രചിച്ച നാടകങ്ങളാണു് അവർ അഭിനയിക്കുന്നതു്. പെരുകിക്കൊണ്ടിരിക്കുന്ന ബാലന്മാരുടെ ക്ലബ്ബുകളും സാംസ്കാരികസ്ഥാപനങ്ങളും കുട്ടികളുടെ ഭാവിജീവിതരൂപീകരണത്തിൽ അതിപ്രാധാന്യം വഹിക്കുന്നു.

മോസ്കോയിൽ ബാലന്മാൎക്കു വേണ്ടിയുള്ള ക്ലബ്ബ് ആ ഡിസ്ട്രിക്റ്റിലെ ഒരു തൊഴിലാളിയാണു് നിൎമ്മിച്ചതു്. പ്രത്യേകിച്ചു് തണുപ്പുകാലത്തു് തങ്ങളുടെ സന്താനങ്ങൾക്കു താമസിക്കുവാൻ നല്ല കെട്ടിടം വേണമെന്നുള്ള ആഗ്രഹവും ആ തൊഴിലാളിക്കു ഉണ്ടായിരുന്നു. ഉപയോഗശൂന്യമാകുന്ന കെട്ടിടങ്ങൾ പുതുക്കിപ്പണിയുവാൻ സംഭാവന പിരിച്ചെടുക്കുന്നതിനും അവിടെ പ്രയാസമില്ല. പഠിച്ചുവളരുവാനുള്ള ഗ്രന്ഥാലയം ബാലന്മാരും നിൎമ്മിക്കുന്നുണ്ടു്. ആർട്ട്സ് കോളേജുകളും, സംഗീതവിദ്യാലയങ്ങളും ബാലന്മാൎക്കൊരനുഗ്രഹമെന്നോണം അവരെ നേർവഴിക്കു നയിക്കുന്നു. കീവിലെ സംഗീതവിദ്യാലയത്തിൽ 8-ം, 15-ം വയസ്സിനു മദ്ധ്യേ പ്രായമുള്ള 560 ബാലന്മാർ പഠിക്കുന്നുണ്ടു്. പാട്ടുപാടിക്കൊണ്ടു ഡാൻസ് ചെയ്യാനുള്ള പരിശീലനവും വളരെ ഇളംപ്രായത്തിൽതന്നെ, അവൎക്കു് ലഭിക്കുന്നു.

റഷ്യയിലെയും മററു നൂതനപക്ഷവിഭാഗങ്ങളിലെയും ബാലന്മാൎക്കു ഒരേ രീതിയിലുള്ള വിദ്യാഭ്യാസം നല്കുന്ന സമ്പ്രദായംമൂലം, ബാലന്മാരുടെ ഇടയിൽ ഐക്യമനോ

ഭാവം വളൎത്തുന്നതിന അതു പ്രേരകമായിത്തീൎന്നിട്ടുണ്ട്.

ബാലജനങ്ങൾക്ക് എല്ലായിടത്തും അവരുടെ മാതൃഭാഷയിൽതന്നെ വിദ്യാഭ്യാസം നേടാം. സ്വന്തം ഭാഷാജ്ഞാനം ഹേതുവായി സംസ്കാരം പുലൎത്തുന്നതിനും എളുപ്പമുണ്ട്. എന്നാൽ സിദ്ധാന്തം പൊതുവെ ഒന്നുതന്നെ ആയിരിക്കും. സ്വന്തം ഭാഷ പഠിച്ചുകഴിഞ്ഞാൽ കുട്ടികൾ റഷ്യൻ ഭാഷകളും ഇതരഭാഷകളും പഠിക്കണം. സ്വന്തം സംസ്കാരത്തിൻെറ അതൃത്തികൾക്കുള്ളിൽ മാത്രം അവരെ ഇട്ടടയ്ക്കുന്നില്ല. 1917-ന മുമ്പുള്ള സമ്പ്രദായപ്രകാരം വിദ്യാഭ്യസനം തുടൎന്നാൽ ആയിരം വൎഷം കൊണ്ടു നല്കുവാൻ സാധിക്കാത്ത റഷ്യയിലെ വിദ്യാഭ്യാസം ജനങ്ങൾക്കു 20 വൎഷംകൊണ്ടു നല്കുവാൻ കഴിയുമെന്നു തെളിയിച്ചിരിക്കുന്നു. സാർഭരണത്തിലെ പാരമ്പൎയ്യമനുസരിച്ച് അന്നത്തെ റഷ്യയിലെ ബാലന്മാർ മൃഗങ്ങളുമൊന്നിച്ച് വനങ്ങളിൽ ജീവിക്കുവാൻ നിൎബ്ബന്ധിതരായിത്തീൎന്നിരുന്നു. ഇന്നാകട്ടെ സമുദായത്തിൻെറ നാനാതുറകളിലും ബാലന്മാൎക്ക പ്രതിബന്ധമില്ലാതെ സ്വച്ഛന്ദം സഞ്ചരിക്കുവാൻ അനുവദിക്കുന്ന സോഷ്യലിസ്റ്റ് സ്റ്റേററിലെ ശിശുസംരക്ഷണാലയങ്ങളിൽ വളരുവാൻ കഴിയും. ചില റീജിയനുകളിൽ സോവിയററു ഭരണം തുടങ്ങാതിരുന്നെങ്കിൽ മാതൃഭാഷയിൽ സ്വന്തം പുസ്തകമോ, ലഘുലേഖയോപോലും വായിക്കുവാൻ കുട്ടികൾക്കു കഴിയുമായിരുന്നില്ല. ബാലശുശ്രൂഷയെ സംബന്ധിക്കുന്ന ഉത്തരവാദിത്വം സ്റ്റേററു മുഴുവനും ഏറെറടുത്തിരിക്കുന്നു. ബാ

ല്യവിവാഹം തടയപ്പെട്ടു. ഇളംപ്രായത്തിലുള്ള പെങ്കുട്ടികളെ വില്പന നടത്തുന്ന പതിവു് ഇല്ലാതാക്കി.

1941 ജൂൺമാസത്തിൽ "ഫാഷിസ്ററുകാക്കെതിരായ തൊഴിലാളികൾ" എന്ന വിനോദം യാഥാത്ഥ്യമായി. സോവിയററിലെ ബാലന്മാക്കു് പരിശീലനം വഴിയായി ലഭിച്ച സോഷ്യലിസ്റ്റ് ബോധം നഷ്ടപ്പെട്ടില്ല. സോവിയററിലെ പാഠശാലകൾ മുഖാന്തിരം വളൻവന്ന പടയാളികൾ, രാജ്യരക്ഷാപ്രവത്തനത്തിൽ ധൈയ്യവും ആത്മവിശ്വാസവും പ്രകടിപ്പിച്ചു. സ്ത്രീകൾ പാചകശാലയിൽ ജോലിചെയ്യുന്നവരാണു്. പാടങ്ങളിലും ഫാക്കറികളിലും അവർ പ്രവത്തിക്കും. അവർ വത്തമാനപ്പത്രങ്ങൾ വിതരണം ചെയ്യുന്നതിലും, പട്ടാളക്കാരെ ആനന്ദിപ്പിക്കുവാൻ വിനോദങ്ങൾ നടത്തുന്നതിലും വായിക്കുവാനുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നതിലും സമത്ഥകളാണു്. പട്ടാളക്കാർ പിന്മാറുന്ന സ്ഥലങ്ങളിൽ പഠിക്കുന്ന ചെറുബാലന്മാർ ജനങ്ങളെ സമാശ്വസിപ്പിച്ചു് അവക്കു വേണ്ടുന്ന സഹായങ്ങൾ നല്കുന്ന കായ്യത്തിൽ മടികാണിച്ചിട്ടില്ല. ചൈനയിലെപ്പോലെ ബാലന്മാർ സംഘടിതമായി, ഹിററ്ലർ ആക്രമികൾക്കെതിരായ ഒളിപ്പോരുസമരങ്ങൾ നയിച്ചു. ശത്രുക്കളുടെ സേനകളെ അപകടപ്പെടുത്തുവാൻ അവരുടെ ഇടയിൽ വേഷപ്രച്ഛന്നരായി അവർ സഞ്ചരിച്ചു. മാതൃഭൂമിയെ സ്നേഹിച്ചതിനു്, ഫാഷിസ്ററുകാരാൽ വധിക്കപ്പെട്ടിട്ടുള്ള ബാലന്മാരുടെ എത്രയെത്ര വീരകഥകൾ, അവർ രചിച്ചിട്ടു

ണ്ടു്? ഫാഷിസ്റ്റാക്രമണംമൂലം സ്വന്തം രക്ഷിതാക്കന്മാരു മായി ബന്ധമററുപോയ കുട്ടികളെ പരിരക്ഷിക്കുന്നതിനു സ്റ്റേററും മററു പൊതുസ്ഥാപനങ്ങളും നല്ലപോലെ ശ്രദ്ധ പതിപ്പിച്ചുവരുന്നു. മറേറതു രാഷ്ട്രത്തെക്കാളും സോവി യററിൻെറ പദ്ധതി ഇക്കാര്യത്തിൽ മാതൃകാപരമാണു്.

സോവിയററു സമുദായത്തിൻെറ നേട്ടങ്ങളിൽ വച്ചു് വിശാലമായ വിദ്യാഭ്യാസപദ്ധതി മാത്രുപോകാത്ത സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. മുതലാളിത്തരാഷ്ട്ര ങ്ങൾ സോഷ്യലിസ്റ്റ് സ്റ്റേററിൻെറ ഈ നേട്ടങ്ങളെ ബഹു നിന്ദയോടുകൂടിയാണു് വീക്ഷിക്കുന്നതു്. യാഥാർത്ഥ്യങ്ങ ളെ മറച്ചുവെച്ചു് അവർ അപവാദങ്ങൾ പറഞ്ഞുപര ത്തി. യുദ്ധത്തിനുശേഷമാകട്ടെ, ഇപ്പോൾ ഫാഷിസ്റ്റ് സാമ്രാജ്യശക്തികൾ പറഞ്ഞുപരത്തിയ അയഥാർത്ഥങ്ങ ളുടെ ചെമ്പു പുറത്തായിത്തുടങ്ങി. ബ്രിട്ടീഷ് ഗവമ്മെൻറ് സോവിയററു ഗ്രന്ഥങ്ങളെ, ഇംഗ്ലണ്ടിലെ വിദ്യാലയങ്ങ ളിലേക്കു് കടത്തുവാൻ അനുവദിച്ചതുതന്നെ മുന്നോട്ടുള്ള ഒരു കാൽവെപ്പാണു്. സോവിയററു ബാലന്മാർ സമുദാ യത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ഫാഷിസ്ററുഭരണ ത്തിൻകീഴിൽ, പ്രതിഫലമില്ലാതെ തോക്കിൻെറമുമ്പിൽ നിന്നുകൊണ്ടു്, ബാലന്മാർ ലേബർ ക്യാമ്പുകളിൽ നിർബ്ബ ന്ധപൂർവ്വം ജോലിചെയ്യേണ്ടിവന്നു. സ്റ്റേററിനുവേണ്ടിയും കൊള്ളയടിക്കുന്ന അധികാദായക്കൊതിയന്മാരായ ന്യൂന പക്ഷത്തിൻ വേണ്ടിയുമാണു് അവർ അങ്ങിനെ പ്രവ ർത്തിക്കേണ്ടിവന്നതു്. സർവ്വകലാശാലാ വിദ്യാഭ്യാസം നേ

ട്ടവാനുള്ള സൗകര്യം സോഷ്യലിസ്റ്റ് സ്റ്റേററിൽ വർദ്ധിക്കുകയും ഫാഷിസ്റ്റ് രാഷ്ട്രത്തിൽ കുറയുകയും ചെയ്യു. സംസ്കാരമെന്നു കേൾക്കുമ്പോൾ തോക്കെടുക്കുന്ന സിദ്ധാന്തമാണ് ഫാഷിസ്റ്റ് നേതാവായ ഗീബ്ബൽസ് ഉപദേശിച്ചിട്ടുള്ളതു്. . ജനങ്ങളെ പരിഷ്കൃതചിത്തരാക്കിത്തീർക്കുകയാണ് സോവിയററു വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെങ്കിൽ കവർച്ചയ്ക്കും കൊള്ളയ്ക്കും ജനങ്ങളെ പ്രേരിപ്പിക്കുവാൻ സന്നദ്ധരാക്കുകയാണ് ഫാഷിസ്റ്റ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സോവിയററു വിദ്യാഭ്യാസം പ്രചാരവേലയ്ക്കു് വേണ്ടിമാത്രമാണ് ഉപകരിക്കുന്നതെന്നു ശത്രുക്കൾ ആക്ഷേപം പുറപ്പെടുവിക്കാറുണ്ട്. മാനവസമുദായത്തിന്റെ വികാസചരിത്രങ്ങൾ കുട്ടികളെ പഠിപ്പിക്കുന്ന സോവിയററു പാഠശാലകളിൽ വിദ്യാർത്ഥികളെ യഥാർത്ഥപൗരന്മാരാക്കിത്തീർക്കുകയാണ് ചെയ്യുന്നതു്. അവിടുത്തെ പാഠശാലകൾ ഒരു നൂതന സാമൂഹ്യവ്യവസ്ഥിതിയുടെ—ഒരു പുതിയ സംസ്കാരത്തിന്റെ അവിഭാജ്യഘടകമായി പരിണമിച്ചിരിക്കുന്നു. എന്നാൽ മനുഷ്യസമുദായത്തിന്റെ പുരോഗതിയ്ക്കുള്ള ലക്ഷ്യമാണു സോവിയററ് വിദ്യാഭ്യാസത്തിന്റെ ഉൽകൃഷ്ടമായ നേട്ടവും ധർമ്മവും.

സോവിയററു ബാലന്മാരിൽനിന്നും യുവജനങ്ങളിൽനിന്നും വരുന്ന കത്തുകൾ വായിക്കുന്ന ഒരാൾക്ക് രണ്ടു സംഗതികൾ വ്യക്തമാകും. (1) യുദ്ധസംബന്ധമായ അവരുടെ ബോധം (2) യുദ്ധനേതൃത്വത്തിൽ അവരുടെ ഹൃദയംഗമമായ പങ്കെടുക്കൽ. 1917 മുതൽ സോവി

യററു ബാലന്മാർ എല്ലായ്പ്പോഴും യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചുവരികയാണു്. അതുകൊണ്ടു ബാലന്മാരെ സമുദായത്തിലെ ഏററവും പ്രധാനപ്പെട്ട വിഭാഗമായി എല്ലായ്പ്പോഴും കരുതിവരുന്നു. സ്റ്റാലിൻ പറഞ്ഞതുപോലെ സമുദായത്തിലെ കുസുമങ്ങളായിട്ടാണു് അവരെ ഗണിച്ചുവരുന്നതു്. സോവിയററു സമുദായത്തിൻെറ മുഴുവൻ വളർച്ചയിലും വികാസത്തിലും കുട്ടികൾ പങ്കെടുത്തു. കഷ്ടത നിറഞ്ഞ കാലഘട്ടത്തിൽ, സമാധാനവും സുഭിക്ഷതയും ഉള്ള അവസരങ്ങളിലെന്നപോലെ അനേകം കർത്തവ്യങ്ങൾ അവക്കു് അനുഷ്ഠിക്കുവാൻ ഉണ്ടായിരിക്കും. ക്ഷാമകാലങ്ങളിൽ എന്തു ഭക്ഷണമാണൊ തങ്ങളുടെ കൂട്ടുകാരുടെ ഇടയിൽ വിതരണം ചെയ്യുന്നതു്, ആ ഭക്ഷണങ്ങൾ ശുശ്രൂഷാകേന്ദ്രങ്ങൾ തുറന്നു ബാലന്മാർ ജനങ്ങൾക്കു വിതരണം ചെയ്യുന്നു. സാക്ഷരതത്തിന്നു വേണ്ടിയുള്ള ആദ്യസമരഘട്ടത്തിൽ കുട്ടികൾ ഗ്രാമങ്ങളിൽ മുതിന്നവരെ, എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുകയും, സോവിയററു ഗവമ്മെൻറു നടപ്പിൽ വരുത്തുന്ന പുതിയ ജീവിതരീതി പ്രായോഗികമാക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. ഭക്ഷണവും വസ്ത്രവും കുട്ടികൾക്കു മുൻഗണന നല്കുന്നു. സ്റ്റേററിൻെറ സംരക്ഷണശ്രദ്ധ പ്രഥമമായി പതിയുന്നതു കുട്ടികളിലാണു്. എന്നാൽ മററു പ്രശ്നങ്ങളിൽ നിന്നവരെ തീരെ അകററി നിറുത്തിയിട്ടില്ല. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലാതാക്കി നല്ല രീതിയിലുള്ള കാർമ്മികവൃത്തിയിൽ

ഏർപ്പെടുത്തുവാനും വൃത്തിയായി ജീവിക്കുവാനും ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ഏജന്റന്മാർ ബാലന്മാരാണ്.

സമുദായത്തിൻെറ ആവശ്യത്തിൽനിന്നാണ് സോവിയററു വിദ്യാഭ്യാസസമ്പ്രദായം ഉയൎന്നുവരുന്നതു്. സമുദായം വളർന്നതുപോലെതന്നെ വിദ്യാഭ്യാസസമ്പ്രദായവും അതിൻെറ വളൎച്ചയിൽ പല ഘട്ടങ്ങളേയും തരണം ചെയ്യേണ്ടിവന്നു. അതിൻെറ് പഠനവിഷയപട്ടിക വേഗത്തിൽ വളൎന്നുവരുന്ന നൂതനവ്യവസായത്തിൻെറ ആവശ്യങ്ങളെ ഉൾക്കൊള്ളിക്കത്തക്കനിലയിൽ വിപുലമാക്കി. ഫാക്ടറികളിൽപോയി ആയുധങ്ങൾ ഉപയോഗിച്ചു ജോലിചെയ്തു വ്യവസായത്തിൻെറ വളൎച്ചയെ മനസ്സിലാക്കേണ്ടുന്നതിനായി വിദ്യാൎത്ഥികൾക്കു പാഠശാലയിൽ സൗകര്യം നൽകി. അതുകൊണ്ടു ബാലന്മാൎക്കു് എൻജിനീയറന്മാരായും ടെക്ക്നിഷ്യൻസായും പരിശീലിക്കുവാൻ സാധിക്കുന്നു. ബാലികാബാലന്മാൎക്കു് ടെക്നിക്കൽ വിഭാഗത്തിൽ ഉയൎന്ന സ്ഥാനം ലഭിക്കുന്നു. ജോലിസമയങ്ങളെപ്പോലെതന്നെ ഒഴിവുസമയങ്ങളേയും ശരിക്കുപയോഗിക്കുന്നതിനും സാംസ്കാരികമായ വളൎച്ചയ്ക്കും വേണ്ടിയാണ് പഠനപദ്ധതി വിപുലപ്പെടുത്തിയതു്.

ഇന്നത്തെ സോവിയററു പാഠശാലകൾ നാളത്തെ പാഠശാലകളായി മാറേറണ്ട ആവശ്യമില്ല. അതു സ്റ്റേററിൻെറ ഒരഭേദ്യഘടകമാണ്. സോവിയററു സമുദായം വളരുന്നതോടുകൂടിതന്നെ സമുദായത്തിൻെറ അവശ്യങ്ങളെ പാഠശാലകൾ നിറവേററിക്കൊടുക്കണം. എല്ലാവരും പങ്കെ

ട്ടുന്നു നടത്തുന്ന യുദ്ധത്തിന്റെ അർത്ഥം സോവിയററുബാല ന്മാരും പെൺകുട്ടികളും മനസ്സിലാക്കിയിട്ടുണ്ട്. ചുരു ക്കംബാലന്മാർ അനുഭവത്തിൽനിന്നും മനസ്സിലാക്കിയിരി ക്കുന്നു. സോവിയററുവിദ്യാഭ്യാസത്തിന്റെ അനുഭവത്തെ സംബന്ധിച്ച ഒരു പരിശോധനാഘട്ടമായിരുന്നു യുദ്ധാവ സരം. ഇന്നത്തെ യുവജനങ്ങൾക്കു സ്വതന്ത്രമായി സം ഭവങ്ങളെ നേരിടുവാൻ-മുൻകൈ എടുക്കുവാൻ-സാധി ക്കുമെന്നു അനുഭവം തെളിയിച്ചു. ശത്രു ആക്രമിച്ചു കീഴ ടക്കിയ ഗ്രാമങ്ങളിൽ ശത്രുക്കൾക്കു് എതിരായി നശീകര ണപ്രവത്തനം നടത്തുവാനും ചുവപ്പുപട്ടാളക്കാക്കും ഗോ റില്ലകൾക്കും ശത്രുക്കളെ സംബന്ധിച്ച വിവരം ശേഖരി ച്ചെത്തിക്കുവാനും ഏററവും ചുറുചുറുക്കോടുകൂടി പ്രവത്തി ച്ചിരുന്നതു ബാലന്മാരും ബാലികമാരുമാണു്. ജമ്മൻപ ട്ടാളക്കാരെ അപകടത്തിലേക്കു് നയിച്ചതു് അവരാണു്. ഒട്ടധികം ബാലന്മാർ ഗോറില്ലസൈന്യത്തിൽ ചേന്നു. സ്കൗട്ട്സായും സന്ദേശവാഹകന്മാരായും കുട്ടികൾ പ്രവ ത്തിച്ചു യുദ്ധഘട്ടങ്ങളെ സംബന്ധിച്ചുള്ള സോവിയററു ബാലന്മാരുടേയും ബാലികമാരുടെയും നിരവധി കഥകൾ ഉണ്ടു്. സോവിയററുവിദ്യാഭ്യാസം വിജ്ഞാനപ്രദമായ ഒരു പദ്ധതി മാത്രമല്ലെന്നാണു് ഇതെല്ലാം തെളിയിക്കു ന്നതു്.

സോവിയററുഗുരുനാഥന്മാർ കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുകമാത്രമല്ല, സോവിയററുസമുദായ ത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു കടമ നിവ്വഹിക്കുക കൂടി ചെയ്യുന്നു. ഭാവിതലമുറയെ അവർ വളത്തുന്നു. ക

മ്യൂണിസത്തിന്റെ ഭാവിനിർമ്മാതാക്കളെ അവർ മുന്നോട്ടു കൊണ്ടുവരുന്നു.

എട്ടുമുതൽ പതിനൊന്നുവയസ്സുവരെ ക്ലാസ്സുമുറിയിലെ പ്രവർത്തനത്തിൽ കുട്ടികളെ സ്വാതന്ത്ര്യമായി പങ്കെടുപ്പിച്ചുകൊണ്ട് ഒരദ്ധ്യാപകൻ പഠിപ്പിക്കുന്നു. ക്ലാസ്സിൽ അനുഷ്ഠിക്കേണ്ട സമ്പ്രദായത്തെക്കുറിച്ചും ഓരോ ബാലന്റെ പുരോഗതി, അച്ചടക്കം, ആരോഗ്യസ്ഥിതി, അന്നുള്ള രാഷ്ട്രീയസ്ഥിതിഗതികൾ, സോവിയറ്റുയൂണിയന്റെ വിരോചിതപ്രവർത്തനങ്ങൾ, അതിന്റെ വളച്ച് എന്നിവയെ സംബന്ധിച്ചും വിശദമായി പഠിപ്പിക്കുക സാധാരണമാണ്.

ഒക്ടോബറിസ്റ്റ് പയനീർവിഭാഗത്തിൽപെട്ട ഒട്ടധികം ബാലന്മാർ അവർക്കു വേണ്ടിയുള്ള വിനോദയാത്രയിൽ പങ്കെടുക്കുന്നു. വിവിധപ്രായത്തിലുള്ള ബാലന്മാർക്കുവേണ്ടി സിനിമകളും സാംസ്കാരികകേന്ദ്രങ്ങളും ഏർപ്പാടു ചെയ്തിട്ടുള്ളതിനും പുറമേ എഴുത്തുകാർ, കലാകാരന്മാർ, മുതലായവർ ബാലന്മാർക്കുവേണ്ടി നല്ല ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്യുന്നു. 11 വയസ്സിനു മുകളിലുള്ളവരെ പഠിപ്പിക്കുന്നതിനു ഓരോ വിഷയത്തിനും ഓരോ അദ്ധ്യാപകനുണ്ട്. കുട്ടികളുടെ ഓരോ ക്ലാസ്സിനും പ്രത്യേകമായി ഓരോ ഉപദേശകനുമുണ്ടായിരിക്കും. ഈ വ്യക്തി രണ്ടോ മൂന്നോ വർഷം ഉപദേശകനായി ജോലി നോക്കുന്നു. ഉപദേശകൻ(സ്ത്രീയായാലും പുരുഷനായാലും)ഓരോ ബാലനേയും പ്രത്യേകം പരിശോധിച്ചു പാഠങ്ങൾ പഠിക്കുന്നതിനുള്ള കുട്ടിയുടെ ശ്രദ്ധയെ നോട്ടുചെയ്യണം. കുട്ടി

കളുടെ രക്ഷിതാക്കന്മാരുമായി നേരിട്ടു പരിചയപ്പെടുന്നതിനു ഓരോ ടേമിലും ഓരോ പ്രാവശ്യമെങ്കിലും ഉപദേശകൻ അവരെ സന്ദൎശിക്കേണ്ടതാണ്. മാസത്തിൽ ഒരു പ്രാവശ്യം രക്ഷിതാക്കന്മാരുടെ യോഗം വിളിച്ചുകൂട്ടി ക്ലാസ്സിലെ മുഴുവൻ പ്രവൎത്തനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് അവരുടെ മുമ്പാകെ സമൎപ്പിക്കണം. കുട്ടികളുടെ നേട്ടങ്ങളും കോട്ടങ്ങളും ചൂണ്ടിക്കാണിക്കണം. രക്ഷിതാക്കന്മാൎക്ക് ഏതവസരത്തിലും വിദ്യാലയം സന്ദൎശിക്കുവാനും അദ്ധ്യയനരീതി കണ്ടു മനസ്സിലാക്കുവാനും അദ്ധ്യാപകരുമായി സംസാരിക്കുവാനും അവകാശമുണ്ട്. രക്ഷിതാക്കന്മാരുടെ യോഗങ്ങൾ കൂടുന്ന അവസരത്തിൽ ഓരോ രക്ഷിതാവിനും അതിൽ സജീവമായി പങ്കെടുക്കുന്നതിനും വിദ്യാലയനടത്തിപ്പിനെ സംബന്ധിച്ചു വിമൎശിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്.

ഉപദേശകനു കുട്ടികളുമായി സംസാരിക്കുവാൻ പ്രത്യേകസമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾ സ്വന്തമായിത്തന്നെയാണ് അവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ഭാവിപരിപാടി തയ്യാറാക്കുന്നതു്. അവർ ക്ലാസ്സിലെ ഓരോരുത്തരുടേയും പുരോഗതി, ലഭിക്കുന്ന മാൎക്കുകൾ, ഇവ പുനഃപരിശോധന ചെയ്യുന്നു. അച്ചടക്കം കൂടുതൽ വളൎത്തിക്കൊണ്ടുവരുവാനുള്ള നിൎദ്ദേശം നൽകുന്നു. കുഴപ്പമുണ്ടാക്കുന്നവരെ അവരുടെ കൂട്ടുകാർതന്നെ അവഹേളിക്കുന്നു. ഗുരുനാഥന്മാർ ശിഷ്യന്മാരെ വിമർശിക്കുന്നതുപോലെതന്നെ ശിഷ്യന്മാൎക്ക് ഗുരുനാഥന്മാരെ വിമൎശിക്കുവാനും അവകാശമുണ്ട്. വിമർശനം വളൎച്ചയെ സ

ഹായിക്കത്തക്കവിധത്തിലായിരിക്കും, സ്നേഹപരമായിരിക്കും, മുമ്പിൽ വെച്ചായിരിക്കും. തൻമൂലം അദ്ധ്യാപകരും വിദ്യാത്ഥികളും തമ്മിൽ പരിപൂണ്ണമായ സ്നേഹവും തുറന്ന മനോഭാവവും ഉണ്ടായിരിക്കും.

ക്ലാസുകളിലെ പാഠ്യവിഷയങ്ങൾക്കു പുറമേ സാധാരണമായി സോവിററുയൂണിയനിലും പുറത്തു നടക്കുന്ന അതാതവസരത്തിലെ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചു വാദപ്രതിവാദവും കുട്ടികളുടെ ഇടയിൽ നടക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ വിവിധയൂണിററുകൾ ചിത്രങ്ങൾ, ഹാസ്യചിത്രങ്ങൾ, ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, അടങ്ങുന്ന ചുമർപത്രങ്ങൾ മുതലായവ പുറപ്പെടുവിക്കുന്നു.

വിനോദയാത്രകൾ, സിനിമാസന്ദൾനങ്ങൾ, തുടങ്ങിയവ ബാലന്മാരുടെ ഇടയിലുള്ള ഐക്യമനോഭാവത്തെ ദൃഢീകരിക്കുകയാണു ചെയ്യുന്നതു്. പുസ്തകങ്ങളിൽ നിന്നുള്ള പാഠങ്ങൾ വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമായി മാത്രമെ കരുതപ്പെടുന്നുള്ളു. സോവിയററുവിദ്യാഭ്യാസഭാരവാഹികൾ വിദ്യാത്ഥികളുടെ സവ്വവിധവളർച്ചക്കും സഹായകരമായ നിലയിലാണു് വിദ്യാഭ്യാസസമ്പ്രദായം പ്ളാൻ ചെയ്തിട്ടുള്ളതു്. കുട്ടികൾക്കു കല, സംഗീതം, സാഹിത്യം ഇവ പഠിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ടു്.

സോവിയററുയൂണിയനിലെ നഗരങ്ങളിൽ വിപുലമായ തോതിൽ പയനീയർ ക്ലബ്ബുകളും വീടുകളും ദൈ

നംദിനം വദ്ധിച്ചുകൊണ്ടിരിക്കുന്നു. കാർഎഞ്ചിനുകളും വിമാനങ്ങളുടെ മാതൃകളുള്ള മുറികളും, സിനിമായന്ത്രങ്ങൾ, പ്രകൃതിശാസ്ത്രം, ജന്തുശാസ്ത്രം, രസതന്ത്രശാസ്ത്രം, എന്നിവയ്ക്കുള്ള മുറികളും ഗ്രന്ഥാലീയത്തിനും വ്യായാമസൗകര്യത്തിനും വേണ്ടുന്ന മുറികളും ഈ ക്ലബ്ബുകളിലുണ്ട്. ഗ്രാമങ്ങളിൽ വിദ്യാലയങ്ങളും കൂട്ടുകൃഷിക്ലബ്ബുകളും മുകളിൽ പ്രസ്താവിച്ചതുപോലെ സാംസ്കാരികകേന്ദ്രങ്ങളിൽവച്ച് പ്രവത്തിക്കുന്നു. ബാലസംഘങ്ങൾ ഗ്രാമങ്ങൾതോറും സംഗീതകലാപ്രകടനം നടത്താറുണ്ട്. സംഗീതവിദഗ്ദ്ധന്മാരും നടനകലയിൽ പ്രാവീണ്യം നേടിയവരും അവരുടെ സമയത്തിന്റെ ഒരു ഭാഗം ഗ്രാമങ്ങളിലെ ഡ്രാമാഗ്രൂപ്പുകൾക്കും മററു സംഗീതവിഭാഗത്തിനും നിർദ്ദേശം കൊടുത്തു പരിശീലിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

യുദ്ധമേഖലകളല്ലാത്ത പ്രദേശങ്ങളിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും വിദ്യാത്ഥികൾ കൂട്ടുകൃഷിയിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു, കൊയ്ത്തുകാലത്തു കൃഷിക്കാരെ സഹായിക്കുന്നുണ്ട്. തൊഴിൽശാലയിലെ പരിചയം സിദ്ധിച്ച ബാലന്മാർ കളിക്കോപ്പുകളും ചുകപ്പുപടക്കാവശ്യമായ ചെറുമെഷിനും നിർമ്മിക്കുന്നു. ഇതുകൂടാതെ കുട്ടികൾക്കു പ്രഥമശുശ്രൂഷ സംബന്ധിച്ചുള്ള സാമാന്യജ്ഞാനവും നൽകിവരുന്നു. പ്രായപൂത്തിയായവർ വിദ്യാഭ്യാസപദ്ധതിയുടെ ഒരു ഭാഗമായി പട്ടാളപരിശീലനം നടത്തുന്നു. ഒട്ടധികം ബാലന്മാർ യുദ്ധത്തിൽ മുറിവേററും മററപകടങ്ങൾ സംഭവിച്ചും ദുരിത

മനുഭവിക്കുന്നവരെ ശുശ്രൂഷിക്കുകയും ചുകപ്പുസേനയുടെ ആശുപത്രികൾ സന്ദർശിച്ചു പട്ടാളക്കാക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

## റഷ്യയിലെ കായികവിദ്യാഭ്യാസം

പകൽ മുഴുവൻ വിദ്യാലയങ്ങൾ തുറന്നു കിടക്കും. അധികം വിഭാഗങ്ങളിലെ കുട്ടികൾക്കും ദിവസത്തിൽ മൂന്നുപ്രാവശ്യം ഭക്ഷണം നൽകും. അവധി ദിവസങ്ങളിൽ വിനോദകേന്ദ്രങ്ങൾ ആരംഭിച്ചു അദ്ധ്യാപകന്മാർ പ്രതിഫലമില്ലാതെ അതു നടത്തിക്കൊണ്ടുപോകുവാൻ സമയം വിനിയോഗിക്കുന്നു. ചുവപ്പുപട ശത്രുവിൻെറ കയ്യിൽനിന്നു മോചിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അദ്ധ്യാപകന്മാക്ക് കുറച്ചു കുട്ടികളെയും ഒരു മുറിയും ശേഖരിക്കാൻ കഴിഞ്ഞാൽ ഉടനെ വിദ്യാലയങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നു.

സ്റ്റാലിൻഗ്രാഡിൽ ക്ലാസ്സുകൾ ഗുഹകളിൽവച്ചു നടത്തുന്നു. വിദ്യാത്ഥികൾ കറുപ്പുപലകയായി മേശയുടെ പുറഭാഗം ഉപയോഗിക്കുന്നു. വിദ്യാലയങ്ങൾ പുനഃസ്സംഘടിപ്പിക്കുന്നതിൽ ബാലന്മാരും ബാലികമാരും സജീവമായി പങ്കെടുക്കുന്നു. നിരാധാരരായ ബാലന്മാക്കുവേണ്ടി ആതുരശുശ്രൂഷാലയങ്ങളും വിശ്രമകേന്ദ്രങ്ങളും ഉയൎന്നു വരുന്നതുപോലെ യുദ്ധദുരിതത്താൽ അഗതികളായവക്കു പാപ്പിടകേന്ദ്രങ്ങളും ഭക്ഷണവും ഗവമ്മെൻറ് സൗജന്യമായി നൽകിവരുന്നു. ആക്രമണത്താൽ കഷ്ടപ്പെടുന്ന പൈതങ്ങൾക്കു പ്രത്യേകം തയാറാക്കിയ പഠനവിഷയ

പ്പട്ടികയുടെ സഹായത്തോടുകൂടി വീണ്ടും വളൎന്നുവരുവാൻ സാധിക്കുന്നു. പുനഃസംഘടനാപരമായ വമ്പിച്ച ചുമതല നിറവേററുന്നതോടൊപ്പം സോവിയററു ഗവൎമ്മൻറു വിദ്യാഭ്യാസസമ്പ്രദായത്തിൽത്തന്നെ മാററങ്ങൾ വരുത്തുന്നുണ്ടു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സെക്കണ്ടറിവിദ്യാലയങ്ങളിൽവച്ചു പ്രത്യേകം പരിശീലനം നൽകുന്നു. കരിക്കുലത്തിൽ പുതിയ വിഷയങ്ങളെ ഉൾക്കൊള്ളിക്കുന്നു. മനോഹരമായ നഗരങ്ങളും ഗ്രാമങ്ങളും ഫാക്ടറികളും കൃഷിപ്രദേശങ്ങളും വീണ്ടും ഉയൎത്തുവാനുള്ള ജനങ്ങളുടെ സമരത്തിൽ സോവിയററു പാഠശാലകൾ പ്രധാനമായ പങ്കു വഹിക്കുന്നു. സോവിയററു ജനത അറുതിവരാത്ത സ്നേഹബന്ധം നിലനിറുത്തി. എന്തിനാണു്, എങ്ങിനെയാണു് കാൎയ്യങ്ങൾ ചെയ്തുതീൎക്കുന്നതെന്നു ചുഴിഞ്ഞാലോചിച്ചാൽ മാത്രമെ മനസ്സിലാകുവാൻ സാധിക്കുകയുള്ളു. അതേരീതിയിലുള്ള സഹോദൎയ്യമനോഭാവം യുദ്ധമില്ലാത്തതും ഉറച്ചതും സുദീൎഘവുമായ ഭാവിയിലേക്കു പോകുവാൻ നമ്മെ സഹായിക്കും.

കായികപരിശീലനത്തെ സംബന്ധിച്ചിടത്തോളം സോവിയററു യൂണിയനിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വ്യായാമപരിശീലനത്തിനു സജീവപ്രാധാന്യം നൽകുന്നു. കായികമായി ബാലന്മാരെ സന്നദ്ധരാക്കിക്കൊണ്ടു വരേണ്ടതിനു 20 വൎഷക്കാലം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചതിനാൽ വ്യാവസായികപുരോഗതിക്കു മാത്രമല്ല, മററു യുദ്ധകാല ആവശ്യങ്ങളെല്ലാം നിൎവ്വഹിച്ചുകൊടുക്കത്തക്കവിധം റഷ്യക്കാർ നല്ലനിലയിൽ ഉയൎന്നിട്ടുണ്ടു്.

ചുരുക്കം വഷത്തിനുള്ളിൽ സോവിയററു വിനോദങ്ങളിൽ പങ്കെടുക്കുന്ന പുരുഷന്മാരും സ്ത്രീകളും ഏററവും നല്ലനിലയിൽ വളൻവന്നതുകൂടാതെ ചില മത്സരക്കളികളിൽ മററു രാജ്യങ്ങളിലെ കളിക്കാരെ പരാജയപ്പെടുത്തുവാനും സാധിച്ചിരിക്കുന്നു. ഇതിൻെറ അടിസ്ഥാനസംഗതി മററു രാഷ്ട്രങ്ങൾക്കു താരതമ്യപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ സോവിയററുസമ്പ്രദായങ്ങൾ ശാസ്ത്രീയമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്നുള്ളതാണു്. സോവിയററിൽ അഞ്ചുദേശീയകാളേജുകൾഉണ്ടു്. മോസ്കോ, ലെനിൻഗ്രാഡു്, കീവ്, ഖാർക്കോവ്, ട്ലിസി എന്നിവിടങ്ങളിലാണു് സ്ഥാപിച്ചിട്ടുള്ളതു്. ഉയൻ്ന നിലയിൽ ദേശീയപ്രാധാന്യം നൽകുന്ന സ്പോട്ട്സ്, കായികസംസ്കാരം ഇവയെ ഉയത്തുവാൻ മുഴവൻ സമയം ഉപയോഗിച്ചു് തൊഴിലാളികളെ പരിശീലിപ്പിക്കുന്നു. സ്ത്രീകളെയും പുരുഷന്മാരെയും പരിപൂണ്ണമായി വളത്തുകയാണു് ഈ കോളേജുകളുടെ കത്തവ്യം. ആയിരക്കണക്കിനു വിദ്യാത്ഥികൾ പഠനം പൂത്തിയാക്കുവാൻ നാലും അഞ്ചും വഷമെടുക്കുന്നു. എല്ലാവരും പ്രാഥമിക പരീക്ഷകൾ പാസ്സായാൽ മാത്രമെ ഈ പരിശീലനം നേടുവാൻ സാധിക്കുകയുള്ളൂ. പഠനം പൂത്തിയാകാത്ത നിദ്ദേശകന്മാരെ 25 ട്രെയിനിംഗുസ്കൂളുകളിൽ രണ്ടുവഷക്കാലത്തിനുള്ളിൽ പഠിപ്പിക്കണമെന്നുള്ളതു നിയമമാണു്. സോവിയററുസ്പോട്ട്സിനെ സംബന്ധിച്ച വിപുലമായ പരിജ്ഞാനം ഒരാളുടെ ഹൃദയത്തിൽ സൂക്ഷിക്കുവാൻ കഴിയുന്നു. പരിശീലനം നേടിക്കൊണ്ടുള്ള ഒട്ടധി

കം ചെറുപ്പക്കാരെ സാമത്ഥ്യമുള്ളവരാക്കി ജോലിയിൽ പ്രവേശിപ്പിക്കുവാൻ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്. അവരുടെ സംഖ്യം 10 ലക്ഷമായിട്ടുണ്ട്. സ്പോട്ട്സ് ക്ലബ്ബുകൾക്കുവേണ്ടി മാത്രമല്ല പുതിയ അദ്ധ്യാപകന്മാരെ ആവശ്യമായിട്ടുള്ളതു്. ട്രെയിഡ്യൂണിയൻ സംഘടന, പരസ്പരസഹായസംഘങ്ങൾ, കരവപ്പട, നാവികപ്പട, വിമാനപ്പട, വിദ്യാലയങ്ങൾ, സവ്കലാശാലകൾ എന്നിവയ്ക്കും ആവശ്യമാണു്; സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുടെ പ്രായോഗികവശം വിനോദത്തിലും കായികസംസ്കാരത്തിലും വിജയിച്ചിട്ടുണ്ടെന്നു വ്യക്തമായി തെളിയിച്ചുകൊടുക്കുവാൻ റഷ്യയ്ക്കു കഴിയും. കൂടാതെ റഷ്യക്കാർ ആരോഗ്യപരമായ നിയന്ത്രണമില്ലെങ്കിൽ സ്പോർട്ട്സ് പ്രസ്ഥാനം വളത്തുവാൻ കഴികയില്ലെന്നു വ്യക്തമാക്കി. ആരോഗ്യവകുപ്പിലെ ഭാരവാഹികളായ ഡോക്ടർമാർ വ്യായാമപരിശീലനത്തിനെടുക്കുന്നവരുടെ ദേഹപരിശോധനയും മററും നടത്തിക്കൊണ്ടു ആ പ്രസ്ഥാനത്തെ സഹായിക്കുന്നു.

## സെക്കണ്ടറിസ്കൂളും സവ്കലാശാലയും

അസാദ്ധ്യമാണെന്നു വിചാരിച്ച വിഷമത നിറഞ്ഞ പരിത:സ്ഥിതികളെ നേരിട്ടുകൊണ്ടു പ്രവത്തിച്ചിരുന്ന കമ്മപദ്ധതികളുടെ വഷങ്ങളിലെപ്പോലെ തന്നെ—നീപ്പർ അണകെട്ടിൻെറയും കംസൊമോൾസ്ക് പട്ടണത്തിൻെറയും അനുഭവങ്ങൾ—സോവിയററു യുദ്ധത്തിൽ പ്രവേശിച്ചപ്പോൾ, വീരോചിതപ്രവത്ത

നങ്ങൾകൊണ്ടും അനിതരസാധാരണമായ സാമൎത്ഥ്യം പ്രകടിപ്പിച്ചും അവിടത്തെ യുവജനങ്ങൾ ഇന്നും മുന്നണിയിൽതന്നെ നില്ക്കുന്നതു വ്യക്തമാക്കുന്നുണ്ടു്.

യുദ്ധാവശ്യത്തിലേക്കായി സോവിയററു ഗവൎമ്മെൻറ് നിരവധി ദശവത്സരവിദ്യാലയങ്ങൾ ആരംഭിച്ചു. ഏഴു വൎഷമുള്ള നിൎബ്ബന്ധവിദ്യാഭ്യാസത്തോടു മൂന്നുക്ലാസുകൾ കൂടി കൂട്ടിച്ചേൎത്തു സൎവ്വകലാശാലയിൽ പഠനം തുടരുവാൻ ആഗ്രഹിക്കുന്നവൎക്കു 18 വയസ്സുവരെ വിദ്യാഭ്യാസം തുടരുവാൻ കഴിയും. ഇതിൻെറ ഉദ്ദേശം നിൎബ്ബന്ധവിദ്യാഭ്യാസം പത്തുവൎഷമായി വൎദ്ധിപ്പിക്കണമെന്നാണു്. എന്നാൽ യുദ്ധം ഈ പരിപാടിക്കു തൽക്കാലം തടസ്ഥങ്ങൾ വലിച്ചിട്ടു.

യുദ്ധത്തിനു മുമ്പുള്ള വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം, സംസ്കാരത്തിനുവേണ്ടി അടിസ്ഥാനമിട്ടുകൊണ്ടുള്ള വിശ്രമത്തിൻെറ ഒരുക്കംകൂട്ടലായിരുന്നു. ഒരു പ്രത്യേക ജോലി പരിശീലിക്കുന്നതുപോലെ കലയും സാഹിത്യവും മനസ്സിലാക്കലായിരുന്നു. സോവിയററുജനത മുഴുവൻ പങ്കെടുക്കുന്ന യുദ്ധനടത്തിപ്പിൽ ഇതും ലയിച്ചുചേൎന്നു. അവർ വളൎത്തിക്കൊണ്ടുവരുന്ന സൗന്ദൎയ്യവും സംസ്കാരവും തുടൎന്നുകൊണ്ടുപോകുന്നതിനെ ഭീഷണിപ്പെടുത്തുന്ന പ്രശ്നം വന്നപ്പോൾ ഓരോ പുരുഷൻേറയും, സ്ത്രീയുടേയും, യുവാവിൻെറയും, ബാലൻെറയും അടിയന്തിരാവശ്യം ഏതെങ്കിലും പ്രധാനപ്പെട്ട യുദ്ധപ്രവൎത്തനം മുന്നണിയിലോ പിന്നണിയിലോ ചെയ്യുകയെന്നതാണു്. വിദ്യാ

ഭ്യാസം എല്ലാ അവസരങ്ങളിലും സമുദായത്തിന്റെ ആവശ്യം നിർവ്വഹിക്കണം.

1940-ലെ നിയമം വ്യവസായത്തിനുവേണ്ടി ഉല്പാദനശക്തിയെ സംഭരിക്കുവാൻ പെൺകുട്ടികളടക്കം 10 ലക്ഷം യുവജനങ്ങളെ വിവിധരീതിയിലുള്ള സാങ്കേതിക പാഠശാലകളിലേക്കായി ഓരോ വഷത്തിലും വിളിക്കുകയുണ്ടായി. നിയമം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പായി തന്നെ പരിശീലനത്തിനു സന്നദ്ധരായി 10 ലക്ഷം കുട്ടികൾ മുന്നോട്ടു വന്നുവെന്നതു ആവേശം ജനിപ്പിക്കുന്ന സംഗതിയാണ്. ഏതുതരത്തിലുള്ള പരിശീലനമാണ് ഇഷ്ടപ്പെടുന്നതെന്നു തിരഞ്ഞെടുക്കുവാനുള്ള സൗകര്യം ഓരോരുത്തക്കും നൽകീട്ടുണ്ട്. അവക്കു വ്യാവസായിക വിഭാഗത്തിലും റയിൽവേ വിദ്യാലയങ്ങളിലും 15 വയസ്സുമുതൽ രണ്ടുവഷക്കാലം പ്രവേശിക്കുവാനും സാമത്ഥ്യം പ്രകടിപ്പിച്ചു പ്രവത്തനങ്ങൾക്കു ബിരുദനേടുവാനും സാധിക്കുന്നു. പരിശീലനം സൗജന്യമാണ്. പരിശീലനം നൽകുന്ന വിദ്യാത്ഥികൾക്ക് ആവശ്യമായ വസ്ത്രങ്ങളുടെ ചിലവടക്കം മുഴുവൻ ചിലവും ഗവമ്മെൻറു വഹിക്കുന്നു. പരിശീലനത്തിന്റെ അവസാനം ഓരോരുത്തരുടേയും പ്രത്യേകപ്രവൃത്തി ഓരോരുത്തരും നാലുവഷം ചെയ്യണം. ഈ വഷങ്ങൾക്കിടയിൽ അവരെ പട്ടാളസർവ്വീസിനു വിളിക്കുവാൻ പാടില്ല.

യുവാക്കന്മാക്കു 16-ാമത്തെ വയസ്സിൽ ഇത്തരത്തിലുള്ള പരിശീലനം ഫാക്ടറിജോലിക്കു സന്നദ്ധരാകുവാൻ ഫാക്ടറിട്രെയിനിംഗ് വിദ്യാലയം 6 മാസക്കാലം നൽ

കുന്നു. വ്യാവസായികപരിശീലനം വിദ്യാലയത്തിലെ വിദ്യാൎത്ഥികൾ ദിവസം 7 മണിക്കൂർ പ്രവൎത്തിക്കുന്നു. ഇതിൽ 5 മണിക്കൂർ അവരുടെ പ്രവൎത്തനത്തോടു ബന്ധപ്പെട്ടുത്തിയവിഷയങ്ങളെ സംബന്ധിച്ചും 2 മണിക്കൂർസാധാരണ വിഷയങ്ങളെ സംബന്ധിച്ചും അവരെപഠിപ്പിക്കുന്നു. പരിശീലനത്തിന്നിടയിൽ ചെയ്യുന്ന വേലയ്ക്കു ട്രെയിഡ്യൂണിയൻറെയിററ് അടിസ്ഥാനമാക്കി വേതനം നൽകുന്നു. അവൎക്കു ലഭിക്കുന്ന ശമ്പളത്തിൻെറ മൂന്നിലൊരു ഭാഗം ഗവമ്മെൻറിന്നും മൂന്നിലൊന്നു വിദ്യാലയത്തിന്നു വേണ്ടിയും മാററിയശേഷം ബാക്കി പോക്കററുമണിയായി നൽകുന്നു. പഴയ വിദ്യാൎത്ഥികളുടെ വിദ്യാഭ്യാസരീതിയിലുള്ള മാററങ്ങളോടൊപ്പം പുതിയ വിദ്യാലയങ്ങളുടെ ഉൽഘാടനവും ആയിരക്കണക്കിലുള്ള ഡയക്ടർമാരുടെയും ഇൻസ്പെക്ടന്മാരുടെയും നിയമനങ്ങളും നടക്കുന്നു.

8, 9, 10 എന്നീ ക്ലാസുകളിൽ നല്ലപോലെ സാമൎത്ഥ്യം പ്രകടിപ്പിക്കുന്ന വിദ്യാൎത്ഥികളെ സവ്കലാശാലാ വിദ്യാഭ്യാസത്തിന്നു സന്നദ്ധരാക്കുവാനായി തുടൎന്നു വിദ്യാഭ്യാസം ചെയ്യിക്കുന്നു. ഈ മൂന്നു വൎഷക്കാലത്തേക്കു യഥാൎത്ഥ ചെലവിൻെറ മൂന്നുശതമാനം ഫീസുചുമത്തുന്നു. ആകെയുള്ള വിഷയങ്ങളുടെ $\frac{2}{3}$ ഭാഗം വിഷയങ്ങളിൽ ഏററവുമധികം മാൎക്കുകളും മററു വിഷയങ്ങളിൽ ഏകദേശം നല്ലരീതിയിലുള്ള മാൎക്കുകൾ ലഭിക്കുകയും എല്ലാ വിഷയങ്ങളിലും പാസ്സാകുകയും ചെയ്യുന്ന വിദ്യാൎത്ഥിനീ വിദ്യാൎത്ഥികളെ ഗവമ്മെൻറു സഹായിക്കുന്നു. പാസ്സാകുന്ന കുട്ടികൾക്കു ഫീസ്സ് കൊടുക്കുവാൻ നിവ്വാഹമില്ലെ

ങ്കിൽ ആവശ്യം നേരിടുമ്പോൾ ഫീസ് കുറയ്ക്കുകയും മററു സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു.

മുഴുവൻ സമയവും പാഠം പഠിക്കുന്ന വിദ്യാലയങ്ങളിൽ പ്രവേശിക്കണമെന്നു ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 15 വയസ്സുമുതൽ അങ്ങനെ ചെയ്യാം. വലിയ വ്യവസായത്തിന്റെയോ വിദ്യാഭ്യാസത്തിന്റെയോ നേതൃത്വം വഹിക്കുന്ന മന്ത്രിസഭയോടു ഉത്തരവാദപ്പെടുത്തിയാണ് ഈ വിദ്യാലയങ്ങൾ ബന്ധപ്പെടുത്തിയിട്ടുള്ളതു്. സംഗീതം കല നടനം ശുശ്രൂഷനിയമം എന്നീ വിഷയങ്ങളിൽ വ്യവസായത്തിന്റെ വിവിധബ്രാഞ്ചുകളിലെന്നപോലെ പരിശീലനം നൽകുന്നു. ഉയന്ന ക്ലാസുകളിലെപ്പോലെതന്നെയാണ് സെക്കണ്ടറി വിദ്യാലയങ്ങളലെ ഫീസു സമ്പ്രദായവും. സെക്കണ്ടറി വിദ്യാലയങ്ങളിലെ മൂന്നു ശതമാനത്തോളം വിദ്യാത്ഥികൾ സവ്കലാശാലയിൽ പോകുന്നു. ആവശ്യമുള്ള വിദ്യാത്ഥികൾക്കു ശരിയായ സ്കോളർഷിപ്പു നൽകുന്നു. എന്നാൽ ഫീസ് വളരെ പരിമിതമാണ്. സോവിയററു യൂണിയനിലെ മുപ്പതോളം പ്രധാനനഗരങ്ങളിൽ സവ്കലാശാലകളുണ്ടു്. എല്ലാ സവ്കലാശാലയിലും റഷ്യൻഭാഷയിലല്ല വിദ്യാഭ്യാസം നൽകുന്നതു്. തത്വശാസ്ത്രത്തിലും മനുഷ്യശാസ്ത്രത്തിലും അല്ലെങ്കിൽ തസ്വതന്ത്രശാസ്ത്രത്തിലും ഗവേഷണം നടത്തി പഠിച്ചു വളരുവാനായി വിദ്യാത്ഥികൾ നാലും അഞ്ചും വഷമെടുക്കുന്നു. മററുള്ള ഉയന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ സവ്കലാശാലാസ്റ്റാൻഡേർഡിൽതന്നെ ഡോക്ടർ ലൈൻ

എൻജിനീയറിങ്ങ്, സംഗീതം, നടനം, അദ്ധ്യാപനരീതി തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു. വ്യവസായത്തിലെയും കാർഷികകേന്ദ്രങ്ങളിലെയും തൊഴിലാളികൾക്കു ശാസ്ത്രത്തിലും പ്രായോഗികപ്രവർത്തനത്തിലും സർവ്വകലാശാലയുടെ അടിസ്ഥാനത്തിലുള്ള വിദ്ധ്യാഭ്യാസം ലഭിക്കുന്നു.

എല്ലാം വിഭാഗത്തിലുമുള്ള വിദ്ധ്യാർത്ഥികളെ ഹോസ്റ്റൽസ്, വായനശാല, ഗ്രന്ഥാലയങ്ങൾ എന്നിവ നടത്തിക്കുന്നതിൽ പരിശീലനം നേടുവാൻ സഹായിക്കുന്നു വിവാഹം കഴിച്ചവരെയും സന്താനങ്ങളുള്ള വിദ്ധ്യാർത്ഥികളെയും സഹായിക്കുവാനായി പ്രത്യേകം ഹോസ്റ്റലുകളും, ബാലശുശ്രൂഷാകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. വിവാഹംചെയ്ത വിദ്ധ്യാർത്ഥിനികൾക്കു പ്രസവകാലാവധി നൽകുകയും ആ ഘട്ടത്തിലുള്ള പഠനം പൂർത്തീകരിക്കുവാൻ പ്രത്യേകസമയം അനുവദിക്കുകയും ചെയ്യുന്നു. സർവ്വകലാശാലാവിദ്ധ്യാഭ്യാസത്തിൽ അതാതു കാലഘട്ടങ്ങളിലെ രാഷ്ട്രീയവിഷയങ്ങൾ സോവിയററുഭരണഘടന, ചരിത്രം, സാമ്പത്തികശാസ്ത്രം, മാർക്സിസ്ററുതത്വശാസ്ത്രം എന്നിവ പഠിക്കണം. ശാസ്ത്രീയപഠനം പ്രായോഗികപഠനവുമായി എല്ലായ്പ്പോഴും കൂട്ടിയിണക്കുന്നു. കഴിഞ്ഞവർഷം വിദ്ധ്യാർത്ഥികൾ പ്രായോഗികപ്രവർത്തനത്തിൽ ധാരാളം പങ്കെടുത്തിട്ടുണ്ട്. ഉപരിവിദ്ധ്യാഭ്യാസം ലഭിക്കുന്ന വിദ്ധ്യാലയങ്ങളിൽനിന്ന് പുറത്തുവരുന്ന ഗ്രാഡുവെയ്ററുകൾ വിദ്ധ്യാലയം വിടുന്നതോടുകൂടി അവരെ സ്വീകരിക്കുവാൻ ജോലിസ്ഥലം തയാറായി നില്പുണ്ട്. എല്ലാ സ്ഥലങ്ങളിലും

അംഗീകരിച്ച പ്രവത്തകന്മാരെ ആവശ്യമാണ്.

യുദ്ധത്തിനുമുമ്പ് സോവിയററിൽ 50 വയസ്സിൽ കുറഞ്ഞ പ്രായമുള്ളവർ, ഒഴിവുസമയം എന്തെങ്കിലും പഠിക്കാത്തവരുടെ സംഖ്യ വളരെ വിരളമായിരുന്നു. യുദ്ധാവസരത്തിൽ അതിനു പ്രത്യേക സമയമില്ല. ജനങ്ങറം ജോലിചെയ്യുന്ന ഏതു സ്ഥാപനമായാലും അതിനു സ്വന്തം ക്ലബ്ബുകറം ഉണ്ട്. അവിടെ അംഗങ്ങറംക്കു ക്ലാസുകറം സംഘടിപ്പിക്കുക എന്നതുതന്നെ ട്രെയിഡ്യൂണിയൻ പ്രവത്തനങ്ങളിൽ ഒന്നാണ്. ഫാക്ടറി അല്ലെങ്കിൽ മററുള്ള വക്ക്ഷാപ്പുകറം കൂട്ടകൃഷിസ്ഥലങ്ങറം, എന്നിവിടെയുള്ള ഗ്രന്ഥാലയങ്ങറം വിദ്യാഭ്യാസം ചെയ്യിക്കുവാനുതകുന്ന ഒന്നാന്തരം കേന്ദ്രങ്ങളാണ്.

റഷ്യയിലെ സുപ്രസിദ്ധ ഗ്രന്ഥങ്ങറം മാത്രമല്ല മററു രാജ്യങ്ങളിലെയും എണ്ണപ്പെട്ട ഗ്രന്ഥങ്ങറം ലക്ഷക്കണെക്കിനു വിവത്തനംചെയ്തു അച്ചടിപ്പിച്ചു പ്രചരിപ്പിക്കുന്നു. (യുദ്ധകാലത്തു് മഹാഭാരതവും തുളസീദാസ്രാമായണവും റഷ്യൻഭാഷയിലേക്കു തജ്ജിമചെയ്തിരുന്ന വസ്തുത നാമാരും മറന്നിരിക്കുകയില്ലല്ലോ.) ഹിററ്ലർ ഭരണത്തിൽ രക്ഷയില്ലാതെ അമേരിക്കയിൽവന്നു താമസിച്ച ഒരു സുപ്രസിദ്ധ ജമ്മൻ നോവലെഴുത്തുകാരൻ സന്ദശിച്ച റഷ്യൻഫാക്ടറി തൊഴിലാളികറം, അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ അധികവും വായിച്ചിരുന്നതായും അവയെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ പങ്കെടുക്കുവാൻ സന്നദ്ധരായും കാണപ്പെട്ടു. മോസ്കോയിൽ അദ്ധ്യാപികയായി ജോലി നോക്കിയിരുന്ന ഇംഗ്ലീഷുകാരി

യായ ഡീനാ ലെവിൻ പഠിപ്പിക്കുന്ന അവസരത്തിൽ സ്വന്തം വിദ്യാലയത്തിൽ ഒട്ടനവധി സ്റ്റഡിഗ്രൂപ്പുകൾ ഉണ്ടായിരുന്നു. ഡീനാ ലെവിൻ സ്റ്റാഫിലുള്ള റഷ്യൻ മെമ്പറന്മാരെ ഇംഗ്ലീഷ് പഠിപ്പിച്ചു റഷ്യാക്കാരൻ ഇംഗ്ലീഷുകാരിയെ റഷ്യൻ ഭാഷയും പഠിപ്പിച്ചു. ആഴ്ച തോറും റഷ്യൻ അദ്ധ്യാപകർ അതാതാഴ്ചയിലെ രാഷ്ട്രീയ കാര്യങ്ങൾ ചർച്ചചെയ്യും. സ്റ്റാഫിലെ ഒരദ്ധ്യാപകൻ പാചകരെയും സ്ഥലം ശുചിയാക്കുന്നവരെയും ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കുന്നു. പാചകജോലി ചെയ്യുന്നവരിൽ 50 വയസ്സുള്ള ഒരു സ്ത്രീ ചുമർപത്രത്തിൽ ലേഖനങ്ങൾ എഴുതുവാൻ വളരെ സമർത്ഥയാണെന്നു ലെവിൻ പറയുന്നു.

എല്ലാ ഫാക്ടറി ക്ലബ്ബുകളിലും ഏതു വിഷയത്തെ സംബന്ധിച്ചും പഠനം നല്കുവാനുള്ള ക്ലാസ്സുകൾ ഉണ്ടായിരിക്കും. അതുകൊണ്ടു ഏതു തൊഴിലാളിക്കും തൻെറ മനോഭാവമനുസരിച്ചു പഠിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നു. സമാധാനകാലങ്ങളിൽ വിവിധസാംസ്കാരിക വിഭാഗങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ നടത്തുന്നതാണ്. സംഗീതം, സാഹിത്യം, നടനം, ശാസ്ത്രം തുടങ്ങിയ എല്ലാ വിഷയങ്ങളും അവിടെ പഠിപ്പിക്കുന്നു. ഓർച്ചസ്ത്രയും നാട്യഗ്രൂപ്പും ഇല്ലാത്ത ക്ലബ്ബുകൾ അവിടെ കാണുകയില്ല.

മതിന്നവരിൽ കൂടുതൽ ജ്ഞാനം സമ്പാദിക്കണമെന്നാഗ്രഹിക്കുന്നവർക്ക്, തങ്ങൾ സാധാരണ ചെയ്യുന്ന പ്രവൃ

ത്തി മാററി, മറെറാരു പ്രവൃത്തിയിൽ ചേരണമെന്നാഗ്രഹിക്കുകയാണെങ്കിൽ, വൈകുന്നേരത്തെ ക്ലാസുകളിൽ പങ്കെടുത്തു പരിശീലനം നേടാം.

18 വയസ്സുവരെ പ്രായമുള്ള ചെറുപ്പക്കാർക്ക് എല്ലാത്തരം പഠനവും നല്കുന്ന പയനിയർ ക്ലബ്ബുകളിലൊ രാജധാനികളിലോ ചേൎന്നു പഠിക്കാം. അവരെ കലാപരമായും തന്ത്രപരമായും വളൎത്തിക്കൊണ്ടുവരുവാൻ സാധിക്കുന്നു.

ഫാക്ടറികൾ, കൂട്ടകൃഷിസ്ഥലങ്ങൾ, മററു സ്ഥാപനങ്ങൾ എന്നിവകളോടു ബന്ധപ്പെടുത്തി നടത്തുന്ന സോവിയററു യൂണിയനിലെ സ്പോർട്ട്സ് ക്ലബ്ബിൽ ധാരാളം അംഗങ്ങളുണ്ട്. കായികപരിശീലനം, നീന്തൽ, ഓട്ടം, ഫുട്ബാൾ, ടെന്നീസ് മുതലായ വിവിധവിനോദങ്ങളിൽ അവൎക്കു പങ്കെടുക്കാനും പരിശീലനം നേടാനും കഴിയും. ഈ ക്ലബ്ബുകളിൽ പയലററ്, പാരച്യൂട്ട് ഗ്ലൈഡർ എന്നീ വിഭാഗത്തിലും പരിശീലനവും അറിവും സമ്പാദിക്കുന്നവർ ഉണ്ട്. യുദ്ധഘട്ടത്തിൽ ഈ പരിശീലനത്തിന് വളരെ പ്രാധാന്യമാണ് കല്പിച്ചിരിക്കുന്നത്. സോവിയററു യുവാക്കന്മാർ വ്യോമയാനത്തിൽ അത്യധികം ആകാംക്ഷയുള്ളവരും പറക്കുന്നതിൽ വളരെ ധൈൎയ്യം ഉള്ളവരുമാണ്.

സോവിയററു ജീവിതത്തിന്റെ മഹിമകളെപ്പററി അറിയുന്നവർ അവിസ്മരണീയമായ അവരുടെ മാതൃഭൂമിക്കുവേണ്ടിയുള്ള ത്യാഗത്തെ ഓൎക്കാതിരിക്കുവാൻ സാദ്ധ്യ

മല്ല. അവരുടെ വിജയം മാതൃഭൂമിയോടുള്ള അപാരമായ സ്നേഹത്തെയാണ് വിളിച്ചറിയിക്കുന്നത്. അവിടത്തെ ജനങ്ങൾ ശത്രുവിൻെറ കയ്യാൽ മർദ്ദനവും മരണവും വരിക്കേണ്ടിവന്നു. അപ്പോൾ അവരുടെ ഉല്പാദനം മുഴുവൻ വിജയത്തിന്നുവേണ്ടി അവർ കേന്ദ്രീകരിച്ചു. വിശ്രമാവസരത്തിലെ സുഖവും സൗകര്യവും വിജയത്തിന്നായി വിനിയോഗിച്ചു. യുദ്ധാവസരത്തിലും വിദ്യാഭ്യാസം തുടൎന്നുകൊണ്ടിരിക്കുകയായിരുന്നു. അതു് സുരക്ഷിതമായ ഭാവിക്കു വേണ്ടിയായിരുന്നു. ചുകപ്പുസേനയുടെ വിജയകരമായ കുതിച്ചുകയററത്തോടുകൂടി യുദ്ധാനന്തര പുനരുദ്ധാരണപദ്ധതിക്കുള്ള പ്ലാനും അവർ തയ്യാറാക്കി.

ശത്രുക്കളുടെ ആക്രമണത്തിൽ വിമുക്തമായ എല്ലാ സ്ഥലങ്ങളിലും വീണ്ടും വിദ്യാലയങ്ങൾ തുറക്കപ്പെട്ടു. അദ്ധ്യാപകന്മാർ ഒരേ സമയത്തു രണ്ടു കാൎയ്യങ്ങൾ നിൎവ്വഹിച്ചിരുന്നു. ആക്രമണത്തിന്നിരയായ കുട്ടികളെ ശുശ്രൂഷിക്കുകയും അവരുടെ ഭാവികടമകൾ നിറവേററുവാൻ അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും വേണം. എപ്പോഴും ബാലരിലാണ് ഭാവി സ്ഥിതിചെയ്യുന്നതു്.

## ബാലന്മാരും അമ്മമാരും

ഇരുപതു വൎഷത്തിനു മുമ്പു് ഇളംപ്രായമായ സോവിയററിനു സംഘടനാപരമായി വമ്പിച്ച ജോലികൾ ചെയ്തുതീൎക്കേണ്ടതുണ്ടായിരുന്നു. രാജ്യമാകെ വ്യവസായീകരിക്കുന്ന പ്രാധാന്യമേറിയ ചുമതലയായിരുന്നു ആദ്യ

ത്തേതു്. ജീവിതരീതി ഉയൎത്തിക്കൊണ്ടുപോകുന്നതിന്നുള്ള അടിത്തറയിടുന്നതിന്ന ഫാക്ടറികൾ, വൃക്ഷോല്പാദകൾ, വിദ്യാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ പുരുഷന്മാരെയും സ്ത്രീകളെയും ഒന്നുപോലെ ആവശ്യമായിരുന്നു. സ്റ്റേററിന്റെ അടിയന്തിരമായ പ്രവൎത്തനങ്ങളിൽ പങ്കെടുക്കുവാൻ സ്ത്രീകൾ മുമ്പോട്ടുവരികയാണുണ്ടായതു്. വിവാഹത്തിനുശേഷവും സ്ത്രീകൾ പ്രവൎത്തനം തുടരണമെങ്കിൽ പ്രവൃത്തിയെടുക്കുന്ന അവസരത്തിൽ സന്താനങ്ങളെ കിടത്തുവാനുള്ള സങ്കേതം വേണമെന്നു അനുഭവം കൊണ്ടു അവൎക്കു് ബോദ്ധ്യമായി. മാതാക്കളുടെയും സന്താനങ്ങളുടെയും സംരക്ഷണകേന്ദ്രങ്ങൾ വളരെവേഗത്തിലാണു് സ്ഥാപിച്ചുവന്നതു്. സമാധാനകാലത്തു് ഗൎഭമായാൽ, സ്ത്രീ പ്രസവശുശ്രൂഷാകേന്ദ്രങ്ങളിലേക്കു പോകണം. സൗജന്യശുശ്രൂഷയാണു് അവിടെ ലഭിക്കുക. അമ്മയുടെയും സന്താനങ്ങളുടെയും ആരോഗ്യത്തെ എങ്ങിനെ നിലനിൎത്തി ജീവിതം നയിക്കാമെന്നുള്ളതിനെപ്പററി അവിടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കും.

അമ്മ ശുശ്രൂഷാകേന്ദ്രത്തിൽ താമസിക്കുന്ന ആദ്യത്തെ പത്തുദിവസങ്ങളിൽ കൂടിക്കാഴ്ചയ്ക്കു ആരെയും അനുവദിക്കുകയില്ല. ഇവർ കിടക്കുന്ന മുറികളിൽ, പുറത്തുള്ളവരുമായി സംസാരിക്കുവാൻ ടെലിഫോണുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും, സംസാരിക്കുവാൻ സമ്മതം ലഭിക്കുകയില്ല. ബന്ധുക്കൾക്കും സ്നേഹിതന്മാൎക്കും കത്തുകൾ കൈമാററം ചെയ്യുന്നതിനായി ദിവസവും രണ്ടു പ്രാവശ്യം വീട്ടിലേക്കു പോകാവുന്നതാണു്. ചാർജ്ജു വഹിക്കുന്ന

നേഴ്സുമായി സംസാരിക്കുന്നതിനു വിരോധമില്ല. സ്വീകരണമുറിയിൽ ഒരു ബോർഡു വെച്ചിട്ടുണ്ട്. ദിവസവും ഗർഭപാത്രത്തിൽനിന്നു പുറത്തുവരുന്ന കുട്ടികളുടെ പേരു്, ജാതി, തൂക്കം, അമ്മയുടെ സ്ഥിതി എന്നിവ അതിൽ എഴുതിവച്ചിരിക്കും.

കുട്ടിയെ പുറത്തേയ്ക്കെടുത്ത ഡോക്ടരും നേഴ്സും കുട്ടിയുടെ പിതാവിനെ നേരിട്ടുകണ്ടു കുടുംബത്തിന്റെ സ്ഥിതി വിവരങ്ങൾ ധരിപ്പിക്കും. പകർച്ചവ്യാധിയിൽ നിന്നു രക്ഷപ്പെടുന്നതിനാണ് ഈ മുൻകരുതലകളെല്ലാം ചെയ്യുന്നതു്. പ്രസവശുശ്രൂഷാകേന്ദ്രത്തിൽനിന്ന് സ്വഗൃഹത്തിലേക്കു തിരിച്ചുവരുന്ന മാതാവിന്ന് ആ ഡിസ്ത്രിക്ടിൽ ജനിച്ച കുട്ടികളുടെ ഒരു ലിസ്റ്റുകൂടി ലഭിക്കുന്നതാണ്. മാതാവ് എത്രതന്നെ നിരുത്തരവാദിത്വമുള്ളവളായാലും ശരി, കുട്ടിയുടെ ജീവിതം പ്രാരംഭത്തിൽതന്നെ സൽസ്വഭാവമുള്ളതായിരിക്കും. കുട്ടിയെ ആഴ്ചതോറും ശുശ്രൂഷാലയത്തിൽ കൊണ്ടുപോയി പരിശോധിക്കണം. ബാലപരിചരണത്തിൽ വൈദഗ്ദ്ധ്യം നേടിയ ഡോക്ടർമാർ തള്ളയ്ക്കു ജീവിതത്തിനാവശ്യമായ ഉപദേശങ്ങൾ നല്കിവരുന്നു.

ബാലശുശ്രൂഷാകേന്ദ്രത്തിൽ താമസിപ്പിക്കുന്ന കുട്ടികളിൽ സുഖക്കേടുണ്ടാകുന്ന കുട്ടിയെ പ്രത്യേകം ഒരു മുറിയിലേക്കു മാററിത്താമസിപ്പിക്കുന്നു.

ഒരേ പ്രായത്തിലുള്ള കുട്ടികൾക്കു പ്രത്യേകം മുറികൾ നല്കുന്നു. ദിവസത്തിൽ രണ്ടു പ്രാവശ്യം കാററും

വെളിച്ചവും ലഭിക്കുവാൻ കുട്ടിയെ മുറിയ്ക്കു വെളിയിൽ കൊണ്ടുവരുന്നു. ഡാൻസിങ്ങുപോലുള്ള കലാപ്രകടനങ്ങൾ കാണുന്നതിനും സംഗീതം, പ്രസംഗം മുതലായവ കേൾക്കുന്നതിനും വിദ്യാഭ്യാസാധികൃതന്മാർ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നു. മൂന്നിന്ന കുട്ടികൾക്കു കളങ്ങൾ തുടങ്ങിയ വിനോദശാലകൾ ഉണ്ടായിരിക്കും. കായികവും ബുദ്ധിപരവുമായ വികാസത്തിനുള്ള സൗകര്യം അവക്കുണ്ടാകുന്നു. ഒന്നിച്ചു സമ്മേളിക്കുന്നതുകൊണ്ട് അവരിൽ സഹകരണമനോഭാവം നന്നായി നിഴലിക്കുന്നു.

വേനല്ക്കാലത്ത് നഗരങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് ശിശുസംരക്ഷണകേന്ദ്രങ്ങൾ മാററി സ്ഥാപിക്കുന്നു. രക്ഷകത്താക്കന്മാക്ക് സന്ദശിക്കുന്നതിനുള്ള സൗകര്യവും പരിഗണിക്കപ്പെടുന്നുണ്ട്. ഗ്രാമങ്ങളിലെ കേന്ദ്രങ്ങളിൽ ജീവിക്കുമ്പോൾ അധികസമയവും വെളിയിലാണ് കഴിഞ്ഞുകൂട്ടുന്നതു്. ശിശുസംരക്ഷണകേന്ദ്രത്തോട് അനുബന്ധിച്ച് അമ്മമാരുടെ ഒരു കമ്മററിയും രൂപീകരിക്കുന്നു. ഈ കമ്മററിക്ക് കേന്ദ്രത്തിലെ അധികൃതന്മാരോട് ബന്ധമുണ്ടായിരിക്കും. മാതാക്കൾക്കു കൂടി പരിശീലനം നല്കുന്നതിന് അതു് ഇടയാകുന്നു.

ആരോഗ്യവകുപ്പിലെ മേലദ്ധ്യക്ഷന്മാരുടെ സഹകരണത്തോടുകൂടി കൂട്ടകൃഷികേന്ദ്രവും അതിൻെറ നേതൃത്വത്തിൽ ശിശുസംരക്ഷണാലയങ്ങളും നടത്തിവരുന്നു. കാഷികകേന്ദ്രത്തിലെ ഒരംഗത്തെ കേന്ദ്രം നടത്തുന്നതിനുള്ള പരിശീലനത്തിനായി നിയോഗിക്കുന്നു.

കൊയ്ത്തുകാലത്തു കൃഷികകേന്ദ്രങ്ങളിലെ ശിശുസംരക്ഷണാലയത്തിൽ വളരെയധികം ജോലിയുണ്ടായിരിക്കും. മുലകുടിമാറാത്ത കുട്ടികളെ അമ്മയുടെ അടുക്കൽ കൊണ്ടു പോകുന്നതിനു പ്രത്യേകം വാഹനങ്ങളുണ്ട്.

മാതാപിതാക്കന്മാൎക്ക് ഇഷ്ടമാണെങ്കിൽ 3 വയസ്സു മുതൽ വിദ്യാലയത്തിൽ പോകുന്ന പ്രായംവരെ കുട്ടികളെ കിണ്ടർഗാർട്ടനു (ശിശുവിദ്യാലയം) കളിലേക്കയക്കാം. ആറുവയസ്സ്വരെ കുട്ടികൾക്കു പ്രത്യേക പാഠനം നല്കുന്നില്ല. അംഗീകരിച്ച അദ്ധ്യാപകന്മാരുടെ സാഹചര്യത്തിൽ സ്വഭാവരൂപീകരണം സിദ്ധിക്കുന്നു. സോവിയററിൽ എവിടെയും ചെറുകുട്ടികളെ വളൎത്തുവാനുള്ള സുരക്ഷിതമായ ഏൎപ്പാടുകൾ ചെയ്തിട്ടുണ്ട്. കുട്ടികൾക്കും മാതാക്കൾക്കും റയിൽവേസ്റ്റേഷനുകളിൽ പ്രത്യേകം മുറികളുണ്ട്. കുട്ടികൾക്കു വേണ്ടത്ര കളിക്കോപ്പു തുടങ്ങിയ സൗകര്യങ്ങൾ നല്കപ്പെടുന്നതുകൊണ്ട് വണ്ടി വരുന്നതുവരെ തള്ളയ്ക്കു കസേരയിലോ മറേറാ ഇരുന്നാശ്വസിക്കാൻ കഴിയും. ആ മുറിയിൽ പ്രാഥമികശുശ്രൂഷയ്ക്കു വേണ്ട സൗകര്യം ഉണ്ടായിരിക്കും.

നഗരത്തിലെ മാൎക്കററുകളിലും സ്റ്റോറുകളിലും കുട്ടികളെ കിടത്തുന്നതിനുള്ള മുറികൾ ഉണ്ട്. മാൎക്കററിൽ ചെന്നതിനുശേഷം പല കടകളിലേക്കു പോകേണ്ട തള്ളയ്ക്കു ക്ലേശിക്കേണ്ടതില്ല. സൈ്വരസഞ്ചാരത്തിനായി പോകുന്ന മാതാപിതാക്കൾക്കു പാൎക്കുകളിലും മററു കളിസ്ഥലങ്ങളിലും കുട്ടികളെ വിനോദിപ്പിക്കുവാൻ സാധി

ക്കും. കുട്ടികൾക്ക് ടെന്നീസ് കളിക്കുകയൊ പൊയ്കയിൽ നീന്തിക്കളിക്കുകയോ ചെയ്യാം.

എല്ലാ വാഹനങ്ങളിലുമുള്ള മുൻസീററുകൾ വൃദ്ധന്മാൎക്കും, ഗൎഭിണികൾക്കും ചെറുകുട്ടികൾക്കും തള്ളമാൎക്കും വേണ്ടി എപ്പോഴും റിസർവ്വ ചെയ്തിരിക്കും.

എല്ലാത്തരത്തിലും പുരോഗമിക്കുന്ന സോവിയററിൽ വേലസമയം കൂട്ടുകയും കുറയ്ക്കുകയും ചെയ്യാം.

## വിദ്യാഭ്യാസത്തിൻെറ പുതിയ സ്വഭാവം

കാൽ നൂററാണ്ടിനിടയിൽ, വിദ്യാഭ്യാസവിഷയത്തിൽ യു. എസ്സ്. എസ്സ്. ആറിനുണ്ടായിട്ടുള്ള നേട്ടങ്ങൾ തികച്ചും മാതൃകാപരങ്ങളാണ്. വിദ്യാഭ്യാസത്തിനു മുമ്പുള്ള ശിശുക്കളുടെ ജീവിതരീതി ഉയൎത്തുന്നതിനു വേണ്ടി കിണ്ടർഗാർട്ടൻ വിദ്യാലയങ്ങൾ, കളിസ്ഥലങ്ങൾ ശിശുക്കൾക്കുള്ള വീടുകൾ എന്നിവ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ആദ്യമായിത്തന്നെ സ്ഥാപിച്ചിരുന്നു. നവംബർ വിപ്ലവത്തിനു മുമ്പ്, ജീവിതരീതിയെ ഉയൎത്തുന്നതിനുള്ള വിദ്യാലയങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ സന്താനങ്ങൾക്കു വേണ്ടി ആകെ പതിനഞ്ച് കിണ്ടർഗാർട്ടൻ വിദ്യാലയങ്ങൾ മാത്രമെ അന്നുണ്ടായിരുന്നുള്ളു. ധനികന്മാൎക്ക് അമ്പതിലധികം ഉണ്ടായിരുന്നില്ല. നിർബ്ബന്ധവും സൗജന്യവുമായ വിദ്യാഭ്യാസത്തിൻെറ ഫലമായി 33 ശതമാനത്തിൽനിന്ന് നൂറു ശതമാനമായി വിദ്യാഭ്യാസം പ്രചരിച്ചിരിക്കുന്നു.

1914-മുതൽ 1915-വരെ സെക്കണ്ടറിവിദ് യാലയങ്ങൾ 105524—ം വിദ്യാർത്ഥികൾ 7896200—ം ആയിരുന്നു. 1938—'39 ലെ കണക്കനുസരിച്ച് വിദ്യാലയങ്ങൾ 171579-ം വിദ്യാർത്ഥികളുടെ എണ്ണം 31517400 ആയി വർദ്ധിച്ചു. നിർബന്ധവിദ്യാഭ്യാസം നടപ്പിലാക്കിയപ്പോൾ വർഷംതോറും 30-മുതൽ 40-ലക്ഷംവരെ വിദ്യാർത്ഥികൾ വർദ്ധിച്ചുകൊണ്ടിരുന്നു. 1915-മുതൽ 1939-വരെ ഏതാണ്ട പന്ത്രണ്ടര പ്രാവശ്യത്തിലധികം വർദ്ധിക്കപ്പെട്ടു എന്ന് കണക്കാക്കിയിരിക്കുന്നു. വടക്കും കിഴക്കുമുള്ള ടജിക്ക്, ഉസ്‌വെക്ക്, യാക്കട്‌സ്‌ക്ക്, നാൻടിസ് ആദിയായ സ്ഥലങ്ങളിലെ ഭൂരിപക്ഷം ജനതയും വിപ്ലവത്തിനുമുമ്പ് തികച്ചും നിരക്ഷരരായിരുന്നു എന്നറിയുമ്പോഴാണ് വിദ്യാഭ്യാസസംബന്ധമായ വളർച്ചയുടെ പ്രാധാന്യം മനസ്സിലാകുന്നത്. റഷ്യയിൽ ഒരു വിഭാഗത്തിന്ന എഴുത്തുഭാഷപോലും ഉണ്ടായിരുന്നില്ല. ആ വിഭാഗത്തിന്നിടയിൽ ഇന്നു സാർവ്വത്രികമായ രീതിയിൽ വിദ്യാഭ്യാസം നടപ്പിൽ വന്നിരിക്കുന്നു.

## തൊഴിൽ പരിശീലനം

പഴയ വിദ്യാഭ്യാസരീതിതന്നെ റഷ്യയിൽ പാടെ മാറിയിരിക്കുകയാണ്. പുസ്തകപരിജ്ഞാനം മാത്രമല്ല, പ്രായോഗികപ്രവർത്തനത്തിൽക്കൂടിയാണ് വിദ്യാഭ്യാസരീതി തുടൎന്നുകൊണ്ടിരിക്കുന്നത്. കുട്ടികളുടെ ജീവിതത്തിനും വളർച്ചയ്ക്കും വലിയ പരിവർത്തനം സംഭവിച്ചിട്ടുണ്ട്. വിപ്ലവത്തിനുമുമ്പ് തൊഴിൽപരിശീലനവിദ്യാ

ലയത്തിന്റെ വളച്ച് മന്ദഗതിയിലായിരുന്നു. 1915-ൽ 35800 വിദ്യാർത്ഥികളുള്ള 295 വിദ്യാലയങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. വ്യവസായത്തിന്റെയും കൂട്ടകൃഷിയുടെയും പുരോഗതിക്ക് തൊഴിൽപരിശീലനം സിദ്ധിച്ച ആളുകളുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരുന്നു. 1939-ൽ 951900 വിദ്യാർത്ഥികളുള്ള 2732 വിദ്യാലയങ്ങൾ റഷ്യയിൽ ഉണ്ടായിരുന്നു.

വിപ്ലവത്തിനുമുമ്പ് ഉപരിവിദ്യാലയങ്ങൾ പ്രധാനമായി മോസ്കോ, സെന്റുപീറ്റേഴ്സ്ബർഗ് തുടങ്ങിയ നാലോ അഞ്ചോ പ്രധാന നഗരങ്ങളിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. കോക്കസസ്സ്, മദ്ധ്യേഷ്യാ കിഴക്കൻ സൈബീരിയാ എന്നിവിടങ്ങളിൽ ഉപരിവിദ്യാലയങ്ങൾ ഉണ്ടായിരുന്നില്ല. മൊത്തത്തിൽ വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണം മുമ്പുണ്ടായിരുന്നതിനെക്കാൾ ആറിരട്ടി വർദ്ധിച്ചിരിക്കുന്നു.

സോവിയററുവിദ്യാഭ്യാസത്തിന്റെ പ്രത്യേക സ്വഭാവങ്ങളിൽ ഒന്നു ബാലന്മാർക്കും വയോജനങ്ങൾക്കും വേണ്ടിയുള്ള വിവിധരീതിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിപുലമായ പ്രവർത്തനമാണ്. രാജ്യമൊട്ടാകെ കുട്ടികളുടെ ഗ്രന്ഥാലയങ്ങളും യുവപയനിയർ വിഭാഗത്തിന്റെ ഗൃഹങ്ങളും ഉണ്ട്. നിരവധി നഗരങ്ങളിൽ ബാലന്മാരുടെ തീയേററുകളും സിനിമാശാലകളും കാണാം. വയോജനങ്ങൾക്കുള്ള വിദ്യാലയസ്ഥാപനങ്ങൾ വിപ്ലവത്തിനു മുമ്പുണ്ടായിരുന്നതിനെക്കാൾ പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. വിപ്ലവത്തിനുമുമ്പ് പൊതുഗ്ര

സ്ഥാലയങ്ങൾ 1914-ൽ 12500 ഉണ്ടായിരുന്നതു 1939 ഒക്ടോബറിൽ 86266 ആയി വർദ്ധിച്ചു. വായനശാലകളുടെ എണ്ണം രണ്ടുമുതൽ മൂന്നിരട്ടിയായി പെരുകി. 1917-നുമുമ്പ് ശരിയായി നടത്തിയിരുന്ന. ഒരു ക്ലബ്ബും പോലും ഉണ്ടായിരുന്നില്ല. 1939-ൽ ക്ലബ്ബുകളും സാംസ്കാരികകേന്ദ്രങ്ങളും, ഗ്രാമീണവായനശാലകളും മററു വിദ്യാഭ്യാസസ്ഥാപനങ്ങളും എല്ലാംകൂടി 111288 എണ്ണം ഉണ്ടായിരുന്നു. എന്നാൽ മൂന്നിൽ രണ്ടുഭാഗവും ഗ്രാമങ്ങളിലായിരുന്നു. റഷ്യയിലെ അദ്ധ്യാപകർ പൊതുജനങ്ങളുടെ അഭിനന്ദങ്ങൾക്ക് തികച്ചും പാത്രീഭൂതരാണ്. അവർക്ക് സ്വന്തമായി സാനിട്ടോറിയവും വിശ്രമമന്ദിരങ്ങളുമുണ്ട്.

ജനകീയാടിസ്ഥാനത്തിലാണ് വിദ്യാഭ്യാസം നടത്തിപ്പോരുന്നതെന്നു യുദ്ധം തെളിയിച്ചുകഴിഞ്ഞു. ചുകപ്പുപടയുടെ മനക്കരുത്തും ധൈര്യവും ലോകത്തെ വിസ്മയിപ്പിച്ചു. ചുകപ്പുസേനയിൽ 18-മുതൽ 35 വയസ്സുവരെ പ്രായമുള്ളവർ സേവനം അനുഷ്ഠിക്കുന്നു.

പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച് യുദ്ധകാലത്തുപോലും പല പുതിയ നിയമങ്ങൾ നടപ്പിലാക്കി. ആൺകുട്ടികളെ കാർഷികവും വിദ്യുച്ഛക്തിപരമായ തന്ത്രവും സെക്കണ്ടറിസ്കൂളുകളിൽ പഠിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഗൃഹസംരക്ഷണവും കായികസംസ്കാരവും, വിദേശഭാഷകളും പെൺകുട്ടികളും പഠിച്ചുപോരുന്നു.

## ചെമ്പട

സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യ സ്വീകരിച്ചിരിക്കു ന്ന ആയുധം അക്രമരാഹിത്യമാണെങ്കിലും റഷ്യൻസേനയു ടെ അതുല്യമായ ധീരത, വിപദിധൈര്യം, സമരവൈദ ഗ്ദ്ധ്യം എന്നിവയെ അഭിനന്ദിക്കാതിരിക്കുവാൻ യാതൊരു ഇന്ത്യാക്കാരനും സാദ്ധ്യമല്ല. (1945ഫെബ്രുവരി23-ാംനു- സരോജിനിദേവിയുടെ പ്രസംഗം "റഷ്യയിൽ പരാ ക്രമമുള്ള വർഗ്ഗവും ഇല്ലാത്തവർഗ്ഗവും എന്നു വ്യത്യാസമില്ല. അത്ഭുതകരമായ സമരവൈദഗ്ദ്ധ്യമുള്ള ഒരു സേനയെ റഷ്യ യിൽ സൃഷ്ടിച്ചിട്ടുണ്ട്. തങ്ങൾ എന്തിനുവേണ്ടിയാണ് യു ദ്ധംചെയ്യുന്നതെന്നു റഷ്യക്കാർക്ക് നല്ലവണ്ണം അറിയാം. ഹി റ്റ്ലരുടെ ജർമ്മനിയെ തകർക്കുന്നതോടുകൂടി യുദ്ധം അവ സാനിപ്പിക്കരുതെന്നു മാത്രമാണ് എനിക്കു ചുവപ്പുസൈ ന്യത്തോടു ചെയ്യാനുള്ള അപേക്ഷ. ബ്രിട്ടീഷ് സാമ്രാജ്യപ്ര ഭുത്വത്തെയും മററു സാമ്രാജ്യപ്രഭുത്വങ്ങളെയും ഭൂമുഖ ത്തുനിന്നു നിർമ്മാജ്ജനം ചെയ്യേണ്ട കടമകൂടി ചുവപ്പുസേ നയ്ക്കുണ്ട്. ഇംഗ്ലീഷുകാർ മാനവസ്വാതന്ത്ര്യത്തെ മർദ്ദി ക്കുന്നവരായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ അവരെ വെറുക്കുന്നത്." (ചുവപ്പുസേനയുടെ 27-ാം വാർഷി കദിനത്തിൽ മഹാരാഷ്ട്രകോൺഗ്രസ്സ് കമ്മററി പ്രസി ഡണ്ട് മി. എം. വൈ. ഗാഡ്ഗിൽ ബോമ്പെയിൽ വച്ചു ചെയ്ത പ്രസംഗം.)

1945 സെപ്റ്റംബർ 27-ാം തീയതിയാണ് കീഴട ക്ക ഉടമ്പടിയിൽ ജാപ്പുമേധാവികൾ ഒപ്പുവെച്ചതെങ്കി

ലും ജാപ്പ് ഫാഷിസത്തിനെതിരായി ചെമ്പടയുടെ തള്ളിക്കേററം ആരംഭിച്ചാറുദിവസം കഴിയുന്നതോടുകൂടിത്തന്നെ രണ്ടാം ലോകമഹായുദ്ധം അവസാനിക്കയാണു് ചെയ്തിട്ടുള്ളതു്. ലോകം കീഴടക്കുവാൻ ജൈത്രയാത്ര ആരംഭിച്ച ഹിററ്ലർ ഫാഷിസം സോവിയററിനോടു യുദ്ധം പ്രഖ്യാപിച്ചതിനു ശേഷമാണു് ജനകീയസേനയുടെ ചുട്ട പ്രഹരങ്ങളുടെ സ്വാദു അനുഭവിക്കുവാൻ തുടങ്ങിയതു്. ആറുമാസത്തെ പിൻമാററത്തിനുശേഷം ചുകപ്പുപട തിരിത്തടിക്കുവാൻ തുടങ്ങി. 1941 നവംബറിൽ ആരംഭിച്ച പ്രത്യാക്രമണം ചരിത്രം നിർമ്മിച്ച പല ഘട്ടങ്ങളെയും തരണംചെയ്തു ഹിററ്ലറിസത്തിൻെറ ചുടലക്കളം വരെ തുടൻറു. 1945 മെയ് 1-ാംതീയതി ചുകപ്പുസേന ഹിററ്ലറുടെ പാർളിമെൻറ് മന്ദിരത്തിന്മേൽ രക്തപതാക പറപ്പിച്ചു. മെയ് 7-ാംതീയതി ഹിററ്ലരുടെ പട്ടാളമേധാവിത്വം സഖ്യശക്തികൾക്കു കീഴടങ്ങി. ഫാഷിസ്റ്റാക്രമണം അവസാനിച്ചില്ല. പൂർവ്വദേശത്തിലെ ജാപ്പ്ഫാഷിസം ഏഷ്യയിലെ ജനതയെ ആക്രമിച്ചുകൊണ്ടിരുന്നു. സഖ്യശക്തികളുടെ ജൂലായി 26-ാംതീയതിയിലെ കീഴടക്കവ്യവസ്ഥകൾ ജാപ്പ് മേധാവികൾ തിരസ്കരിച്ചു. യുദ്ധഭയങ്കരതയിൽ ജനങ്ങൾ അനുഭവിക്കുന്ന നരകയാതനകളുടെ കാലദൈർഘ്യം കുറയ്ക്കുവാനും ഒന്നിലധികം വർഷങ്ങളായി പട്ടാളസേവനം അനുഷ്ഠിക്കുന്ന പടയാളികൾക്കു വളരെവേഗത്തിൽ ജന്മദേശങ്ങൾ സന്ദർശിക്കുവാൻ അവസരം നല്കേണ്ടതിന്നു ചെമ്പട ആഗസ്റ്റ 9-ാംതീയതി ജപ്പാനെതിരായി ആക്രമണം ആരംഭിച്ചു്

മഞ്ചൂറിയായിലേക്കു പ്രവേശിച്ചു.

സോവിയററ് വിദേശകാര്യമന്ത്രി മെളോട്ടോവ് ആഗസ്റ്റ് 8-ാംതീയതി യുദ്ധപ്രഖ്യാപനം ചെയ്തുകൊണ്ടു ഇങ്ങനെ പ്രസ്താവിച്ചു:— സമാധാനത്തെ കൂടുതൽ അടുപ്പിക്കുവാനും ആളുകളെ കൂടുതൽ ത്യാഗങ്ങളിൽനിന്നും ദുരിതാനുഭവങ്ങളിൽനിന്നും മോചിപ്പിയ്ക്കുവാനും, നിരുപാധികമായി കീഴടങ്ങാൻ കൂട്ടാക്കായ്കയാൽ ജർമ്മനിക്കു നേരിട്ട വിപത്തുകളിൽനിന്നും രക്ഷപ്പെടുവാൻ ജാപ്പ് ജനതയ്ക്കു് അവസരം നല്കുന്നതിനുള്ള ഏകമാർഗ്ഗം ഇതാണെന്നു സോവിയററു ഗവമ്മേൻറ് വിചാരിക്കുന്നു. മേല്പറഞ്ഞ പരിഗണനകളെ മുൻനിർത്തി സോവിയററു ഗവമ്മേൻറ് നാളെ (ആഗസ്റ്റ് 9-)മുതൽ ജപ്പാനോടു യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു.

കപാങ്ങ്ത്തങ്ങ് പട്ടാളമെന്നറിയപ്പെടുന്ന ജപ്പാൻെറ സൈനികശക്തിയുടെ ഹൃദയത്തിലേക്ക് ചുകപ്പുപട്ടാളം ചൂണ്ടി. ജാപ്പ് പട്ടാളമേധാവികൾക്കു അതിനെ നേരിടുവാൻ കഴിഞ്ഞില്ല. നാലുദിവസംകൊണ്ടു ചുകപ്പു പട 200 നാഴിക ഉള്ളിലേക്കു കടന്നു. ഔട്ടർ മംഗോളിയൻ റിപ്പബ്ലിക്കൻസേനയും ചൈനയിലെ കമ്മ്യൂണിസ്റ്റ് പടയാളികളും ചെമ്പടയോടൊപ്പം മാർച്ച് ചെയ്തു. സഖാലിൻ ദ്വീപിലും കൊറിയായിലുമുള്ള ജാപ്പധീന പ്രദേശങ്ങളിലും ചെമ്പട ഇറങ്ങി. ജാപ്പ് ചക്രവർത്തിയുടെ അധികാരത്തെ സംരക്ഷിക്കുവാൻ പട്ടാളമേധാവികൾ പല ശ്രമങ്ങൾ ചെയ്തുനോക്കി. എന്നാൽ സോവിയററു 'മോസ്കോ റേഡിയോ മുഖാന്തിരം നില വ്യക്തമാക്കി. "നിരുപാധികമായ കീഴടങ്ങൽ' നിരുപാധികമായ

കീഴടങ്ങലാണ്; സഖ്യശക്തികൾ യൂറോപ്പിൽ നിന്ന് ഹിററ്ലറിസത്തെ തുടച്ചുനീക്കിയതുപോലെ അതിൻെറ ഏഷ്യൻ പതിപ്പായ ജാപ്പ് അക്രമികളേയും തുടച്ചുനീക്കും." ചുകപ്പുപട മോചിപ്പിച്ച മഞ്ചൂറിയായിലും കൊറിയായിലും സ്വതന്ത്രജനകീയ റിപ്പബ്ലിക്കുകൾ ഉയൎന്നുവരുമെന്നുള്ളതു തീൎച്ചയാണ്.

ഫാഷിസത്തിൽനിന്ന് യൂറോപ്പിനേയും ഏഷ്യയേയും മോചിപ്പിക്കുന്നതിൽ ചെമ്പട കഴിവററ സഹായവും ശ്രമവും ചെയ്തു. മർദ്ദനത്തിൽനിന്നും സ്വതന്ത്രമായ ജനത ചുകപ്പുസേനയെ അഭിനന്ദിക്കുന്നു. സോവിയററ് നേട്ടങ്ങളിൽ ചെമ്പടയുടെ സൃഷ്ടിയാണ് മുന്നണിയിൽ നില്ക്കുന്നതു്. ചെമ്പടയിൽ പരിശീലനം സിദ്ധിച്ച യുവാക്കൾ വെടിയുണ്ടയുടെ മുമ്പിൽ തലകുനിക്കുന്നവരല്ല. പഴകി ജീൎണ്ണിച്ച സമ്പ്രദായങ്ങളെ എതിൎക്കുന്നതാണ് ചെമ്പടയുടെ ലക്ഷ്യം.

ഭാവിയെ ഭയരഹിതമായി നേരിടുന്നതിനു ചെമ്പടയ്ക്കു ഒട്ടും ധൈൎയ്യക്കുറവില്ല. ചുകപ്പുസേന യുദ്ധം ചെയ്യുന്ന ഒരു ശക്തിമാത്രമല്ല; അതു് സാംസ്കാരികശക്തികൂടിയാണ്.

ഉല്പാദനശക്തിയെ, സാമ്പത്തികവളൎച്ചയ്ക്കു് പിൻബലം നല്കുക, മുതലാളിത്വരാജ്യങ്ങളെ പരാജയപ്പെടുത്തുക, എന്നിതെല്ലാം ചെമ്പടയുടെ സാംസ്കാരികവിപ്ലവത്തിൻെറ നേട്ടങ്ങളാണ്. രാജ്യരക്ഷയ്ക്കുള്ള രാഷ്ട്രീയപരിവൎത്തനത്തിനുവേണ്ടി പ്രവൎത്തിക്കുന്നതു ചെമ്പടയാണ്. ചുകപ്പുപട നൂതനസംസ്കാരത്തിൻെറ നിൎമ്മാതാവും ജന

ങ്ങളുടെ രക്ഷാകർത്താവുമാണ്.

ജനനം:-- സോവിയററ് ഭരണത്തെ നശിപ്പിച്ചതിനു ശേഷം റഷ്യയെ ജർമ്മനിയോടു കൂട്ടിച്ചേർക്കുവാനും, ജർമ്മൻ മുതലാളിമാരുടെയും ജന്മിമാരുടെയും അടിമകളാക്കി റഷ്യാക്കാരുടെ വിഭവങ്ങളെ കൊള്ളയടിക്കുവാനും ഉള്ള ലക്ഷ്യത്തോടുകൂടി 1918-ൽ ജർമ്മൻ സൈന്യം സോവിയററിനെ ആക്രമിച്ചു. ഇളംപൈതലായ ചുകപ്പുസേന ആ പരിപാടിയെ തകർത്തുകളഞ്ഞു. പ്സ്കോവ്, നാർവ്വെ എന്നീ പ്രദേശങ്ങൾ പിടിച്ചടക്കുവാനായി ജർമ്മൻ ആക്രമണസേന സമീപിച്ചപ്പോൾ, 1918 ഫെബ്രുവരി 23-ാം തീയതി ചെമ്പട പ്രത്യാക്രമണം നടത്തി ശത്രുക്കളെ പരാജിതരാക്കി. ജർമ്മൻ പടയ്ക്കു പററിയ ഈ പരാജയദിനമാണ് ചെമ്പടയുടെ ജന്മദിനം.

എതിരാളികളായ കൊള്ളക്കാരുടെ പീരങ്കിയുടെ മുമ്പിൽ റഷ്യൻജനതയുടെ ധീരവും ത്യാഗസന്നദ്ധതയും നിറഞ്ഞ വീരോചിതസമരം അന്നത്തെ ആഭ്യന്തരയുദ്ധത്തിൽ സോവിയററിനെ രക്ഷിച്ചു. 1921-ൽ ചുകപ്പുസേന ശത്രുക്കളെ നിശ്ശേഷം പരാജയപ്പെടുത്തി. 1945 ഫെബ്രുവരി 23-ാം തീയതിയോടുകൂടി 27 വയസ്സു തികഞ്ഞ ചെമ്പട 28-ാമത്തെ വയസ്സിൽ പ്രവേശിച്ചു. സാമ്രാജ്യനായകനായ ചർച്ചിൽ 1943 അവസാനത്തിൽ സ്റ്റാലിന് രത്നഖചിതമായ വാൾ സമ്മാനിക്കുവാനും, റൂസ്‌വെൽററ് ടെഹറാനിലേക്കു പറക്കുവാനും കാരണമായതു ചുകപ്പുപടയുടെ അജയ്യമായ ശക്തികൊണ്ടാണ്. സോവിയററ് വ്യവസായവും കൂട്ടകൃഷിസമ്പ്രദായവുമാണ് ചെ

മ്പടയ്ക്കു ആവശ്യമായ ശക്തിയെ പ്രദാനംചെയ്യുന്നതു്.

ഹിററ്ലർ രാക്ഷസനെ തട്ടത്തുനിത്തുന്നു:- സോവിയററു ജമ്മൻ യുദ്ധാരംഭത്തിൻശേഷം ശത്രുക്കളുടെ വിമാനങ്ങളും ടാങ്കുകളും സൈന്യവും എണ്ണത്തിൽ സോവിയററിനെക്കാറം അധികമുണ്ടായിരുന്നു. 1941 അവസാനം ശത്രു മോസ്കോനഗരത്തിനടുക്കൽ എത്തി. ജമ്മൻസേന മോസ്കോ.പിടിക്കുമെന്നു ഇന്നത്തെസോവിയററ് അനുഭാവികളിൽ ഒട്ടധികംപേരും വിശ്വസിച്ചിരുന്നു. ശത്രുവിൻെറ തള്ളിക്കയററമുണ്ടായിരുന്നിട്ടും 1941 നവംബർ 7-ാംതീയതി റെഡ്സ്ക്വയറിൽ വെച്ചു ചുകപ്പുസേന പരേഡു് നടത്തി, റഷ്യൻവിപ്ലവവാർഷികദിനം കൊണ്ടാടി. ജമ്മൻസേനയെ നിശ്ശേഷം കൊന്നൊടുക്കുവാൻ ചുകപ്പുപടയ്ക്കു സ: സ്റ്റാലിൻ നിർദ്ദേശം നല്കി. നിർദ്ദേശം അക്ഷരംപ്രതി പാലിക്കപ്പെട്ടു.

1941 ഡിസംബറിൽ മോസ്കോ, ടൂല, കലിനിൻ എന്നീ നഗരങ്ങളിൽ വെച്ചു ശത്രുക്കളുടെനേരെ ചെമ്പട പ്രത്യാക്രമണം നടത്തി.

മോസ്കോ സംരക്ഷണം:— 1941 ജൂലായ് മാസത്തിൽ മോസ്കോ ആദ്യത്തെ ആകാശാക്രമണത്തിൻെറ സ്വാദനുഭവിച്ചു. മോസ്കോയിലെ ജനങ്ങറം അവരുടെ നല്ല സന്താനങ്ങളെ സമരംനടത്തുവാൻ മുന്നണിയിലേക്കയച്ചു. ശത്രുവിനെതിരായി വെടിയുണ്ടകളൊഴിക്കേണ്ടുന്നതിന്നു തോക്കുകറം പടനായകൻെറ ആജ്ഞകളെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. രാവും പകലും ഉറക്കമൊഴിഞ്ഞ പടയാളികളുടെ കണ്ണുകറം ആകാശത്തിലേക്കു നിസ്നിമേ

ഷമായി നോക്കിനിന്നുപോയി. ജർമ്മൻകാർ ധാന്യപ്പുര കൾക്കു ബോംബെറിഞ്ഞു. റെയിലുകൾ നശിപ്പിച്ചു. ആക്രമിച്ചു പിടിച്ചടക്കുന്ന ഓരോ ഇഞ്ചു സ്ഥലത്തുമുള്ള ജനങ്ങൾ രക്തത്തിൽ കുളിച്ചു മരിച്ചു. മോസ്കോ നഗരം നശിപ്പിച്ചു ചാമ്പലാക്കുവാൻ അവരുടെ കഴിവുകളെല്ലാം ഉപയോഗിച്ചു. ഒക്ടോബറിൽ മുഴുവൻ പടശക്തിയും ജർമ്മൻകാർ മോസ്കോയിലേക്കു കേന്ദ്രീകരിച്ചു. തലസ്ഥാനനഗരത്തിൻെറ 200-ം, 150-ം, 90-ം, കിലോമീററർ വരെ സമീപിച്ചു സമരം നടത്തി. താല്ക്കാലികമായി തലസ്ഥാനം ക്യൂബിഷേവിലേക്കു മാററപ്പെട്ടു. ഒരു നിമിഷത്തിനിടയിൽ മോസ്കോ കീഴടങ്ങാൻപോകുന്നതുകൊണ്ടല്ല അങ്ങനെ ചെയ്തതു്. ഒക്ടോബർ 13-ാംതീയതി മോസ്കോ പാർട്ടിസംഘടനയുടെ നേതൃത്വത്തിൽ പ്രതിനിധിസമ്മേളനം വിളിച്ചുകൂട്ടി. തൊഴിലാളികളുടെ കമ്മ്യൂണിസ്റ്റ് ബ്രിഗേഡുകൾ സംഘടിപ്പിക്കുവാൻ ഡിസ്ട്രിക്ക് കമ്മററികൾക്കു നിർദ്ദേശം നല്കി. 13-ം, 14-ം, തിയതികളിൽ ഡിസ്ട്രിക്ക് പാർട്ടി ആഫീസുകൾ കമ്മ്യൂണിസ്റ്റ് ബ്രിഗേഡുകളിൽ ചേരുവാൻ സന്നദ്ധരായിവന്ന ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. പ്രിയപ്പെട്ട സന്താനങ്ങളെപ്പോലും ഉപേക്ഷിച്ചു് തലസ്ഥാനനഗരത്തെ സംരക്ഷിക്കുവാൻ സ്ത്രീപുരുഷഭേദംകൂടാതെ ജനങ്ങൾ തിങ്ങിക്കൂടി. ഇരുന്നൂറുപേരെ ആവശ്യപ്പെട്ടപ്പോൾ ആയിരക്കണക്കിനു ബ്രിഗേഡിൽ ചേരുവാൻ ജനത മുന്നോട്ടുവന്നു. മൂന്നു ദിവസം കഴിഞ്ഞു ഈ ബ്രിഗേഡുകളെ ബററാലിയനുകളായി സംഘടിപ്പിച്ചു. മിലിട്ടറി സ്കൂളിൽനിന്നും, ബാറ

ക്ലിൽനിന്നും പരിശീലനം നല്കിയതിനുശേഷം, ബ്രിഗേഡുകളെ റജിമെന്റുകളാക്കി സംഘടിപ്പിച്ചു. രണ്ടുമൂന്നു ദിവസത്തിനകം റജിമെന്റുകളെ ഡിവിഷനുകളാക്കി മാററി. ഇതിൽ 50 ശതമാനംപേർ കമ്മ്യൂണിസ്റ്റ്പാർട്ടിയിലോ, യങ്ങ് കമ്മ്യൂണിസ്റ്റ്ലീഗിലോ മെമ്പറന്മാരാണ്. ഈ ഡിവിഷനുകളെ കമ്മ്യൂണിസ്റ്റ് ഡിവിഷനുകളാക്കി തിരിച്ചു. എല്ലാ ഡിവിഷനുകളേയും ഒന്നായി മുന്നണിയിലേക്കയച്ചില്ല. തലസ്ഥാനനഗരത്തിനു പുറത്ത്, ശത്രുക്കളെ നേരിടുവാൻ കുറച്ചു ഡിവിഷനുകളെ പിന്നിൽ അണിനിരത്തി. മററു ജനങ്ങളെ വാളന്റിയർമാരായി സംഘടിപ്പിച്ചു. ജർമ്മൻ ആക്രമണം തുടൻകൊണ്ടിരുന്നു. ഇവരെ നേരിടുവാനായി ചെമ്പടയുടെ പുതിയ യൂനിററുകൾ വന്നുചേൎന്നുകൊണ്ടിരുന്നു. ശത്രുക്കൾ മോസ്കോയുടെ പടിവാതിക്കലെത്തിയ അവസരത്തിൽ മോസ്കോയിലെ പടയാളികളും ജനങ്ങളും മുഴുവൻ ശക്തിയും ഉപയോഗിച്ചു ഡിസംബർ 5-ാംതീയതി ശത്രുക്കളെ പ്രത്യാക്രമിച്ചു. സ്റ്റേററ് ഡിഫൻസ് കമ്മററിയുടെ നേതാവായ സ്റ്റാലിൻതന്നെ ജനങ്ങൾക്ക് നേതൃത്വം നല്കി. സോവിയററിന്റെ മഹത്വമേറിയ പാരമ്പര്യമനുസരിച്ച് നവംബർ 6, 7, എന്നീ തീയതികളിൽ മോസ്കോയിൽ യോഗം ചേൎന്ന്, സൈനികപരേഡ് നടത്തി. യോഗത്തിലും പരേഡിലും സ്റ്റാലിൻ പ്രസംഗിച്ചു. ഈ ദിവസങ്ങളിലെല്ലാം ജർമ്മൻകാർ മോസ്കോയുടെ ഗെയിററിൽ നിന്നിരുന്നു. രാവും പകലും ശത്രുക്കൾ ആകാശാക്രമണം നടത്തി. ലക്ഷക്കണക്കിനു മോസ്കോനിവാസികൾ തങ്ങളു

ടെ രക്തംകൊണ്ടു കോട്ട നിർമ്മിച്ചു. തണുപ്പും ചൂടും സഹിച്ചു് ചളിയിലും മഞ്ഞിലും നിന്നു സമരം ചെയ്തു. ഒരേ വസ്ത്രം ധരിച്ചുകൊണ്ടുതന്നെ അവർ വളരെ ദിനരാത്രങ്ങൾ പടപൊരുതി. ഭയങ്കരമായ തണുപ്പിലും കല്ക്കരി ഉണ്ടായിരുന്നില്ല. നഗരം പട്ടാളക്യാമ്പായി മാറിയിരുന്നു. രാത്രി മുഴുവൻ ജനങ്ങൾ ഫാക്ടറികളിൽ കഴിച്ചുകൂട്ടി. പകൽ രണ്ടോ മൂന്നോ മണിക്കൂർ മാത്രം ഉറങ്ങാൻ സമയമുണ്ടായിരുന്നുള്ളു. വ്യവസായശാലകൾ എല്ലാം മോസ്കോ രക്ഷയ്ക്കു വേണ്ടിയുള്ള ആയുധങ്ങൾ നിർമ്മിച്ചു. ആകാശാക്രമണസമയത്തു വിദ്യാർത്ഥികൾ ഏ. ആർ. പി. പ്രവർത്തനം നടത്തി. ബാലികാബാലന്മാരും യുദ്ധത്തിൽ പങ്കെടുത്തു. മുന്നണിയും പിന്നണിയും ഉറച്ച ഐക്യത്തോടുകൂടി ശത്രുസൈന്യത്തെ പരാജയപ്പെടുത്തി. ഡിസംബർ 5-ാംതീയതി റിസർവ് സേനകളെല്ലാം മോസ്കോയിൽ കേന്ദ്രീകരിച്ചു. ശത്രുക്കളെ കടന്നാക്രമിക്കുവാൻ തുടങ്ങി. ഉരുകിയൊഴുകുന്ന മഞ്ഞിൻകട്ടകളിൽക്കൂടിയാണു് പ്രത്യാക്രമണം നടത്തിയതു്. മോസ്കോ സ്വാതന്ത്ര്യപ്രേമത്തിൻെറയും വീരോചിതസമരത്തിൻെറയും രക്തസാക്ഷിയാണു്—തൊഴിലാളിവർഗ്ഗത്തിൻെറ ആരാധനാക്ഷേത്രമാണു്—അക്രമികളുടെ ശവക്കുഴിയാണു്.

1941 ജൂൺ മുതൽ നവംബർ വരെ ചെമ്പട സുശക്തമായിരുന്നു. മിന്നൽയുദ്ധത്തെ പൊളിക്കാനുള്ള തന്ത്രത്തോടുകൂടി ആദ്യം പടയാളികൾ പിന്മാറി. യുദ്ധം ദീർഘിക്കുന്നതോടൊപ്പം ചെമ്പട കഷ്ടതയിലാണെങ്കിലും, അതിൻെറ ശക്തി പെരുകിവന്നു. ചെമ്പട കൂലിപ്പട്ടാ

ളമായിരുന്നില്ല. മാതൃഭൂസേവനത്തിനുള്ള തൊഴിലാളികളുടെ സേനയായിരുന്നു അതു്.

സ്റ്റാലിൻഗ്രാഡ്:— ലോകചരിത്രത്തിൽ വിസ്മയം കൊള്ളിച്ച ഒരേയൊരു യുദ്ധമായിരുന്നു സ്റ്റാലിൻഗ്രാഡ് സമരം. മദ്ധ്യയൂറോപ്പിലെ മുതലാളിവർഗ്ഗത്തിന്റെ സഹായത്തോടുകൂടി പത്തു വർഷക്കാലമായി വളർന്നുകൊണ്ടിരിക്കുന്ന നാസിസവും, തൊഴിലാളിവർഗ്ഗത്തിന്റെ പിൻബലത്തോടുകൂടി 25 വർഷക്കാലം വളർന്നുവന്ന സോവിയററു സമുദായവും തമ്മിലുള്ള സംഘട്ടനമായിരുന്നു അതു്. ഇരുപത്തിനാലു മണിക്കൂർവീതം രണ്ടു മാസം ആകാശത്തിലും ഭൂമിയിലും ഘോരസമരംനടന്നു. 1942 നവംബർ 19-ാംതീയതി നാസികൾക്കെതിരായി പ്രത്യാക്രമണം ആരംഭിച്ചു. ശത്രുവിൻെറ 22 ഡിവിഷൻ സേനകളെ വളഞ്ഞു. ആക്രമണം നശിപ്പിക്കത്തക്കവിധം സംഹാരം നടത്തി. ജാപ്പ് ആക്രമണത്തിൻെറ കരിന്നിഴൽ ബാധിച്ച ഇന്ത്യൻ ജനതയ്ക്കു് നവംബർ 19-ാംതീയതി സ്മരണീയദിനമാണു്. ഇന്ത്യയെ ആക്രമിക്കുവാൻ കരുക്കളെ സന്നദ്ധമാക്കിയ ജാപ്പ് ഫാസിസത്തിൻെറ പരിപാടികൾക്കു വിഘ്നംവരുത്തിയതു് ഈ ദിനമായിരുന്നു.

ചുകപ്പുപടയുടെ സ്റ്റാലിൻഗ്രാഡ് വിജയം സോവിയററു ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം കുറിച്ചു. ആദ്യത്തെ തിരിച്ചടി തുടർച്ചയായ വിജയത്തിൻെറ നാന്ദിയായിരുന്നു. രണ്ടുമാസത്തെ കടന്നാക്രമണത്തിൻെറ ഫലമായി 1943 ജനുവരി 25-ാംതീയതി നാസിപട്ടാളത്തിൻെറ 102 ഡിവിഷനുകളെ നാമാവശേഷമാക്കുകയും രണ്ടു

ലക്ഷംപേരെ തടങ്കൽപുള്ളികളായി പിടിക്കുകയും, ശത്രുവിൻെറ ഒട്ടധികം യുദ്ധക്കോപ്പുകൾ നശിപ്പിക്കുകയും ചെയ്തു. അതു് ലെനിൻഗ്രാഡ് തിരിച്ചുപിടിക്കുവാനുള്ള അടിത്തറയിട്ടു. 1944 ജനവരിയിൽ ലെനിൻഗ്രാഡിൽ നിന്നു് ജർമ്മൻകാരെ ഓടിച്ചു പരാജയപ്പെടുത്തി. സ്റ്റാലിൻഗ്രാഡിൻെറ വിജയത്തോടുകൂടി ചുകപ്പുസേനയുടെ വിജയസുദിനമായി. വർസനിൽനിന്നും മാർക്കോവിൽ നിന്നും ലെനിൻഗ്രാഡിൽനിന്നും ജർമ്മൻപടയ്ക്കു ചുട്ട പ്രഹരങ്ങൾ ലഭിക്കുകയാൽ പിന്മാറേണ്ടിവന്നു. ഈ പിന്മാററങ്ങൾ ചുകപ്പുസേനയുടെ ശക്തികൊണ്ടല്ല, ജർമ്മൻകാരുടെ തന്ത്രമാണെന്നും മുൻകൂട്ടി പ്ലാൻ ചെയ്തിട്ടുള്ളതാണെന്നും അമേരിക്കയിലേയും ബ്രിട്ടനിലേയും വിഷിഏജണ്ടന്മാരും അവരുടെ പത്രങ്ങളും പ്രലപിച്ചു.

യഥാത്ഥത്തിൽ ഫാഷിസ്റ്റ് ജർമ്മനിയും അതിൻെറ കാട്ടാളന്മാരും ആഭ്യന്തരമായും സാർവദേശീയമായും ക്ഷയിച്ചുവരികയായിരുന്നു.

റഷ്യയിലെ തൊഴിലാളികളും കൂട്ടുകൃഷിക്കാരും സ്നേഹബന്ധംപുലത്തിപ്പോരുന്ന സോവിയററുഭരണത്തിൻ്റെ അടിത്തറയിന്മേലാണു് ചുകപ്പുപടയുടെ ശക്തി കെട്ടിപ്പടുത്തിട്ടുള്ളതു്.

ചുകപ്പുസേന ജന്മഭൂമിയുടെ സ്വാതന്ത്ര്യത്തെയും മനോഹാരിതയേയും നിലനിത്തുവാൻ യുദ്ധംചെയ്യുന്നു. സോവിയററിലെ 19 കോടി ജനങ്ങളുടെ യുദ്ധലക്ഷ്യവും ഇതാണു്. ജനകീയയുദ്ധം വിജയിപ്പിക്കുവാൻ ഉല്പാദനശക്തി വർദ്ധിപ്പിക്കുന്ന പിന്നണിയാണു് അവിടെ ഉള്ള.

ത്ത്. എല്ലാ ജനവിഭാഗങ്ങളും യുദ്ധഫണ്ടിലേക്കു സംഭാവന ചെയ്യുന്നു. എല്ലാ ദേശീയവിഭാഗങ്ങളും സോവിയററിന്റെ ചുകപ്പുസേനയിൽ ഏകീകരിക്കുന്നു. റഷ്യാക്കാരും, ഉക്രേനിയൻസും, ബിലോ റഷ്യാക്കാരും, ബാഷ്ക്കീർകാരും, ആർമീനിയൻസും, ഉസ്ബെക്ക്സും, ജോർജ്ജിയൻസും ടാടാർ വിഭാഗവും, എന്നുവേണ്ട സോവിയററിലെ എല്ലാ ദേശീയവിഭാഗങ്ങളും തോളോടു തോൾ ചേർന്നിന്നു ജർമ്മനിക്കെതിരായി യുദ്ധംചെയ്തു. ചുകപ്പുസേനയിൽ ന്യൂനപക്ഷക്കാരും ഉൾപ്പെട്ടിട്ടുണ്ട്. പടയാളികളിൽ 187178 റഷ്യൻസും, 34344 ഉക്രേനിയൻകാരും, 7210 ബിലൊ റഷ്യൻസും, 450 അസർബെയിജേനിയൻസും, 1322 ജോർജ്ജിയാക്കാരും, 1306 അർമീനിയൻസും, 162 കൊസാക്ക്സും, 142 കിർഗീസുകാരും, 505 കരേലിയൻസും, 103 ഫിൻസും, 193 മോൾഡേവിയൻസും, 29 ലിത്വാനിയക്കാരും, 671 ലാററ്വിയാക്കാരും, 73 ഇസ്റ്റോണിയൻസും, 4384 ടാർട്ടാർവർഗ്ഗവും, 687 ബാഷ്ക്കീർസും, 1742 മോർസോവിയൻസും, 400 ഉഡ്മർട്സും, 1368 ചെവാഷ്ക്കാരും, 356 ഓസ്ടിൻസുമാണ്.

ഹിററ്ലർക്കെതിരായ യുദ്ധത്തിൽ ചുകപ്പുസേനയുടെ ഉരുക്കുവിഭാഗമായ ബോൾഷെവിക്കുകാർ നിർഭയരായി സധീരം യുദ്ധംചെയ്തു.

ചുകപ്പുപടയുടെ ശക്തിയെ നിലനിർത്തിയതു ഒളിപ്പോരുകാരാണ്. സമരതന്ത്രത്തിലും ചുകപ്പുസേനാനായകർ സമർത്ഥരാണ്. സുഖോവ്, വൊറൊനോവ്, വസി

ലേവസ്കി എന്നീ സേനാനായകന്മാരും, റോക്കൊസോവസ്കി, ഗോലിക്കോവ്, ലില്യഷെങ്കൊ, മലിനൊവസ്കി എന്നീ ജനറലന്മാരും, "സുവോറോവ് ഓഫ് ദിഫൻസ്" എന്ന ബഹുമതി സമ്പാദിച്ചവരാണ്. പൊതുജനങ്ങൾ പോലും ചുകപ്പുസേനയ്ക്ക് ആയുധങ്ങൾ നിർമ്മിച്ചുകൊടുത്തു.

ചുകപ്പുസേനയുടെ നേതൃത്വം ഏറ്റെടുത്തതു ജോസഫ് സ്റ്റാലിനായിരുന്നു. ലെനിനും സ്റ്റാലിനും സൃഷ്ടിച്ച സ്വാതന്ത്ര്യജനതയുടെ സൈന്യമാണ് ചുകപ്പുപട. 1914-ലെ യുദ്ധത്തിൽ ജർമ്മനിക്കു 85 ഡിവിഷ്യനിലധികം സൈന്യങ്ങൾ ഉണ്ടായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനി 179 ഡിവിഷ്യൻ സൈന്യങ്ങളേയാണ് സോവിയററിന്റെ നേക്കു തിരിച്ചുവിട്ടതു്. റുമേനിയായുടെ 22-ം, ഫിൻലണ്ടിന്റെ 14-ം ഇററലിയുടെ 10-ം, ഹങ്കറിയുടെ 13-ം, സ്ലോവാക്കിയുടേയും സ്പെയിനിന്റെയും ഓരോന്നും ഡിവിഷനായിരുന്നു ജർമ്മൻസേന. നെപ്പോളിയന്റെ 6 ലക്ഷം സൈന്യത്തിൽ 30000പേർ മാത്രമെ മോസ്കോയിലെത്തിയിരുന്നുള്ളു. ഈ യുദ്ധത്തിൽ 30 ലക്ഷം ജർമ്മൻപടയാളികളാണ് സോവിയററിനെ വളഞ്ഞതു്. സോവിയററുജനതയും ചുകപ്പുസേനയും ഒരേ കുടുംബത്തിൽ കഴിഞ്ഞുകൂടുന്നവരെപ്പോലെ ജീവിക്കുന്നു.

ചുകപ്പുസേന എല്ലാ ദേശീയവിഭാഗങ്ങളുടെയും സാഹോദര്യത്വത്തിന്റെയും ഐക്യത്തിന്റെയും പാഠശാലയാണ്. സാറിസ്റ്റ് റഷ്യയിൽ കൊസാക്കുകൾ,

ഉസ്ബെക്ക്സ്, കിർഗീസ് തുടങ്ങിയ ദേശീയവിഭാഗങ്ങളെ സേനയിൽ ചേർത്തിരുന്നില്ല. ഏതു ന്യൂനപക്ഷത്തിനും സോവിയററിൽ സ്വയംഭരണമാണ്. ദേശീയവിഭാഗങ്ങളുടെ നാഷണൽ റിപ്പബ്ലിക്കുകൾ ചേർന്നതാണ് യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്സ്.

ലഫ്ററനൻറ് ബ്രസ്സും.ക്കോവിൻെറ നേതൃത്വത്തിലാണ് ശത്രുവിനെ ലെനിൻഗ്രാഡിൽ വെച്ചു നേരിട്ടുകൊണ്ടിരുന്നതു്. ഈ സൈന്യത്തിൽ 11 ദേശീയവിഭാഗക്കാരായ ചുകപ്പുപടയാളികൾ ഉണ്ടായിരുന്നു. ഓരോ വിഭാഗവും വ്യത്യസ്ഥഭാഷകൾ സംസാരിച്ചിരുന്നു. എന്നാൽ അവരുടെ പ്രവർത്തനമെല്ലാം ഒരേ ലക്ഷ്യത്തിനുവേണ്ടിയുള്ളതായിരുന്നു. ചൂഷണവർഗ്ഗത്തിൻെറ മേധാവിത്വത്തിൽ നിന്ന് തൊഴിലാളിവർഗ്ഗത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ ഒക്ടോബർ വിപ്ലവത്തിൻെറ സന്താനമാണ് ചുകപ്പുസേന.

## സർവ്വും ചുകപ്പുപടയ്ക്കു്

രാഷ്ട്രത്തിൻെറ സർവ്വ കഴിവുകളും രക്തസേനയ്ക്കു് എന്നാണ് ചുകപ്പു സേനാധിപന്മാരുടെ ആഹ്വാനം. ഇതിൻെറ ഫലമായി 1943 ഫെബ്രുവരിയിൽ 172-ാം നമ്പ്ര മൊളോട്ടോവ് വർക്കിലെ തൊഴിലാളികൾ തങ്ങളുടെ ഉല്പാദനം 1942-നെ അപേക്ഷിച്ചു 100 ശതമാനം വർദ്ധിപ്പിച്ചിരുന്നു. രണ്ടാഴ്ചകൊണ്ട് ടാംബോവിലെ കൃഷി

ക്കാർ, ടാങ്കു നിർമ്മിക്കുവാൻ 400 മില്യൻ റൂബിൾ പിരിച്ചെടുത്തു. സാറട്ടോവിലെ കൂട്ടുകൃഷിക്കാരനായ "ഫറാപോണ്ട് ഗോലൊവതീ" തൻെറ അകെയുള്ള സമ്പാദ്യമായ ഒരു ലക്ഷം റൂബിൾ പോർ വിമാനം സൃഷ്ടിക്കുവാൻ യുദ്ധഫണ്ടിലേക്കു സംഭാവന ചെയ്തു.

മുന്നണിയും പിന്നാണിയും തമ്മിലൈക്യം:— സോവിയററുസേനയിലെ ഓരോ പടയാളിയും പിന്നണിയിലേക്കുവരുന്ന അവസരത്തിൽ ജനങ്ങൾ അവരെ ആഘോഷപൂർവ്വം സ്വീകരിക്കുന്നു. അവരെ നാട്ടുകാർ സഹായിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഓരോ ഭടൻെറ കുടുംബവും സോവിയററിൻെറ സഹായത്തോടുകൂടി സംരക്ഷിക്കപ്പെടുന്നു. തൊഴിൽ പരിശീലനവും നല്കുന്നു. കൂടാതെ ഗവമ്മെൻറിൽനിന്ന് അലവൻസും ലഭിക്കുന്നു. ചുകപ്പുപടയും ജനങ്ങളും തമ്മിൽ അഭേദ്യമായ ബന്ധം സൃഷ്ടിക്കുന്നതുമൂലം ശത്രുവിനെ ജനങ്ങളിൽനിന്നു യാതൊരുവിധമായ ആനുകൂല്യവും സോവിയററിൽ ലഭിക്കുന്നതല്ല. സോവിയററിൻെറ ഏതു ദേശീയവിഭാഗമായാലും, ഒരേ കുടുംബത്തിൻെറ സന്താനമായി ചുകപ്പുസേന നിലകൊള്ളുന്നു.

ചെമ്പടയും ചുകപ്പുസേനയും:— ജമ്മൻ പടയാളികൾ പരിശീലനം സിദ്ധിച്ച ക്രിമിനത്സാണു്. അവരുടെ ആക്രമണമാകട്ടെ പ്ലേഗിനു സമമാണു്. ലെനിൻ 1918-ൽതന്നെ കൊള്ളക്കാരുടെ പട്ടാളമെന്നു ജമ്മൻ സേനയെ വിളിച്ചിരുന്നു. ഫാസിസ്ററുപടയുടെ പ്രാഥ

മികവിജയം യുദ്ധത്തെ വേഗം അവസാനിപ്പിക്കുകയല്ല ചെയ്തതു്. മോസ്കോപ്രാന്തങ്ങളിൽ നാസിപ്പട 112 ലൈബ്രറിയും, 4 കാഴ്ചബംഗ്ലാവും, 54 സിനിമാമന്ദിരങ്ങളും, കൊള്ളചെയ്തു നശിപ്പിച്ചു. 42 പള്ളികൾ ചുട്ടു ചാമ്പലാക്കി. 7000 പേർ കെർച്ചിലും, 14000 ഖാർക്കോവിലും, 12000-ൽ അധികം മിൻസ്കിലും, 50000 കണക്കിനു കീവിലും വെടിവെച്ചു കൊല്ലപ്പെട്ടു. 28000 നാട്ടുകാരെ ബിലൊറഷ്യൻപട്ടണത്തിൽ കശാപ്പുചെയ്തു. ലോട്ടോഷ്യൻസ്കു് ജില്ലയിലെ 13 കുടുംബങ്ങളെ തീയിലിട്ടു കൊന്നുകളഞ്ഞു. 153 സ്ത്രീകളെ തൂക്കിക്കൊന്നു. ത്യാഗത്തോടുകൂടി മാതൃഭൂമിക്കുവേണ്ടി സമരം നടത്തുവാനാണു് ചുകപ്പുസേന ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

സ്വാതന്ത്ര്യം പുലരുന്നു:- സോഷ്യലിസ്റ്റ്രാഷ്ട്രത്തെ വലയംചെയ്ത വിപത്തു് ലോകസ്വാതന്ത്ര്യത്തിനെതിരായുള്ള വിപത്തായിരുന്നു. യൂറോപ്പിൽനിന്നു് ഹിററ്ലറിസം നശിച്ചതോടുകൂടി അടിമരാഷ്ട്രങ്ങൾ സ്വാതന്ത്ര്യകാഹളമൂതി, ഉയത്തെഴുന്നേററു. ഫ്രാൻസു്, ഇററലി, ബൽജിയം, യുഗോസ്ലേവിയാ, ബൾഗേറിയാ, റുമേനിയാ, നോർവെ തുടങ്ങിയ രാജ്യങ്ങൾ ജനകീയഗവമ്മെണ്ടുകൾക്കായി സംഘടിച്ചു. ജമ്മനിയിൽ പ്രവേശിച്ച റഷ്യൻ സൈന്യം കിഴക്കൻപ്രഷ്യയിൽ അടിയുറപ്പിച്ചു നിന്നുകൊണ്ടു ഹിററ്ലറിസത്തിൻെറ ചുടുകാട്ടു് നിമ്മിച്ചു. ചെമ്പട സോഫിയായിൽ പ്രവേശിച്ചപ്പോൾ അരിവാളും ചുററികയും അങ്കിതമായിട്ടുള്ള ചെങ്കൊടി

കറം പിടിച്ചുകൊണ്ടു ബറംഗേറിയൻ ജനങ്ങറം റഷ്യൻ സഖാക്കളെ അഭിവാദ്യംചെയ്തു. ഫാഷിസത്തിൻെറ ചിതാഭസ്മത്തിൽനിന്നുയത്തെഴന്നേററ യൂറോപ്പിലെ 14 രാജ്യങ്ങറം ജനകീയഭരണം നടപ്പിലാക്കിയിരിക്കുന്നു. ഫാഷിസ്റ്റനുകൂലികളായ സ്പെയിനും പോർട്ടുഗലും, നിഷ്പക്ഷനില സ്വീകരിച്ച സ്വിററ്സർലണ്ടും സ്വീഡനും, സാമ്രാജ്യാനുകൂലികളായ ഹോളണ്ടും ഗ്രീസും മാത്രമാണ് സോവിയററുമായി സഹകരിക്കുവാൻ വൈമനസ്യം പ്രകടിപ്പിക്കുന്നത്.

സ്റ്റാലിൻ മാല്യംചാത്തുന്നു:— 1945 ഫെബ്രുവരി 23-ാംതീയതി ബർലിനിൽനിന്നു 55 മൈൽ തെക്കുകിഴക്കും, ഫ്രാങ്ക്ഫർട്ടിൽനിന്നു 30 മൈൽ തെക്കുമാറി സ്ഥിതിചെയ്യുന്ന ഗൂബൻെറ പൂർവ്വഭാഗത്തേയ്ക്കു റഷ്യൻസൈന്യം ഇരച്ചുപാഞ്ഞുകയറുകയായിരുന്നു. നാല്പതു ദിവസത്തെ ആക്രമണംമൂലം 8 ലക്ഷം ജമ്മൻഭടന്മാരെ ചെമ്പട കൊന്നൊടുക്കി. 3½ ലക്ഷം പേരെ തടവുകാരാക്കി. 27-ാം വാർഷികത്തിൽ ഈ പ്രസ്താവനകൊണ്ടാണ് സ്റ്റാലിൻ ചെമ്പടയുടെ കഴുത്തിൽ മാല്യം ചാത്തിയത്.

1945 മെയ് 1-ാംതീയതി ഉച്ചയ്ക്കുശേഷം ഹിററ്ലർ അന്തരിച്ചതായും, അഡ്മിറൽ ഡോണററ്സ് അടുത്ത ഫ്യൂറർ ആയിരിക്കുമെന്നും ജമ്മൻ റേഡിയോ പ്രസ്താവിച്ചു. മെയ് 1-ാം തീയതി ചെമ്പട ബർലിൻ പട്ടണം കൈവശപ്പെടുത്തി. ഡോണററ്സ് ബ്രിട്ടീഷ് അമേരിക്കൻ സേനകറംക്കു കീഴടങ്ങാൻ തയാറാണെന്നും

ഷുകക്ഷ്യസേനയ്ക്കു് അടിപണിയാൻ സമ്മതമല്ലെന്നും പ്രഖ്യാപിക്കുകയുണ്ടായി. ത്രിശക്തികൾ, എന്നാൽ ഇതിനെ നിരാകരിക്കുകയാണു് ചെയ്തതു്. മെയ് 7-ാംതീയതി ഫ്രഞ്ച്, സമയം 2—41-ന് ജർമ്മനി നിരുപാധികമായി കീഴടങ്ങിയെന്നു് ഐക്യകക്ഷികൾ ഔദ്യോഗികപ്രഖ്യാപനം ചെയ്തു. റെയിംസിൽ ഒരു പള്ളിക്കൂടത്തിൽ വെച്ചാണു് കീഴടക്കത്തിനുള്ള ഉടമ്പടിക്കു് ഒപ്പുവെച്ചതു്. ചെമ്പടയ്ക്കുവേണ്ടി ജനറൽ ഇവാൻസു ബ്ലോപ്പെറേറഡു് കീഴടക്കവ്യവസ്ഥയിൽ ഒപ്പുവെച്ചു. ഫാഷിസം ശവക്കല്ലറയിൽ മണ്ണടിഞ്ഞു. 1945 സെപ്റ്റംബർ 2-ാംതീയതി ഏഷ്യൻ ജനതയെ നാശക്കുഴിയിലേക്കു് ആഴ്ത്തിക്കൊണ്ടിരുന്ന ഉദയസൂര്യനായ ഹിറോ ഹിറ്റോയുടെ പരാക്രമങ്ങളും അസ്തമിച്ചു.

യുദ്ധാനന്തരം ഉണ്ടാകാവുന്ന ക്ഷാമത്തിൽ നിന്നും അവശതയിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ വേണ്ട നടപടികൾ റഷ്യ കൈക്കൊണ്ടിട്ടുണ്ടു്. യുദ്ധത്തിനു മുൻപ് തൊഴിലില്ലാത്തവരായി സോവിയററിലാരും ഉണ്ടായിരുന്നില്ല. ജൂൺ 23-ാംതീയതി തിരിച്ചുവരുന്ന പടയാളികൾക്കായി സോവിയററു സുപ്രീം പാർലിമെൻറു് ഒരു നിയമം അംഗീകരിച്ചിട്ടുണ്ടു്. ആ നിയമങ്ങളുടെ സംക്ഷിപ്തം ഇങ്ങനെ സമാഹരിക്കാം:—

1. പടക്കളത്തിൽ നിന്നു് വീട്ടിലെത്തുവാനുള്ള യാത്രച്ചെലവും ഭക്ഷണച്ചെലവും ഗവമ്മെൻറു് വഹിക്കണം.

2. തിരിച്ചുവരുമ്പോൾ ഒരു സെററ് ഉടുപ്പ് എല്ലാ പടയാളികൾക്കും ഗവമ്മെൻറ് നല്കണം.

3. പട്ടാളസേവനത്തിൻെറ യോഗ്യത അനുസരിച്ച് ഓരോരുത്തക്കും ഒരു മൊത്ത സംഖ്യ ഗവമ്മെൻറ് കൊടുക്കണം.

4. തിരിച്ചുവന്ന ഒരു മാസത്തിനകം അതാതിടത്തെ ഗവമ്മെൻറ് സ്ഥാപനങ്ങളും ഫാക്ടറി മാനേജരന്മാരും കൂടി ആലോചിച്ച് ഓരോരുത്തക്കും തൊഴിൽ കൊടുക്കേണ്ടതാണ്. പട്ടാളത്തിൽ അവക്ക് കിട്ടിയ പുതിയ പരിശീലനവും കഴിവുകളും തികച്ചും ഉപയോഗിക്കത്തക്കവിധവും, മുമ്പ് അവക്കുണ്ടായിരുന്നതിൽ കുറയാത്തതുമായ ഒരു ജോലിയായിരിക്കണം ഓരോരുത്തക്കും നല്കേണ്ടതു്.

5. നാട്ടിൻപുറങ്ങളിലെ പ്രാദേശികസ്ഥാപനങ്ങളും കൂട്ടകൃഷിസ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തേയ്ക്കു മടങ്ങിവരുന്ന പട്ടാളക്കാക്ക് ഒരു മാസത്തിനകം ജോലിയും വാസസ്ഥലവും അതിന്നു വേണ്ട ഭൂമിയും മററു സൗകയ്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

6. വീടു പണിയാനും മററുമായി വില കൊടുക്കാതെ മരങ്ങൾ വെട്ടാൻ പിരിച്ചുവിട്ട പട്ടാളക്കാരനെ അനുവദിക്കണം; വീടു പണിയാനും മററുമായി പണം ആവശ്യമുണ്ടെങ്കിൽ ഗവമ്മെൻറു ബാങ്കുകൾ 5000 മുതൽ 10000 വരെ റൂബിൾ 5 — 10 വഷംകൊണ്ടു തിരിച്ചു

കൊട്ടക്കത്തക്കവിധം കടമായി അനുവദിക്കണം. ഈ നിയമം പാർലിമെന്റിൽ അവതരിപ്പിച്ചുകൊണ്ടു പ്രസിഡന്റ് കലിനിൻ ഇങ്ങനെ പ്രസംഗിക്കുകയുണ്ടായി:—"ഈ നിയമംമൂലം സോവിയററ് പാർലിമെന്റ് നമ്മുടെ മാതൃഭൂമിക്ക് അതിൻെറ ധീരന്മാരായ പട്ടാളസന്താനങ്ങളോടുള്ള നിസ്സീമമായ വാത്സല്യവും ആദരവും ക്രമം പ്രകടിപ്പിച്ചിരിക്കുന്നു. ഈ നിയമത്തിലെ വകുപ്പ് ഒരുപക്ഷേ, ലോകത്തിൽ മറെറാരിടത്തും ഇല്ലാത്ത നിയമനിർമ്മാണമായിരിക്കും. അതിലത്ഭുതമില്ല കാരണം, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിലെ നിയമനിർമ്മാണത്തിൽ മാത്രമേ അതു് സാദ്ധ്യമാവൂ."

സോവിയററ് റിപ്പബ്ലിക്കിൻെറ പുരോഗതിക്കു താങ്ങും തണലുമായി നില്ക്കുന്നതു ചെമ്പടയുടേയും ജനങ്ങളുടേയും ഗവമ്മെൻറിന്റേയും ഐക്യം ഒന്നുമാത്രമാണു്.

---

ശുഭം.

THE TAYAM PUBLIC LIBRARY

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. 900 Acc. No. 2957

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

900
VAR-A

2957

വറുഗീസ്വൈദ്യൻ . റ്റി . കെ

അത്ഭുതചിക്ക റച്ചി .

KOTTAYAM PUBLIC LIBRARY
Call No. 900 VAR-A Acc. No. 2957
Author [illegible]
Title [illegible]

Indic Digital Archive Foundation
gpura.org